T62
K96

ശ്രീവാസൻെറ

# വേദാന്തവിഹാരം

T 62
K.96

ഫാദർ ലൂക്ക് കുന്നത്തു്.

X K69
S. H. SCHOLASTICATE, CHANGANACHERRY, CHETHIPUZHA. CANCELLED

A. M. D. G.

# ശ്രീവാസൻെറ വേദാന്തവിചാരം

T 62 / K. 96

പരിഭാഷകൻ.
ഫാദർ ലൂക്ക് കുന്നത്തു്.

DHARMARAM COLLEGE LIBRARY, BANGALORE.

കോപ്പി 4000.] [വില. ണ.
1935.

70759

Printed at
the Jubilee Memorial Press,
Alwaye

(പകർപ്പവകാശം എസ്. എച്ചു്. ലീഗിന്)

NIHIL OBSTAT,

Fr. John Joseph, O. C. D.,
RECTOR.

*Ap. Seminary,*
*Mangalapuzha,*
*15-10-35.*

IMPRIMATUR,

† Joseph Attipetty,
ABP., VERAPOLY.

*Ernakulam,*
*1st. Nov. '35.*

# സമർപ്പണം

ചങ്ങനാശ്ശേരിരൂപതയിലുൾപ്പെട്ട ചെരിപ്പുക്കൽ മാർ സ്ലീവാപ്പള്ളി ഇടവകയിലുള്ള പുരാതനമായ പള്ളിയോടിൽ കുടുംബക്കാരുടെ തൊട്ടതിലകമായി, സ്വാനുഗാമികളായ വൈദികർക്കു കൃത്യനിർവ്വഹണനിരതിയുടേയും ആർജ്ജവഗുണതൽപരതയുടേയും വിശേഷാദർശമായിപ്പരിലസിക്കുന്ന, എൻെറ പിതൃവ്യൻ അയ്യക്കാനാൽ പെ. ബ. തോമ്മാച്ചൻ, തൻെറ പതിനഞ്ചാമത്തേ ഭരണസ്ഥലമായ രാമപുരം ഫൊറാനാപ്പള്ളിയിൽവച്ചു് സ്വനവപൂജാർപ്പണത്തിൻെറ നാല്പതാംവത്സരം പൂർത്തിയാക്കുന്ന ഈ സൗഭാഗ്യവേളയിൽ എനിക്കു് അദ്ദേഹത്തിൻെറ നേർക്കുള്ള സ്നേഹാദരങ്ങളുടെ ലക്ഷ്യമായും, എൻെറ നവപൂജാർപ്പണത്തിൻെറ സ്മാരകമായും എൻെറ വിനീത പരിശ്രമ ഫലമായ ഈ പുസ്തകത്തെ അദ്ദേഹത്തിൻെറ വദാന്യകരകമലങ്ങളിൽ സാദരം സമർപ്പിച്ചുകൊള്ളുന്നു.

എന്നു്,

മംഗലപ്പുഴ സെമ്മിനരി
ആലുവാ,
1935 ഡിസംബർ 23.

ആത്മീയ പുത്രൻ.
ഫാ. ലൂക്കു് കുന്നത്തു്
(പള്ളിയോടി.)

To The S. H. S. Library
By Rev. Fr Damasus C.D.
1946
S. H. SCHOLASTICATE
CHANGANACHERRY
CHETHIPUZHA

# ശ്രീവാസൻെറ വേദാന്തവിചാരം

## I

ഫാദർ ജോത്തി കോളേജ്ജ് പ്രൊഫസർായി ജോലി നോക്കുവാൻ തുടങ്ങിയിട്ട് ഇനിയും അധിക കാലമായിട്ടില്ല. ഒരു ദിവസം അദ്ദേഹം തൻെറ മുറിയിൽ ഇരുന്നു ജനലിൽക്കൂടി പുറത്തേക്കു നോക്കിക്കൊണ്ടിരിക്കയായിരുന്നു. അപ്പോൾ കോളേജ്ജ് വിദ്യാൎത്ഥികളിലൊരാളായ രാമസ്വാമി അദ്ദേഹത്തിൻെറ വസതിയെ സമീപിക്കുന്നതായിക്കണ്ടു. മന്ദബുദ്ധിയായ അയാളുടെ ആഗമനം, പഠനവിഷയങ്ങളെ സംബന്ധിച്ചു തന്നിൽനിന്നു വല്ലസഹായവും ലഭിക്കുന്നതിനായിരിക്കുമെന്ന് അദ്ദേഹം ഊഹിച്ചു. രാമസ്വാമി വാതലിനു സമീപം എത്തിയപ്പോൾ അദ്ദേഹം സുസ്മേരവദനനായി അയാളെ അകത്തേക്കു വിളിച്ചു.

ഫാദർ ജോത്തി:— "കൊള്ളാം, രാമസ്വാമീ, നിങ്ങൾ ഇപ്പോൾ എന്തിനായിട്ടാണു വന്നതു്? പഠനവിഷയത്തിൽ വല്ല ബുദ്ധിമുട്ടുകളും തോന്നുന്നുണ്ടോ? എനിക്കിപ്പോൾ അല്പം സമയമുണ്ടു്. നിങ്ങളെ സൎവ്വാത്മനാ സഹായിപ്പാൻ ഞാൻ സന്നദ്ധനാണു്".

രാമസ്വാമി:— "ഫാദർ അവിട്ടുന്ന് ഒരു മഹാമനസ്സൻ തന്നെ. മറെല്ലാസൎവ്വകലാശാലകളിലും ക്ലാസ്സ സമയത്തല്ലാതെ പഠിക്കണമെന്നുണ്ടെങ്കിൽ അതിനു പ്രത്യേകം ഫീസ് കൊടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇവിടെ എല്ലാ വൈദികാദ്ധ്യാപകന്മാരും തങ്ങളുടെ കീഴിലുള്ള വിദ്യാൎത്ഥികളെ എവിടെവച്ചും ഏതു സമയത്തും, അതും യാതൊരു പ്രതിഫലേച്ഛയും കൂടാതെ, സഹായിപ്പാൻ ഉൽസുകരും സന്നദ്ധരുമായിക്കാണപ്പെടുന്നു. എന്നിരുന്നാലും എന്റെ ആഗമനോദ്ദേശ്യം ഇതൊന്നുമല്ല. അങ്ങയോടു നിസ്സാരമായ ഒരു അഭ്യൎത്ഥന ചെയ്യുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ അതു പറയുന്നതിന് അല്പം ലജ്ജ തോന്നുന്നുമുണ്ട്".

ഫാ: ജോത്തി: – ഹേ! അതു സാരമില്ല. നിങ്ങളുടെ അഭിലാഷം സധൈൎയ്യം വെളിപ്പെടുത്തുക. എനിക്കു സാധിക്കുമെങ്കിൽ നിങ്ങളെ സഹായിപ്പാൻ ഞാൻ സന്നദ്ധനാണെന്ന് ഉറപ്പു നല്കുന്നു. അത് എന്നെക്കൊണ്ടു സാധിക്കുന്നതല്ലെങ്കിൽ എന്റെ ശക്തിക്കുറവിനെപ്പററി മനഃപൂൎവ്വം ദുഃഖിക്കാതെ ഗത്യന്തരമില്ല."

രാമസ്വാമി:— "ഫാദർ, കോളേജ് ഹോസ്റ്റലിലാണ് എന്റെ താമസം. അവിടെ ഞങ്ങൾക്കു ലഭിക്കുന്ന റൊട്ടി അത്ര നന്നല്ല. എന്നാൽ ഇവിടെയുള്ള വൈദികന്മാർക്കു നല്ലതരം റൊട്ടി ലഭിക്കുന്നതായി അറിവുകിട്ടി. അതിനാൽ ഇന്നുമുതൽ അത്തരം റൊട്ടി എനിക്കുകൂടി പതിവായി അയച്ചു തരുന്നതിന് അവിടുന്നു സദയം ഏൎപ്പാടു ചെയ്യുമെങ്കിൽ അതൊരു വലിയ സാഹായ്യമായിരിക്കും. വില ഞാൻതന്നെ നേരിട്ടുകൊടുത്തുകൊള്ളാം."

ഫാ: ജോത്തി:— "ഓ! ആ കാൎയ്യത്തിൽ വലിയ വൈ

ഷമ്യമൊന്നും ഉണ്ടെന്ന് എനിക്ക തോന്നുന്നില്ല. ഞാൻ ഒരു കത്ത് എഴുതിത്തരാം. അതു സദയം അയാൾക്കു കൊടുത്തു ശ്രമിച്ചു നോക്കുക.''

രാമസ്വാമി:— ''വളരെ ഉപകാരം, ഫാദർ നമസ്കാരം''.

ഫാദർ:— "നമസ്കാരം, രാമസ്വാമീ''

അനദ്ധ്യയനാവസരങ്ങളിൽ വിദ്യാൎത്ഥികളുമായി കൂടുതൽ പരിചയപ്പെട്ട്, അവരുടെ പ്രീതി സമ്പാദിക്കണമെന്നു തീവ്രമായി ആഗ്രഹിച്ചുകൊണ്ടിരുന്ന ഈ ഉത്തമ വൈദികനു രാമസ്വാമിക്കുവേണ്ടി ചെയ്യാൻസാധിച്ച നിസ്സാരസഹായം വലിയ സന്തോഷത്തിനു കാരണമായി. നിസ്സാരങ്ങളായ അളൂഹങ്ങൾ പല വലിയ കണ്ടുപിടിത്തങ്ങൾക്കുനിദാനമായി ബ്ഭവിക്കാറുള്ളതുപോലെയും ചെറിയ ഇരകൊണ്ടു വലിയ മത്സ്യങ്ങളെ പിടിക്കുന്നതുപോലെയും, അപ്പം ആവശ്യപ്പെട്ടുകൊണ്ടുള്ള രാമസ്വാമിയുടെ നിസ്സാരാഭ്യൎത്ഥന ദൈവപ്രസാദവരത്താൽ നിത്യജീവന്റെ അപ്പത്തെ യാചിക്കുന്നതിനു ഹേതുവായിത്തീരുകയില്ലേ എന്നാരറിഞ്ഞു! ഇപ്രകാരമായിരുന്നു ഫാദർ ജ്യോത്തിയുടെ ചിന്താഗതി. ഒരു യഥാൎത്ഥ ബ്രാഹ്മണ യുവാവായ രാമസ്വാമിയാവട്ടെ സ്വഗുരുഭൂതന്റെ അഗാധപാണ്ഡിത്യത്തേയും ഉദാരശീലത്തേയും തന്റെ ഭാവിനന്മയ്ക്കു് ഉപയോഗയോഗ്യമാക്കിത്തീർക്കണമെന്ന് ഉറച്ചു.

ഏതാനും ദിവസങ്ങൾക്കുശേഷം, രാമസ്വാമി തന്റെ സതീൎത്ഥ്യനും സ്നേഹിതനുമായ കൃഷ്ണസ്വാമിയുമൊന്നിച്ചു വീണ്ടും ഫാദർ ജ്യോത്തിയുടെ അടുക്കൽവന്ന്, തനിക്കുചെയ്ത ഉപകാരം തന്റെ സ്നേഹിതനുകൂടെ ചെയ്തു

കൊടുക്കണമെന്നു് അദ്ദേഹത്തോടപേക്ഷിച്ചു. അദ്ദേഹം അതിനും സന്തോഷപൂർവ്വം സമ്മതിച്ചു. അതിൻെറ ഫലമായി ഹോസ്റ്റൽ റൊട്ടിക്കാരൻ ബഹിഷ്കൃതനാകുകയും തൽസ്ഥാനത്തു് ഇതരൻ നിയോഗിക്കപ്പെടുകയുംചെയ്തു. പ്രസ്തുത സംഭവത്തിനുശേഷം രാമസ്വാമിയും കൃഷ്ണസ്വാമിയും ഫാദർ ജോത്തിയെ അടുത്തടുത്തു സന്ദർശിച്ചുകൊണ്ടിരുന്നു. ഒരുദിവസം, മദ്രാസ് ക്രിസ്ത്യൻ കോളേജിൽ വച്ചുണ്ടായ ചില അനുഭവങ്ങളെപ്പററി സംഭാഷിച്ചുകൊണ്ടിരിക്കവേ, രാമസ്വാമിയാദൃച്ഛികമായി ഇപ്രകാരം ചോദിക്കുന്നതിനിടയായി:—

രാമസ്വാമി:— ഫാദർ, മദ്രാസിലേതുപോലെതന്നെ ഒരു ക്രിസ്ത്യൻ കോളേജായ ഇവിടത്തെ വിദ്യാമന്ദിരത്തിലും അക്രൈസ്തവരായ വിദ്യാർത്ഥികളെ വേദപുസ്തകം പഠിപ്പിക്കുന്നതിനു നിർബന്ധിക്കാതിരിക്കുന്നതെന്തുകൊണ്ടാണു്?

ഫാ. ജോ:— "വേദപുസ്തകമോ, അഥവാ, അതുപോലെയുള്ള മററു വിഷയങ്ങളോ മദ്രാസ് സർവ്വകലാശാലക്കാർ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നു നിങ്ങൾക്കു് അറിഞ്ഞുകൂടേ?"

രാമസ്വാമി:— "എന്നാൽ അതിനെ അവർ നിരോധിച്ചിട്ടില്ല. നിരോധിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഇതര ക്രിസ്തീയ കോളേജുകൾ മതാദ്ധ്യയനം പ്രവേശനത്തിനുള്ള ഒരു വ്യവസ്ഥയായി പരിഗണിക്കുകയില്ലായിരുന്നു."

രാമസ്വാമിയുടെ ഈ പ്രസ്താവം ഫാദർ ജോത്തിയെ അല്പം വിഷമിപ്പിക്കാതിരുന്നില്ല. എന്നാൽ തൻെറ മറുപടികൊണ്ടു് അവരിരുവരുടേയും ശ്രദ്ധയെ ഈ വിഷ

യത്തിൽനിന്നും മറെറാന്നിലേക്കു തിരിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു.

അദ്ദേഹം ചോദിച്ചു:— "മദ്രാസിൽ നിർബന്ധപൂൎവ്വം മതവിഷയങ്ങൾ പഠിപ്പിക്കുന്നതുകൊണ്ടു ഹൈന്ദവവിദ്യാൎത്ഥികളുടെ രക്ഷാകൎത്താക്കന്മാർ നീരസം പ്രദർശിപ്പിക്കാറില്ലേ?"

രാമസ്വാമി:— "എന്റെ പിതാവ് ഈ വിഷയത്തിൽ യാതൊരു വിരോധഭാവവും പ്രകടിപ്പിച്ചിട്ടില്ല. മററുള്ളവരുടെ രക്ഷാകൎത്താക്കളും നീരസം പ്രകടിപ്പിച്ചിട്ടുള്ളതായി എനിക്കറിവില്ല. അവർ എന്തിനു പരിഭവിക്കുന്നു? ഫാദർ, നിർബന്ധിതമതാദ്ധ്യയനം നിർബന്ധപൂൎവ്വകമായ മതപരിവൎത്തനമാകണമെന്നില്ലല്ലോ. മാത്രമല്ല, പുരാതനങ്ങളായ പല മതങ്ങളുടെ ഉത്ഭവം, അഭിവൃദ്ധി, തത്വങ്ങൾ ആദിയായവ ചരിത്രത്തിലും സാഹിത്യത്തിലും നാം പഠിക്കുന്നുമുണ്ടല്ലോ?

ഫാ. ജോ:— "അങ്ങനെയെങ്കിൽ നിർബന്ധപൂൎവ്വകമായ മതാഭ്യസനം ഈ കോളേജിലും ആരംഭിക്കുന്നപക്ഷം നിങ്ങൾ ഇരുവരും അതിൽ ഔൽസുക്യം പ്രകടിപ്പിക്കുമെന്നും നിങ്ങളുടെ സതീൎത്ഥ്യന്മാരേയും ആ വിഷയത്തിൽ ഉദ്യുക്തന്മാരാക്കുന്നതിനു പരിശ്രമിക്കുമെന്നും ഞാൻ വിശ്വസിക്കട്ടയോ?"

രാമസ്വാമി:—"സംശയമെന്നിയേ. ഫാദർ, മദ്രാസ് ക്രിസ്ത്യൻ കോളേജിലെ വിദ്യാൎത്ഥികളായിരുന്ന ഞങ്ങൾക്കു നിങ്ങളുടെ ബൈബിളിനേയും തദ്വാരാ ക്രിസ്തുമതത്തേയും കുറിച്ച് ഒരു സാമാന്യ ജ്ഞാനം ലഭിച്ചിട്ടുണ്ടെന്നു പ്രശംസിക്കാവുന്നതാണെങ്കിലും ഞങ്ങൾ നിശ്ചയമായി ഇക്കാൎയ്യത്തിൽ ഉൽസുകരായിരിക്കും."

ഫാ. ജോ:— "എന്നാൽ, വേദപുസ്തകാദ്ധ്യയന

ത്തിൽനിന്നും നിങ്ങൾക്കു ലഭിച്ചിട്ടുള്ള ജ്ഞാനംകൊണ്ടു മാത്രം, ശ്രീയേശുക്രിസ്തുവിനാൽ സംസ്ഥാപിതമായ ക്രിസ്തുമതത്തെസംബന്ധിച്ച് ഒരു സ്ഥൂലജ്ഞാനമെങ്കിലും നിങ്ങൾക്കിരുവക്കും ലഭിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. എന്താ, നിങ്ങൾ ആശ്ചൎയ്യഭരിതരായിക്കാണപ്പെടുന്നതു്? എൻെറ ആശയം കൂടുതൽ വിശദമാക്കട്ടെയോ? ക്രിസ്തുവിൻെറ പ്രബോധനങ്ങൾ മുഴുവനും വേദപുസ്തകത്തിൽ ഉണ്ടെന്നും, അതിൽ അടങ്ങിയിരിക്കുന്നതു മുഴുവൻ സത്യമാണെന്നും, എങ്ങനെ എനിക്കോ നിങ്ങൾക്കോ പറയുവാൻ സാധിക്കും? വേദപുസ്തകത്തെമാത്രം മാൎഗ്ഗദ്യോതകമായി സ്വീകരിക്കുന്നതിനു മതസ്ഥാപകനായ ക്രിസ്തു ആജ്ഞാപിച്ചിട്ടുണ്ടെന്നുള്ളതിന് എന്താണ് ആധാരം? വീണ്ടും, വേദപുസ്തകത്തെ വിശ്വസിക്കുകയും അതിനനുസരണമായി ജീവിക്കുകയും ചെയ്യുന്നവൻ സാക്ഷാൽ ക്രിസ്തുമതാനുസാരിയായിത്തീരുമെന്ന് എങ്ങനെ പറയുവാൻ സാധിക്കും? വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന സത്യങ്ങൾക്കു സാക്ഷ്യം വഹിക്കുന്നതിനായി ഒരധികാരി ക്രിസ്തുവിനാൽ നിയമിതനായിട്ടുണ്ടോ, അങ്ങനെയുണ്ടെങ്കിൽ അദ്ദേഹത്തിൻെറ അധികാരം ക്രിസ്തുനാഥൻെറ കാലംമുതൽ അനുസ്യൂതമായ പിന്തുടർച്ചയോടുകൂടി ഇപ്പോൾ ഭൂമുഖത്തു നിലനില്ക്കുന്നുണ്ടോ? ഈ അധികാരം സ്ഥിതിചെയ്യുന്ന ആളിൽ നിസ്സംശയം നമുക്ക് ആശ്രയിക്കാമോ? അദ്ദേഹം പ്രമാദരഹിതനാണോ? എന്നീ സംഗതികളിൽ എനിക്കും നിങ്ങൾക്കും എന്തുറപ്പാണുള്ളതു്? 'യാതൊരു ഗ്രന്ഥവും സ്വപ്രാമാണ്യത്തിനു സാക്ഷ്യം വഹിക്കുകയില്ലെ'ന്നുള്ള സാമാന്യ തത്വം നിങ്ങൾ മനസ്സിലാക്കിയിട്ടുള്ളതാണല്ലോ''.

രാമസ്വാമിയുടേയും കൃഷ്ണസ്വാമിയുടെയും മുഖഭാവം

ആശ്ചര്യദ്യോതകമായി പ്രത്യക്ഷപ്പെട്ടു. ഏകകണ്ഠമായി, അവർ ഇപ്രകാരം പ്രതിവചിച്ചു: "ഫാദർ, അവിടുന്നു നിശ്ചയമായി ഞങ്ങളുടെ അഭിപ്രായങ്ങളെ പാടെ മറിച്ചിരിക്കുന്നു. വേദപുസ്തകത്തെ ഇപ്രകാരം വിമർശനരീത്യാ ഞങ്ങൾ ഇതേവരെ ദർശിക്കുകയോ, ദർശിക്കുവാൻ അഭ്യസിക്കുകയോ ചെയ്തിട്ടില്ല. ഒരു ഗ്രന്ഥം എത്ര തന്നെ പരിശുദ്ധമായിരുന്നാലും അതിൻെറ സത്യവത്വം തെളിയിക്കുന്നതിന് അതുതന്നെ പര്യാപ്തമാകയില്ലെന്ന് അവിടുന്നു സകാരണം സമർത്ഥിച്ചിരിക്കുന്നു. ഇതു സമ്മതിക്കാതെ ഗത്യന്തരമില്ല. ഈ സ്ഥിതിയിൽ വിശുദ്ധ ഗ്രന്ഥങ്ങളായി ഞങ്ങൾ കരുതുന്ന ഹൈന്ദവ ഗ്രന്ഥങ്ങളുടെ നില എന്തായിരിക്കും?"

ഫാ. ജോ:— "കൊള്ളാം; ക്രൈസ്തവ മതഗ്രന്ഥങ്ങളേയും ഹൈന്ദവഗ്രന്ഥങ്ങളേയുംപററി ഗാഢമായി നിങ്ങൾ വിചിന്തനം ചെയ്തതിനുശേഷം നിങ്ങളുടെ നിഗമനം എന്തെന്ന് എന്നെ അറിയിക്കുമെന്നു വിശ്വസിക്കുന്നു. ഇതാ ഈ വിഷയത്തിൽ കൂടുതൽ വിജ്ഞാനം പ്രദാനം ചെയ്യുന്ന ഏതാനും പുസ്തകങ്ങളും ലഘുലേഖകളും. ഇവ നിങ്ങൾക്ക് ഉപകാരപ്രദങ്ങളായിരിക്കും. നമ്മുടെ ഈ സംഭാഷണം രസകരമായ ഒന്നുതന്നെയായിരുന്നു; അല്ലേ? നമസ്കാരം".

തങ്ങളുടെ പ്രോഫസരുടെ വസതിയെ വിട്ടയുടനെ കൃഷ്ണസ്വാമി, താൻ എവിടെയൊ ഒരു പരസ്യത്തിൽ വായിച്ച ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "അവൻെറ നേരെയുള്ള അവളുടെ ഒരൊററ കടാക്ഷവീക്ഷണത്താൽ ഷെറിഡൻെറ (Sheridan) ഭവനം അതിൻെറ അസ്തിവാരത്തിൽ നിന്നും ഇളകി." ഏതാണ്ടി പ്രകാരമായിരുന്നു ഫാദർ ജോത്തിയുടെ വചനങ്ങൾ. അവ

അത്ര ശക്തിയേറിയവയായിരുന്നു. ഈശ്വരനിൽനിന്നോ ദേവന്മാരിൽനിന്നോ നേരിട്ടു ലഭിച്ചവയെന്നു നാം വിശ്വസിച്ചുപോരുന്ന നമ്മുടെ വിശുദ്ധ ഗ്രന്ഥങ്ങളിലുള്ള എന്റെ വിശ്വാസം അദ്ദേഹം പാടെ ഇളക്കിയിരിക്കുന്നു. രാമസ്വാമീ, അവയുടെ പരിശുദ്ധതയേയും സത്യവത്താത്തേയും സ്ഥാപിക്കുന്നതിന് അതിനു പുറമെയുള്ള ഒരു സാക്ഷി നമുക്കെവിടെയാണുള്ളത്? മാത്രമല്ല, നമ്മുടെ കാരണവന്മാർ സ്വീകരിച്ചു നമ്മെ പഠിപ്പിച്ചുപോരുന്ന അവയുടെ വിവിധതരത്തിലുള്ള വ്യാഖ്യാനങ്ങളും അർത്ഥങ്ങളും ഈശ്വരപ്രോക്തങ്ങളെന്നു നിശ്ചയിക്കുന്നതിനു നമുക്ക് എന്തു തെളിവാണുള്ളത്? ഈശ്വരൻ വേദഗ്രന്ഥങ്ങളെ, ഓരോരുത്തന്റേയും യുക്ത്യനുസാരം വ്യാഖ്യാനിച്ചു ഗ്രഹിക്കുകയും, യഥേഷ്ടം അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നതിനു മനുഷ്യനെ ഭരമേല്പിച്ചുവെന്നു വിശ്വസിക്കുക യുക്തിയുക്തമല്ല. രാമസ്വാമീ, താങ്കൾ എന്തു പറയുന്നു?'' ഈ സന്ദർഭത്തിൽ രാമസ്വാമി ഉത്തരം നല്കുന്നതിന് നിവൃത്തിയില്ലാഞ്ഞിട്ടോ, അഥവാ, സ്നേഹിതനുമായി വാദപ്രതിവാദത്തിനു തയ്യാറില്ലാതിരുന്നതിനാലോ, 'ഇഷ്ടംപോലെ വിധിച്ചുകൊള്ളുക' എന്ന നാട്യത്തിൽ തല ഒന്നു കുലുക്കുകമാത്രം ചെയ്തു.

ഏതാനും ദിവസങ്ങൾക്കുശേഷം അവർ ഫാദർ ജോത്തിയെ വീണ്ടും സന്ദർശിച്ചു. തങ്ങളുടെ മനോവൈഷമ്യങ്ങൾ അദ്ദേഹത്തെ അറിയിക്കുകയും ക്രിസ്തുമതത്തെപ്പററി കൂടുതൽ വിജ്ഞാനം ലഭിക്കുന്നതിനുള്ള അവരുടെ അഭിഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഏതൽകാര്യസിദ്ധിക്കായി അദ്ദേഹത്തെ കൂടെക്കൂടെ സന്ദർശിച്ചുകൊണ്ടിരിക്കാമെന്ന് സമ്മതിക്കുകയുംചെയ്തു. എന്നാൽ സന്ദർശന

വിവരം രഹസ്യമായിരിക്കണമെന്നു രാമസ്വാമി പ്രൊഫസരോടു പ്രത്യേകം അപേക്ഷിക്കയുണ്ടായി. കത്തോലിക്കാമതാഭ്യസനത്തിനു പററിയ അദ്ധ്യേതാക്കളായി ഫാദർ ജോത്തി അവരെ പരിഗണിക്കുകയും ഇതര വിഷയങ്ങളെ അപേക്ഷിച്ചു പ്രസ്തുത പഠനം അവരിൽ കൂടുതൽ ഫലവത്തായിബ് ഭവിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുകയും ചെയ്തു. എങ്കിലും ക്ലാസ്സവിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിക്കണമെന്ന് അദ്ദേഹം അവരോടുപദേശിച്ചുകൊണ്ടിരുന്നു. അവർ അപ്രകാരം ചെയ്യാമെന്നുവാഗ്ദാനം ചെയ്തെങ്കിലും പ്രത്യക്ഷമായ യാതൊരഭിവൃദ്ധിയും പ്രകടിപ്പിക്കയുണ്ടായില്ല.

## II

ഫാദർ ജ്യോതിയുടെ ശിഷ്യന്മാരിൽ അഗ്രഗണ്യനായിരുന്നതു് ശ്രീവാസൻ എന്നൊരു വിദ്യാർത്ഥി ആയിരുന്നു. അയാൾ പരിശ്രമശാലിയും, സമർത്ഥനും, സൽസ്വഭാവനും ആയിരുന്നു. അസാമാന്യമായ ഭാവഗൌരവത്തോടു കൂടിയവനായിരുന്നെങ്കിലും ആകപ്പാടെ ആകർഷകമായ സ്വഭാവ വിശേഷങ്ങളാണു് അയാൾക്കുണ്ടായിരുന്നതു്. ക്ലാസ്സിനുപുറത്തു വച്ചു തമ്മിൽ കണ്ടുമുട്ടുന്നതിനിടയായാൽ പതിവുള്ള അന്യോന്യാഭിവന്ദനങ്ങൾക്കല്ലാതെ ഒരു നിമിഷനേരത്തേക്കെങ്കിലും തൻെറ ഗുരുഭൂതനെ സംഭാഷണത്തിനവസരം ശ്രീവാസൻ കൊടുത്തിരുന്നില്ല. അതിനാൽ അനദ്ധ്യയനാവസരത്തിൽ അയാളുമായി ഒരഭിമുഖസംഭാഷണം ചെയ്യാനുള്ള അവസരത്തെ പ്രതീക്ഷിച്ചു് ആ വൈദികസത്തമൻ കാത്തിരുന്നു.

ശ്രീവാസൻ അസാമാന്യമായ നിരീക്ഷണപാടവമുള്ള ഒരു വിദ്യാർത്ഥി ആയിരുന്നു. ക്ലാസ്സു കഴിഞ്ഞാലുടൻ രാമസ്വാമിയും കൃഷ്ണസ്വാമിയും പ്രൊഫസരുടെ മുറിയിലേയ്ക്കു സാധാരണമായി പൊയ്ക്കൊണ്ടിരുന്ന വിവരം അയാൾ ഗ്രഹിക്കുകയുണ്ടായി. പഠനവിഷയത്തിൽ അസമർത്ഥന്മാരായിരുന്ന അവർ അദ്ദേഹത്തിൽ നിന്നു വല്ല സഹായവും ലഭിക്കുന്നതിനായിരിക്കാം ഇപ്രകാരം ചെയ്തുവരുന്നതെന്നു് അയാൾ ആദ്യം വിചാരിച്ചിരുന്നു. ആഴ്ചകളും മാസങ്ങളും പലതുകഴിഞ്ഞു. പ്രൊഫസരെ സന്ദർശിക്കുന്നതിനായി അവരിരുവരും ദിനംപ്രതി പൊയ്ക്കൊണ്ടാണിരിക്കുന്നതെന്നു് അയാൾ മനസ്സിലാക്കി. എന്നാൽ പഠനവിഷയത്തിൽ അവർ, പ്രത്യേകിച്ചു് രാമസ്വാമി,

വളരെ പിന്നോക്കമായിരുന്നതാനും. ശ്രീവാസൻ താഴെ വരുന്നപ്രകാരം ചിന്തിക്കുവാൻ തുടങ്ങി: "തൻെറ വിലയേറിയ സമയം ഇത്തരം അസമത്ഥന്മാർക്കു വേണ്ടിയെന്നതിനേക്കാൾ ഇതരകാൎയ്യങ്ങൾക്കായി യഥായോഗ്യം വ്യയം ചെയ്യുന്നതിനു നിശ്ചയമായി ആ പ്രൊഫസർ്റിയാം. പഠനങ്ങളിൽ വേണ്ടത്ര ശ്രദ്ധപതിക്കാത്തതിനാൽ പലപ്പോഴും അദ്ദേഹം അവരെ ശകാരിക്കാറുമുണ്ട്. അവരോട്, വിശേഷിച്ച് രാമസ്വാമിയോട്, അദ്ദേഹം അതൃപ്തനായിരിക്കുന്നു വെന്ന് അദ്ദേഹത്തിൻെറ മനോഭാവം പ്രത്യക്ഷപ്പെടുത്തുന്നുണ്ട്". സംഗതികൾ ഇപ്രകാരമായിരിക്കവെ ഫാദർ ജോത്തിയുമായുള്ള അവരുടെ പ്രതിദിനസന്ദർശനത്തിൻെറ രഹസ്യം ശ്രീവാസനു ദുർഗ്രഹമായി ത്തീർന്നു. തൻെറ സതീത്ഥ്യന്മാരായ അവരിരുവരും കത്തോലിക്കാമതാഭ്യസനം നടത്തുകയാണെന്നുള്ള വസ്തുത ഊഹിക്കുന്നതിനുപോലും അദ്ദേഹത്തിനു നിവൃത്തിയില്ലായിരുന്നു.

കോളേജിലേ കത്തോലിക്കരായ പൂൎവവിദ്യാത്ഥികളുടെ വാർഷികയോഗം കഴിഞ്ഞ് ഫാദർ ജോത്തി സ്വവസതിയിലേയ്ക്കു മടങ്ങുമ്പോൾ ശ്രീവാസൻ അല്പം മുമ്പിലായി ആ വഴിയെ കടന്നു പോകുന്നതുകണ്ട് അദ്ദേഹം അത്യന്തം ആശ്ചൎയ്യപ്പെട്ടു. "അല്ലാ, അതു ശ്രീവാസനല്ലേ? ഒരു കത്തോലിക്കനോ പൂൎവ്വ വിദ്യാർത്ഥിയോ അല്ലാത്ത നിങ്ങൾ ഇപ്രകാരം ഈ കത്തോലിക്കാവിദ്യാർത്ഥികളുടെ വാർഷിക സമ്മേളനത്തിൽ സംബന്ധിച്ചതു ജിജ്ഞാസകൊണ്ടുമാത്രമെന്നു ഞാൻ കരുതുന്നു" എന്നു സഹജമായ മന്ദസ്മിതത്തോടുകൂടി അദ്ദേഹം സംഭാഷണം ആരംഭിച്ചു.

ശ്രീവാസൻ:– "ഫാദർ, നമസ്കാരം. ക്ഷമിക്കണം.

അങ്ങു വരുന്നതു ഞാൻ കണ്ടില്ല. അതേ, ജിജ്ഞാസയാൽ പ്രേരിതനായിട്ടുമാത്രമാണു്, ക്ഷണമില്ലാഞ്ഞിട്ടും ഞാൻ യോഗത്തിൽ സംബന്ധിച്ചതു്. മാത്രമല്ല, ഈ കോളേജിൽ വച്ചു നടത്തുന്ന സമ്മേളനത്തിൽ ഞാൻ സംബന്ധിക്കുകയെന്നതു് ഇതു് ആദ്യമായിട്ടല്ല. ഇവിടത്തെ ഉത്തമ വൈദികന്മാർ എന്നെ തടയുകയില്ലെന്നുള്ള ബോധത്തോടുകൂടെ ഞാൻ എന്നെത്തന്നെ ക്ഷണിക്കുകയാണു ചെയ്യാറുള്ളതു്. ഇപ്രകാരമുള്ള എല്ലാ അവസരങ്ങളിലും വിശേഷമായി വല്ലതുമെങ്കിലും പഠിക്കുന്നതിനു് എനിക്കു സാധിക്കുന്നുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.''

ഫാ. ജോ:– "നിങ്ങളുടെ പ്രസ്താവനയിൽ എനിക്കു് അനല്പമായ സന്തോഷമുണ്ടു്. എന്നാൽ ഈ കഴിഞ്ഞ സമ്മേളനത്തിൽനിന്നും എന്തു ജ്ഞാനമാണു നിങ്ങൾക്കു ലഭിച്ചതെന്നു് അറിവാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്കു് ഇഷ്ടമില്ലെങ്കിൽ പറയണമെന്നില്ല.'' ഈ സമയംകൊണ്ടു് അവർ പ്രൊഫസരുടെ വസതിക്കു സമീപം എത്തിക്കഴിഞ്ഞു.

ഫാദർ ജോത്തി തുടർന്നു:– "ശ്രീവാസൻ, ഈ കാണുന്നതാണു് എന്റെ താമസസ്ഥലം. നമുക്കു് അവിടെയിരുന്നു് അല്പനേരം സംസാരിക്കാം. നിങ്ങൾക്കു് അതിനു വിസമ്മതമില്ലല്ലോ?''

ശ്രീവാ:– "ഫാദർ, ഒരിക്കലുമില്ല. സമ്മേളനത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, പ്രിൻസിപ്പാളവർകളുടെ മനോഹരവും ഹൃദയംഗമവുമായ പ്രസംഗത്തിലെ ചില ഭാഗങ്ങൾ എന്നെ വിഷമിപ്പിക്കാതിരുന്നില്ല. അവിടുന്നു് അവയെ എനിക്കു കൂടുതൽ വിശദമാക്കിത്തരുമെന്നു വിശ്വസിക്കുന്നു. കത്തോലിക്കാ വിദ്യാർത്ഥികളുടെ പ്രവേശനത്തിനു ബാധകമാകാത്തപക്ഷം കൂടുതൽ അകത്തോലി

ക്കാവിദ്യാൎത്ഥികളെ സ്വീകരിക്കുന്നതിനു താൻ തയ്യാറാണെന്നു് അദ്ദേഹം പ്രസ്താവിക്കയുണ്ടായി. എന്തുകൊണ്ടു്? അകത്തോലിക്കരായ പൂൎവ്വവിദ്യാർത്ഥികൾ ഇടവകവൈദികന്മാരുടെ നേരെ പ്രകടിപ്പിക്കുന്ന അനുകൂലഭാവം നിമിത്തം പ്രസ്തുത കോളേജ്മുഖേന നിൎവ്വഹിക്കപ്പെടുന്ന പരോക്ഷമായ പ്രേഷിതത്വം നിഷ്ഫലമായിത്തീരുന്നില്ലെന്നും അദ്ദേഹം പറയുന്നു.

ഫാ. ജോ:– "അല്ലയോ ശ്രീവാസൻ, അദ്ദേഹത്തിൻെറ വചനങ്ങൾ ഏവൎക്കും, പ്രത്യേകിച്ച്, കത്തോലിക്കേതരനായ ഒരു വിദ്യാൎത്ഥിക്കു നിഷ്പ്രയാസം ഗ്രഹിക്കത്തക്ക വിധം അത്ര ലളിതമാണു്. ഈ കോളേജിൽ അകത്തോലിക്കാ വിദ്യാൎത്ഥികളുടെ സംഖ്യ കുറയ്ക്കണമെന്നുപ്രിൻസിപ്പാളവർകൾക്ക് ഉദ്ദേശ്യമില്ല. കാരണം, അവർ ഇവിടെ താമസിക്കുന്നകാലത്തു കത്തോലിക്കാമതപരിശീലനം പരോക്ഷമായവിധം അവൎക്കു നല്കാമെന്നുള്ളതുതന്നെ."

ശ്രീവാ:– "അതേ, അദ്ദേഹം അത്ര ലളിതമായി പ്രതിപാദിച്ചതുകൊണ്ടാണു് എൻെറ ഈ പ്രശ്നം കൂടുതൽ വൈഷമ്യകരമായിത്തീൎന്നതു്. ഞാൻ അതെപ്പററി അവിടുത്തോടു തുറന്നു സംസാരിച്ചു കൊള്ളട്ടെ."

ഫാ. ജോ:– "ശ്രീവാസൻ, തുറന്നുസംസാരിച്ചുകൊള്ളുക. എനിക്ക് അതു കേൾക്കുന്നതു കൂടുതൽ സന്തോഷപ്രദമായിരിക്കും."

ശ്രീവാ:– "പ്രകൃത്യാതന്നെ ഞാൻ ഒരു നിരീക്ഷകനാണെന്നു ഭാവിച്ചുകൊള്ളട്ടയോ? ഈ കോളേജിൽ ചേൎന്നു് ഏതാനും ആഴ്ചകൾ കഴിയുന്നതിനു മുമ്പുതന്നെ ഇവിടെയുള്ള വൈദിക പ്രൊഫസറന്മാരുടെ അനുകമ്പാപൂൎണ്ണമായ മനോഭാവവും, അനുകരണീയമായ സ്വഭാവ

നൈമ്മല്യവും കണ്ടു ഞാൻ വിസ്മയിച്ചുപോയി. ഞാൻ ഇപ്രകാരം ആത്മഗതം ചെയ്തു. 'ഇവർ സാധാരണമനുഷ്യരല്ല. വിദ്യാവിശാരദന്മാരും, വിദ്യാൎത്ഥികളോടു പൈതൃകവാത്സല്യത്തോടുകൂടിപ്പെരുമാറുന്നവരും, പ്രതിമാസശമ്പളം പററിക്കൊണ്ടിരിക്കുന്ന പ്രൊഫസറന്മാരെക്കാൾ ഉത്തരവാദിത്വബോധത്തോടുകൂടി വേലചെയ്യുന്നവരുമാണ്. തൽസമയംതന്നെ, ആത്മപരിത്യാഗത്തിൻേറയും ത്യാഗശീലത്തിൻേറയും, ഈശ്വരഭക്തിയുടേയും ഉത്തമമാതൃകകളാണിവർ. തങ്ങളുടെ ബന്ധുമിത്രാദികളേയും രാജ്യത്തേയും സ്വമനസ്സാ ഉപേക്ഷിച്ച്, ഭാരതത്തെ മാതൃരാജ്യമായി ഈ ഗുരുവരന്മാർ കൈവരിച്ചിരിക്കുന്നു. സ്വകാൎയ്യലാഭമല്ല, പരോപകാരപ്രവൃത്തി എന്നതത്രേ ഇവരുടെ പരമോദ്ദേശ്യം. സാധുസംരക്ഷണം, പരോപകാരം ആദിയായ വിഷയങ്ങളെ പ്പുരസ്കരിച്ചു പ്രസംഗവേദികളിൽ മററുള്ളവർ ചെയ്യുന്ന പ്രസംഗങ്ങൾ യഥാൎത്ഥമായി പ്രയോഗത്തിൽ വരുത്തുന്നവരത്രേ ഇവർ. അദ്ധ്യാപനത്തിലുള്ള സാമൎത്ഥ്യത്തെ പണസമ്പാദനത്തിനുള്ള മാൎഗ്ഗമായി ഇവർക്കു സ്വീകരിക്കാമായിരുന്നു. എന്നാൽ പൗരോഹിത്യജീവിതം ഇവരെ യഥാൎത്ഥ സന്ന്യാസികളാക്കിത്തീൎത്തിരിക്കുന്നു. തങ്ങളെത്തന്നേതാഴ്ത്തിക്കൊണ്ടു് ഇവയെല്ലാം ഇവർ ഒന്നുപോലെ യോജിപ്പിച്ചിരിക്കുന്നു.

ഇക്കാണുന്ന മനോഹരങ്ങളായ ബ്രഹ്മാണ്ഡ കെട്ടിടങ്ങൾ ഇവരുടെ സ്വന്തംപണം കൊണ്ടോ, അഥവാ, ഭാരതത്തിലേ വേലയ്ക്കുവേണ്ടി വിദേശങ്ങളിൽ ഭിക്ഷാടനംചെയ്തു ലഭിച്ച പണംകൊണ്ടോ നിർമ്മിച്ചവയായിരിക്കാം. ഇവരെപ്പററി കൂടുതലായി അറിയുംതോറും മഹാത്മജിയുടെ ത്യാഗം കേവലം തുച്ഛമായിട്ടാണ് എനിക്കു തോന്നുന്നതു്. നിശ്ചയമായി ഇവരുടെ മതത്തി

ൻെറ ആ ദിവ്യശക്തിതന്നെയാണ് ഇതിലേക്കെല്ലാം ഇവരെ പ്രേരിപ്പിക്കുന്നത്. എന്നാൽ ആയുരന്തം ഇവരുടെ ജോലിയെന്ത്? വത്സരാരംഭംമുതൽ അവസാനംവരെ യാതൊരു വിശ്രമവുംകൂടാതെ രസതന്ത്രശാസ്ത്രം, സാഹിത്യം, ചരിത്രം, ധനതത്ത്വശാസ്ത്രം, ഗണിതശാസ്ത്രം, തത്ത്വശാസ്ത്രം ആദിയായ ഭൌമിക വിഷയങ്ങൾ പഠിപ്പിക്കുന്നതിൽ ഇവർ ബദ്ധശ്രദ്ധരായിക്കാണപ്പെടുന്നു. ഇവരുടെ ആത്മപരിത്യാഗവും വിദ്യാൎത്ഥികളുടെ ഭൌമികോൽകർഷത്തിനായുള്ള പരിശ്രമവും തമ്മിൽ യാതൊരു സാമ്യവും കണ്ടെത്താൻ എനിക്കു സാധിക്കുന്നില്ല. ലോകത്തിലുള്ള സൎവ്വത്തേയുംകാൾ ഉപരിയായ ഏതോ ഒരു ഉദ്ദേശ്യം ഇതിൽ അന്തർലീനമായിട്ടുണ്ടായിരിക്കണം. അതു മതവിഷയകമായിരിക്കുമോ? അപ്രകാരമെങ്കിൽ എന്തുകൊണ്ടു ക്ലാസ്സിൽവച്ചോ അതിനു പുറത്തുവച്ചോ തങ്ങളുടെ മതത്തെപ്പററി ഒരക്ഷരംപോലും ഇവർ ശബ്ദിക്കുന്നില്ല? ക്രൈസ്തവവിദ്യാൎത്ഥികളെ അല്ലാതെ അക്രൈസ്തവ വിദ്യാൎത്ഥികളിൽ ഒരുവനെപ്പോലും ഇവർ മതം പഠിപ്പിക്കുന്നുമില്ല. ഇവിടെയുള്ള വിദ്യാൎത്ഥികളിൽ ഭൂരിപക്ഷം ക്രൈസ്തവരും ന്യൂനപക്ഷം അക്രൈസ്തവരുമായിരുന്നുവെങ്കിൽ ഇതിൻെറ കാരണം ഏറെക്കുറെ ഊഹ്യമായിരുന്നു. പക്ഷേ, ഇവിടെ അദ്ധ്യയനംചെയ്യുന്ന വിദ്യാൎത്ഥികളിൽ ഭൂരിപക്ഷവും അക്രൈസ്തവർതന്നെയാണ്. വേദപാഠനം ക്രൈസ്തവവിദ്യാൎത്ഥികൾക്കും അക്രൈസ്തവവിദ്യാൎത്ഥികൾക്കും ഒന്നുപോലെ നിർബന്ധവിഷയമാക്കിയിരിക്കുന്ന ഇതര മിഷ്യനറിസ്കൂളുകളേയും കോളേജുകളേയുംഇതിനോടു തോലനം ചെയ്യുമ്പോഴാണ് ഞാൻ ആശ്ചൎയ്യഭരിതനായിത്തീരുന്നത്. ഇവയെല്ലാം ക്രിസ്തീയ സ്ഥാപനങ്ങളാണല്ലോ. ആംഗ്ലേയസഭയുടെ കേ

ന്റും ഇംഗ്ലണ്ടും സ്കോച്ച് സഭയുടേതു് സ്കോട്ട്ലണ്ടും ആയിരിക്കുന്നതുപോലെ ഈ കോളേജധികൃതന്മാരുടെ സഭയുടെ കേന്ദ്രസ്ഥാനം റോമ്മാ ആണെന്നുള്ള വ്യത്യാസമല്ലാതെ മറെറാന്നും ഇതിൽ ഞാൻ കാണുന്നില്ല. അവരുടെയും നിങ്ങളുടേയും വിശ്വാസങ്ങളോ ഉപദേശങ്ങളോ, പഠനങ്ങളോ തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്.

ഫാ. ജോ:— "ക്ഷമിക്കണം ശ്രീവാസൻ. ഞാൻ ഇടക്കു് അല്പം പറഞ്ഞുകൊള്ളട്ടെ. ഭാരതത്തിലോ മറെറവിടെയെങ്കിലുമോ കാണപ്പെടുന്ന അകത്തോലിക്കാസഭകളിൽനിന്നും, മൗലികമായ പല വിശ്വാസസത്യങ്ങളിലും ഉപദേശങ്ങളിലും വ്യത്യാസമുള്ള റോമൻ കത്തോലിക്കാസഭയുടെ അംഗങ്ങളാണുഞങ്ങൾ. അവർ തങ്ങളുടെ സഭകളെ വേദപുസ്തകത്തിലും ആ വിശുദ്ധ ഗ്രന്ഥത്തിൻെറ സ്വതന്ത്രമായ വ്യാഖ്യാനത്തിലുമത്രേ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു്. എന്നാൽ, പത്രോസാകുന്ന പാറമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതും, ക്രിസ്തുവിൽ നിന്നും അനുസ്യൂതമായ പിന്തുടർച്ച ലഭിച്ചിട്ടുള്ളവനും ക്രിസ്തുവിൻെറ പ്രതിപുരുഷനുമായ ഒരു ദൃശ്യപരമാധികാരിയാൽ ഭരിക്കപ്പെടുന്നതും ആകുന്നു ഞങ്ങളുടെ സഭ. സഭാസ്ഥാപകനായ ക്രിസ്തുതന്നെ അപ്പസ്തോലന്മാരുടെ തലവനായ വി. പത്രോസിനും അദ്ദേഹത്തിൻെറ പിൻഗാമികൾക്കും വിശ്വാസവും സന്മാൎഗ്ഗവും സംബന്ധിച്ച കാൎയ്യങ്ങളിൽ അപ്രമാദിത്വവരം പ്രകടമായി വാഗ്ദാനം ചെയ്തിട്ടുള്ളതുകൊണ്ടു്, പ്രസ്തുതാധികാരിസ്ഥാനങ്ങളെ പ്രമാദമെന്നിയേ പഠിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. മിസ്റ്റർ. ജി. കെ. ചെസ്റ്റെർട്ടൻ അടുത്ത ഒരവസരത്തിൽ പ്രസ്താവിച്ചതുപോലെ, കത്തോലിക്ക

രായ ഞങ്ങൾ ഒരു ഗ്രന്ഥത്താലല്ല, പ്രത്യുത, ഒരു നിയന്താവിനാലത്രേ നയിക്കപ്പെടുന്നത്. അകയാൽ, കത്തോലിക്കാസഭ ഇതര ക്രൈസ്തവ സഭാ വിഭാഗങ്ങളിൽനിന്നും വ്യത്യസ്തമായതെന്നു മാത്രമല്ല അവയിൽനിന്നും ധ്രുവസമാനം അകന്നിരിക്കുന്നതുമായ ഒരു സ്ഥാപനമാണ്."

ശ്രീവാ:— "തീർച്ചയായി ഈ സംഗതികൾ എനിക്കും ഈ കോളേജിലെ അകത്തോലിക്കരായ ഇതര വിദ്യാർത്ഥികൾക്കും അത്ഭുതാവഹവും നൂതനവുമായ ഒരറിവത്രേ. ഇവിടെ വാസമാക്കിയിട്ടു രണ്ടു വർഷത്തോളമായെങ്കിലും വിസ്മയകരമായ ഈ സംഗതി ഗ്രഹിക്കുന്നതിന് എനിക്ക് ഇതേവരെ ഇടയായില്ല. റാങ്കിയുടെ (Ranke) "പാപ്പാമാരുടെ ചരിത്രം" എന്ന ഗ്രന്ഥത്തെക്കുറിച്ചുള്ള മെക്കാളെയുടെ (Macaulay) ലേഖന പരമ്പരയിൽ പാപ്പാമതത്തിന്റെ പുരാതനത്വത്തെപ്പററി അദ്ദേഹം അതിമനോഹരമായി പ്രശംസിച്ചെഴുതിയിട്ടുള്ള ഒരു ഭാഗമാണ് അവിടുത്തെ വചനങ്ങൾവഴി എന്റെ സ്മൃതിപഥത്തിൽ എത്തുന്നത്. നിങ്ങൾ, അപ്പോൾ, ആ പുരാതന സഭയുടെ അംഗങ്ങളെന്നോ? രോഗികളായ മനുഷ്യരെ ഔഷധസംബന്ധമായ നിരവധി പരസ്യങ്ങൾ വിഷമിപ്പിക്കുന്നതുപോലെ തന്നെയാണ് ഭാരതത്തിൽ ഇപ്പോൾ ഉള്ള അനേക ക്രൈസ്തവ സഭാവിഭാഗങ്ങൾ അക്രൈസ്തവരായ ഞങ്ങളെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നത്. വാസ്തവസ്ഥിതി നേരിട്ടും വിശദമായും മനസ്സിലാക്കുവാൻ തരമില്ലാത്തതുമൂലം ഇവയെല്ലാം ഒരേ ഒരു ക്രിസ്തീയമതത്തിൽപ്പെട്ടവയാണെന്നും, എന്നാൽ സ്വന്തമായ പ്രവൃത്തിപദ്ധതിയെ സ്വീകരിച്ചിരിക്കുന്നതുകൊണ്ടുമാത്രം വ്യത്യാസപ്പെട്ടവയാണെന്നും

ആയിരുന്നു ഞങ്ങൾ ഇതുവരെ ധരിച്ചിരുന്നത്. തൽസംബന്ധമായി സൂക്ഷ്മാന്വേഷണം നടത്തുന്ന പക്ഷം ഈ കോളേജിലുള്ള എല്ലാ അക്രൈസ്തവ വിദ്യാർത്ഥികളും എന്നെപ്പോലെതന്നെ ഈ വിഷയത്തിൽ തെററിദ്ധാരണയിലാണിരിക്കുന്നതെന്ന് അവിടുത്തേയ്ക്കു മനസ്സിലാക്കാൻ സാധിക്കുമെന്നു ഞാൻ ധൈര്യപൂർവ്വം ഉറപ്പു പറഞ്ഞുകൊള്ളുന്നു''.

സൂക്ഷ്മാന്വേഷണം നടത്തുന്നപക്ഷം ശ്രീവാസൻെറ പ്രസ്താവം വാസ്തവമാണെന്നു ഫാദർ ജോത്തിക്കു നിശ്ചയമുണ്ടായിരുന്നു. അതിനാൽ മന:പൂർവ്വം ഇതെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു മുതിരാതെ അന്നു നടന്ന പൂർവ്വവിദ്യാർത്ഥികളുടെ സമ്മേളനത്തെ സംബന്ധിച്ചു വല്ല അഭിപ്രായവുമുണ്ടെങ്കിൽ പറയുന്നതിന് അദ്ദേഹം ശ്രീവാസനോട് ആവശ്യപ്പെട്ടു.

ശ്രീവാസൻ തുടർന്നു: "ഈ കോളേജിലുള്ള വൈദികന്മാരുടെ ജീവിതോദ്ദേശ്യം എനിക്ക് ഇനിയും ഒരു രഹസ്യമായിട്ടാണിരിക്കുന്നത്. ഇതെപ്പററി അവിടുത്തോടോ, മററു വൈദികന്മാരോടോ ചോദിക്കണമെന്നു ഞാൻ പലവട്ടം വിചാരിച്ചിട്ടുള്ളതാണ്. പക്ഷേ, എന്നെത്തന്നെ ഭോഷനാക്കേണ്ടാ എന്നു വിചാരിച്ച് ഇതേവരെ ഞാൻ ഇതിനു ധൈര്യപ്പെട്ടില്ലെന്നേയുള്ളു. ഞാൻ ജിജ്ഞാസയെ അമർത്തിക്കൊണ്ടു ഇപ്രകാരം ആത്മഗതം ചെയ്യുകയുണ്ടായി: 'ഏവംവിധം സാത്വികന്മാരും വിജ്ഞന്മാരുമായ ഇവർക്ക് ഏതോ ഒരു നിശ്ചിതോദ്ദേശ്യം ഇതിൽ ഉണ്ടായിരിക്കുമെന്നുള്ളതു നിസ്സംശയമത്രേ. ഇവർക്ക് അഗ്രഹമുണ്ടായിരുന്നെങ്കിൽ അതു നമ്മെ അറിയിക്കുമായിരുന്നു'. പ്രിൻസിപ്പാളിൻെറ ഇന്നത്തെ വാക്കുകൾ ഈ പ്രശ്നത്തെ ഒന്നുകൂടി ഉജ്ജീവിപ്പിക്കുകയും കൂടുതൽ ദുർ

ഗ്രഹമാക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹം അക്രൈസ്തവ വിദ്യാർത്ഥികളെ പൂർവ്വോപരി സ്വീകരിക്കുന്നതിനാണ് ആഗ്രഹിക്കുന്നതു്. അക്രൈസ്തവരായ പൂർവ്വവിദ്യാർത്ഥികൾ ഇടവക വൈദികന്മാരോടു കൂടുതൽ അനുകൂലഭാവം പ്രകടിപ്പിക്കുന്നുണ്ടെന്നുള്ളതാണുകാരണം. അദ്ദേഹം പ്രസ്താവിക്കുന്ന 'പരോക്ഷമായ പ്രേഷിതവേലയുടെ' ഫലവും ഇതുതന്നെയാണ്. ഇടവക വൈദികന്മാരുടെ നേർക്ക് അകത്തോലിക്കാ വിദ്യാർത്ഥികളിൽ ആനുകൂല്യം ഉളവാക്കുന്നതിനുവേണ്ടി ആയിരിക്കുമോ ഈ പരോക്ഷമായ പ്രേഷിതവേലയിൽ ഇത്രമാത്രം ക്ലേശങ്ങൾ ഈ വൈദികന്മാർ അനുഭവിക്കുന്നതു്? എന്നാൽ, കേവലം മാനുഷികവും, സ്വാഭാവികവുമായ ഈ അനുകൂലഭാവം ഏതൊരു വിദ്യാലയത്തിലേയും പൂർവ്വ വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകന്മാരോട്, യാതൊരു 'പരോക്ഷമായ പ്രേഷിതവേല'യും കൂടാതെ, പ്രകടിപ്പിക്കുന്നതാണ്. ഇവിടെ പ്രയത്നവും ഫലവുംതമ്മിൽ എന്തൊരു താരതമ്യമാണുള്ളതു്? 'മല എലിയെ പ്രസവിക്കുന്നതിനോടു' സദൃശമായിട്ടേ എനിക്ക് ഇതനുഭവപ്പെട്ടുന്നുള്ളു. ഒരുകാലത്തും ഇവരുടെ ജീവിതോദ്ദേശ്യം ഇതായിരിക്കുകയില്ല. പ്രിൻസിപ്പാൾ പരോക്ഷമായ പ്രേഷിതവൃത്തിയെപ്പററിമാത്രമേ പറയുകയുണ്ടായുള്ളു. നിശ്ചയമായി പ്രത്യക്ഷമായ ഒന്നുകൂടെ ഉണ്ടായിരിക്കണം. അതെന്തായിരിക്കാം? കോളേജിൽ ഇതു പ്രകടമായി പ്രത്യക്ഷപ്പെടുന്നുണ്ടോ? ഈ പ്രശ്നം കൂടുതൽ അത്ഭുതകരമായിട്ടാണിരിക്കുന്നതു്. ഒരു ദൈവദാസനെന്നനിലയിൽ മുജ്ജന്മവാസനയനുസരിച്ച് ഇവർ തങ്ങളുടെ 'കർമ്മം' അനുഷ്ഠിച്ചുപോരുന്നുവെന്നു ഞാൻ വിചാരിച്ചിരുന്നു. അപ്രകാരമെങ്കിൽത്തന്നെ കാര്യവും കാരണവും തമ്മിൽ ഏ

തെങ്കിലും ഒരു യോജിപ്പ് ഉണ്ടായിരിക്കേണ്ടതല്ലേ? ഈ പ്രശ്നത്തിനുള്ള സമാധാനം ദുർഗ്രഹമെന്നുകരുതി അതെപ്പററിയുള്ള ചിന്ത പരിത്യജിപ്പാൻ തുടങ്ങിയപ്പോഴാണ് അവിടുന്ന് എന്നെ വിളിക്കുന്നസ്വരം ശ്രവിച്ചതു്. സർവ്വവും പ്രകടമായി സംസാരിക്കുന്നതിന് എന്നെഅവിടുന്ന് അനുവദിച്ചതുകൊണ്ടു മാത്രമാണ് ഞാൻ ഇത്ര ദീർഘസമയം എടുത്തുപോയതു്. അവിടുത്തെ ഞാൻ മുഷിപ്പിച്ചിട്ടുണ്ടെങ്കിൽ ദയാപൂർവ്വം ക്ഷമിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു''.

പ്രതീക്ഷയെക്കവിഞ്ഞ പ്രസ്താവങ്ങൾ ശ്രീവാസനിൽനിന്നു ശ്രവിച്ചപ്പോൾ ഫാദർ ജോത്തിക്കു വല്ലാതൊരു സംഭ്രമമാണുണ്ടായതു്. കോളജ്ജിൽനിന്നും പ്രതിവർഷം വിജയികളായിപ്പോകുന്ന അനേകം വിദ്യാർത്ഥികളെപ്പററി അദ്ദേഹം ചിന്തിക്കുവാൻ തുടങ്ങി. അവരെല്ലാം തന്നെ ശ്രീവാസനോടൊപ്പം ഈ സംഗതികളിൽ ജിജ്ഞാസുക്കളായിരുന്നിരിക്കണം. ലജ്ജമൂലമായിരിക്കാം അവർ ഇതെപ്പററി ചോദിച്ചു സംശയം തീർക്കാതിരുന്നിട്ടുള്ളതു്. അഹോ! ഒരു പക്ഷേ, അവരിൽ അനേകർ നിത്യജീവന് അവകാശികളായിത്തീരുമായിരുന്നില്ലേ? ഏതാദൃശ ചിന്തകൾ ഫാദർ ജോത്തിയെ നന്നാ വിഷാദിപ്പിച്ചു. മനസ്സിലുണ്ടായ അസ്വാസ്ഥ്യത്തെ സംയമനം ചെയ്തുകൊണ്ടു് അദ്ദേഹം പറഞ്ഞു: ''ശ്രീവാസൻ, നിങ്ങൾ എന്നെ ഒട്ടുംതന്നെ അസഹ്യപ്പെടുത്തിയിട്ടില്ല; പ്രത്യുത, കൂടുതൽ സംതൃപ്തിയാണ് എനിക്കു നിങ്ങളോടു തോന്നിയിട്ടുള്ളതു്. മാത്രമല്ല, ഈ സംഗതികളെപ്പററി ഒരു സൂക്ഷ്മനിരീക്ഷണം ചെയ്തനിങ്ങളെ ഞാൻ ഹൃദയംഗമമായി അനുമോദിക്കുകകൂടെച്ചെയ്യുന്നു. ഒരു പൂർവ്വ വിദ്യാർത്ഥിയായിത്തീരുന്നതിനു മുമ്പുതന്നെ ഞങ്ങളുടെ പരോ

ക്ഷമായ പ്രേഷിത വേലയുടെ ഫലം നിങ്ങളിൽ ഉള വായിത്തീർന്നതിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങളുടെ അഭ്യസനം ഇവിടെ അല്ലായിരുന്നുവെങ്കിൽ വിദ്യാഭ്യാസ കാര്യങ്ങളിൽ കത്തോലിക്കാ വൈദികന്മാർ ചെയ്യുന്ന പ്രശംസനീയമായ വേലകൾ ദർശിക്കുന്നതിനോ അവ യെ പ്രശംസിക്കുന്നതിനോ ആയുഷ്പര്യന്തം നിങ്ങൾക്ക് അവസരം ലഭിക്കയില്ലായിരുന്നു''.

ശ്രീവാ:— ''എന്നാൽ, നമ്മുടെ ഈ സംഭാഷണം ഒരു യാദൃച്ഛികസംഭവമായി അവിടുന്നു ധരിക്കണം. ഞാൻ യോഗശാലയിൽനിന്നും ഒരു വിനാഴികമുമ്പ് ഇറ ങ്ങിപ്പോയിരുന്നുവെങ്കിൽ എനിക്ക് അവിടുത്തെക്കണ്ടു മുട്ടുന്നതിനോ, അവിടുത്തേക്ക് എൻെറ അന്തർഗതങ്ങൾ ഗ്രഹിക്കുന്നതിനോ സാധിക്കുകയില്ലായിരുന്നു. ഈ സന്ദ ർശനത്തിനു നമുക്ക് ഒരവകാശവും പറയുവാൻ നിവൃത്തി യില്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടേ. പാഠ്യപുസ്തക ത്തിലുണ്ടായിരുന്ന ഒരു സൂചനയെ അടിസ്ഥാനപ്പെടുത്തി അങ്ങു വിശദമാക്കിയ ആ കത്തോലിക്കാവിശ്വാസം—ഈ ശ്വരപരിപാലനം— അനുസരിച്ചായിരിക്കാം നാം ഇന്നി വിടെ കൂട്ടിമുട്ടിയതു്. അല്ലെങ്കിൽ ഹൈന്ദവ വിശ്വാസ പ്രകാരം ഈ സംഭവം 'വിധി'യിൽ ആരോപിക്കുകയേ നിവൃത്തിയുള്ളു. എന്നാൽ ഞാൻ യോഗശാലയിൽനിന്നി റങ്ങിയതിൻെറശേഷം അവിടുന്നു് എന്നെ അഗണ്യകോ ടിയിൽ തള്ളാതെ മഹാമനസ്കതയോടെ ക്ഷണിക്കുക യാണല്ലോ ചെയ്തതു്. അതിനാൽ അവിടുന്നു വിശ്വ സിക്കുന്നതുപോലെ ഈശ്വരേച്ഛയാ ഇപ്രകാരം സം ഭവിച്ചുവെന്നു ഞാൻ കരുതുന്നു''.

ഫാ. ജോ:– അതേ; ഈശ്വരേച്ഛ ഒന്നുമാത്രമാണു് ഏതാദൃശമായ സംഭാഷണത്തിനിടയാക്കിത്തീർത്തതു്.

ഞാൻ ക്ലാസ്സിൽവച്ചു സംസാരിച്ചതു നിങ്ങൾ ഇപ്പോഴും സ്മരിക്കുന്നുവെന്നറിയുന്നതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്. ഞങ്ങളുടെ ജീവിതോദ്ദേശ്യം എന്തെന്നു ഞാൻ ഇപ്പോൾ വിശദമാക്കാം. വ്യക്തമായി പ്രസ്താവിക്കുന്നപക്ഷം, ഞങ്ങളുടെ ജീവിതോദ്ദേശ്യം ഭാരതത്തിലെ അകത്തോലിക്കരുടെ മതപരിവത്തനംതന്നെയാണ്. പക്ഷേ, ഞങ്ങളുടെ ഉദ്ദേശ്യങ്ങൾക്ക് ഫലപ്രാപ്തി വരുത്തുന്നതിനു സാഹചര്യങ്ങൾകൂടിപ്പരിഗണിക്കേണ്ടിയിരിക്കുന്നു. ഞങ്ങൾ സ്വതന്ത്രരല്ല. ഉദാഹരണം പറയുന്നപക്ഷം, ററിബററിലേയ്ക്കോ (Tibet) ബൂട്ടാനിലേയ്ക്കോ (Bhutan) തദ്ദേശവാസികളുടെ മാനസാന്തരാത്ഥം ഇപ്പോൾതന്നെ പുറപ്പെടുന്നതിനും, വേണ്ടിവന്നാൽ അവിടെ ഞങ്ങളുടെസജീവരക്തം ചിന്തുന്നതിനും ഞങ്ങൾ സന്നദ്ധരാണ്. എന്നാൽ പ്രസ്തുതദേശങ്ങളിൽ പ്രവേശിക്കുന്നതിന് അവിടങ്ങളിലെ ഭരണാധികാരികൾ ഞങ്ങളെ നിരോധിച്ചിരിക്കുന്നു. ഇക്കാരണത്താൽ അനുകൂലസാഹചര്യങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ ആ നിരുദ്ധദേശങ്ങളിൽപ്പോലും ധൈര്യപൂവ്വം പ്രവേശിക്കുന്നതിനു ഞങ്ങൾ ശ്രമിക്കും. എന്തെന്നാൽ 'നിങ്ങൾ ഭൂലോകം എങ്ങുംപോയി സുവിശേഷം പ്രസംഗിപ്പിൻ' എന്നുള്ള രാജാധിരാജനായക്രിസ്തുവിന്റെ കല്പനഞങ്ങൾ ശിരസാവഹിക്കേണ്ടതായിട്ടുണ്ട്. ഈകത്തോലിക്കാകോളേജിന്റെ നിലതന്നെഎന്താണ്? ഇതുഗവർമ്മെൻറിനാൽ സഹായിക്കപ്പെടുകയും, നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു. ബൈബിളോ, പുരാണങ്ങളോ, കൊറാനോ ഉൾപ്പെടാതെയുള്ള ഒരു പാഠപദ്ധതിയാണ് ഈകോളേജു സ്വീകരിക്കേണ്ടത്. കോളേജുനടത്തിപ്പിലേക്കുള്ള അനുവാദവും സഹായധനവും ലഭിക്കേണ്ടുന്നതിനു ഗവർമ്മെൻറ്നിർദ്ദേശങ്ങളെ ഞ

ങ്ങൾ സ്വീകരിച്ചേമതിയാവൂ. മാത്രമല്ല, അദ്ധ്യേതാക്കളുടെ ഫീസിനേയും കോളേജ് ആശ്രയിക്കേണ്ടിയിരിക്കുന്നു. ഭൂരിപക്ഷം കത്തോലിക്കാവിദ്യാത്ഥികളെ ലഭിക്കുവാൻ ഞങ്ങൾക്കുകഴിയുമെങ്കിൽ മതം പരസ്യമായിത്തന്നെ ക്ലാസ്സിൽ പഠിപ്പിക്കുന്നതിനും, ന്യൂനപക്ഷക്കാരായ അകത്തോലിക്കാവിദ്യാത്ഥികളെ ഞങ്ങളുടെ മതം പഠിക്കുന്നതിനു നിർബന്ധിക്കുകയോ അതിനു സമ്മതമില്ലാത്തപക്ഷം അവരെ കോളേജിൽനിന്നും പറിച്ചുവിടുകയോ ചെയ്യുന്നതിനും ഞങ്ങൾക്കു സാധിക്കും. എന്നാൽ, അകത്തോലിക്കാവിദ്യാത്ഥികളോടു പരിചയപ്പെടുന്നതിനും മററുമായിട്ടാണ് ഞങ്ങളുടെ സ്കൂളുകളിലും കോളേജുകളിലും അകത്തോലിക്കാവിദ്യാത്ഥികളെ സ്വീകരിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നത്. ഭൂരിപക്ഷം അകത്തോലിക്കാവിദ്യാത്ഥികളുള്ള ഈ സ്ഥാപനത്തിൽ മതപഠനം നിർബന്ധപൂവ്വകമാക്കുകയും, അവർ എതിർക്കുകയും ചെയ്യുന്നതായാൽ ഞങ്ങളുടെ കോളേജിൻെറ സ്ഥിതി എന്തായിരിക്കും? കത്തോലിക്കാമതപഠനം നിർബന്ധിതമാക്കുന്നതിൻെറ ഫലമായി കോളേജുപ്രവത്തനം പയ്യവസാനിച്ചുപോകുന്നതിനെക്കാൾ നല്ലതു്, പ്രിൻസിപ്പാൾ പ്രസ്താവിച്ചതുപോലെ, മതപഠനത്തിനു നിർബന്ധിക്കാതെ കത്തോലിക്കാപ്രേഷിതവൃത്തി പരോക്ഷമായിത്തന്നെ നടത്തുന്നതാണല്ലോ.''

ശ്രീവാ:– ''അപ്രകാരമെങ്കിൽ മതാഭ്യസനം നിർബന്ധപൂവ്വം നടത്തുന്ന മററു് അകത്തോലിക്കാവിദ്യാലയങ്ങളുടെ സ്ഥിതി എന്താണ്? തൽപ്രവത്തകന്മാക്കു പൊതുജനസമ്മതം ലഭിക്കുന്നതിൻെറ കാരണത്തെപ്പററി അവിടുന്നു് എന്തുപറയുന്നു.?''

ഫാ. ജോ:— "ഞാൻ ആ കാൎയ്യത്തെ സംബന്ധിച്ച് സംസാരിക്കുന്നതിനു തുടങ്ങുകയായിരുന്നു. വേദപുസ്തകം ഇംഗ്ലീഷ് ഭാഷയിലെ ഏററം ഉൽകൃഷ്ടസാഹിത്യഗ്രന്ഥമാകയാൽ അവർ ഭാഷയ്ക്കു വേണ്ടിയോ, അതോ, ക്രിസ്തീയമതത്തിനുവേണ്ടിയോ അതു പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതെന്ന് എനിക്കു പ്രബലമായ സംശയമുണ്ട്. എന്നാൽഞങ്ങളുടെ അദ്ധ്യാപനരീതി അതിൽനിന്നും തുലോം വ്യത്യസ്തമാണ്. ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ ബൈബിളിനേയും പാരമ്പൎയ്യത്തേയും അടിസ്ഥാനമാക്കിയിട്ടുള്ളതും, അപ്രമാദനായ ഒരു നിയന്താവിനാൽ ഭരിക്കപ്പെടുന്നതുമായ കത്തോലിക്കാസഭയെപ്പററിയാണു ഞങ്ങൾ പഠിപ്പിക്കേണ്ടത്. കേവലം ബൈബിൾ പഠനത്തിൽനിന്നും വ്യത്യസ്തമായ അദ്ധ്യയനത്തിൽ വിദ്യാൎത്ഥികൾ വേണ്ടത്ര ശ്രദ്ധപതിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഇവയെല്ലാം പൎയ്യാലോചിച്ചതിന്റെ ശേഷമത്രേ ഞങ്ങൾ ഈ മാൎഗ്ഗം സ്വീകരിച്ചിട്ടുള്ളത്. എല്ലാ ഫലങ്ങളേയും പാടെ നശിപ്പിക്കുവാൻ ഹേതുവായേക്കാവുന്ന ഒരു നയം പരിത്യജിച്ച് അല്പഗുണമെങ്കിലും ലഭിക്കുവാൻ മാൎഗ്ഗമുള്ള വേറൊന്നു സ്വീകരിക്കയല്ലേ ഉത്തമമായിട്ടുള്ളത്?"

ശ്രീവാ:— "ഫാദർ, അവിടത്തെ വാദമുഖങ്ങളുടെ ശക്തി ഞാൻ നല്ലവണ്ണം ഗ്രഹിക്കുന്നു. അകത്തോലിക്കരുടെ മതപരിവൎത്തനം എന്നുള്ള നിങ്ങളുടെ ജീവിതോദ്ദേശ്യവും, വിദ്യാലയസ്ഥാപനാൎത്ഥം ദ്രവ്യവും ജീവനും ബലികഴിക്കുന്നതിനുള്ള നിങ്ങളുടെ പരിപൂൎണ്ണസന്നദ്ധതയും ഒന്നിച്ചു പൎയ്യാലോചിക്കുമ്പോൾ നിശ്ചയമായി ഇതിൽ മനുഷ്യാതീതമായ ഒരു ശക്തി നിഗ്രഹനം ചെയ്യപ്പെട്ടിട്ടുണ്ടെന്നു ഗ്രഹിക്കുവാൻ സാധിക്കും. ഇതിനു മുമ്പ്

ഈ കോളേജിൽ മതപഠനം നിർബന്ധവിഷയമാക്കിയിട്ടുണ്ടോ എന്നും, ആ പരിശ്രമത്തിലുണ്ടായ പരാജയമാണോ ഈ വിഷയത്തിൽ സംശയിക്കുന്നതിനും വൈമനസ്യംപ്രദർശിപ്പിക്കുന്നതിനും നിങ്ങളെ പ്രേരിപ്പിക്കുന്നതെന്നും അറിവാൻ ഞാൻ ആഗ്രഹിക്കുന്നു. അപ്രകാരമല്ലാത്തപക്ഷം, അടുത്തദിവസംതുടങ്ങിത്തന്നെ നിങ്ങളുടെ ജീവിതോദ്ദേശ്യമായ ആ പ്രത്യക്ഷപ്രേഷിതവേല ഈ കോളേജിൽ ആരംഭിക്കണമെന്നാണു ഞാൻ അപേക്ഷിക്കുന്നതു്."

ഭക്ഷണത്തിനുള്ള മണിനാദം ഉടനെ കേൾക്കുകയാൽ ഫാദർ ജോത്തി എഴുന്നേററുകൊണ്ടു്, "നമുക്ക് ഈ സംഭാഷണം അടുത്ത അവധിദിവസമായ ബുധനാഴ്ച തുടൎന്നുകൊള്ളാം" എന്നുപറഞ്ഞു.

ശ്രീവാ:– "ഫാദർ, സന്തോഷംതന്നെ. അവിടുത്തെ കൈവശം, കൎമ്മം, അധൎമ്മത്തിൻെറ ഉൽപത്തി, മനസ്സ്വാതന്ത്ര്യം ആദിയായ വിഷയങ്ങളെപ്പുരസ്കരിച്ചു കത്തോലിക്കർ എഴുതിയിട്ടുള്ള പുസ്തകങ്ങൾ വല്ലതുമുണ്ടോ? അത്തരം ഗ്രന്ഥങ്ങൾ വായിപ്പാൻ എനക്കു് അതിയായ ആഗ്രഹമുണ്ടു്."

ഫാ. ജോ:– "ഇതാ, ശ്രീവാസൻ, ആ വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന ഏതാനും ഐ. സി. ററി. എസ്സ് ലഘുലേഖകളും "പൗരസ്ത്യദീപം' (Light of the East) എന്ന മാസികയുടെ ഏതാനും ലക്കങ്ങളും. നിങ്ങൾ വീണ്ടും വരുമെന്നു വിശ്വസിക്കുന്നു."

ശ്രീവാ:– "ഈ പുസ്തകങ്ങളും മാസികകളും മടക്കിത്തരുന്നതിനെങ്കിലും; അവിടുന്നു് അപ്പോൾ എന്നെ പിടിച്ചുകൊള്ളുക. നമസ്കാരം."

# III

മുൻനിശ്ചയമനുസരിച്ച ശ്രീവാസൻ ബുധനാഴ്ച വൈകുന്നേരം പ്രൊഫസരുടെ മുറിയുടെ വാതുക്കൽ ഹാജരായി. ഫാദർ ജോത്തി അയാളെ തൻെറ മുറിയിലേക്ക ക്ഷണിച്ച് ഇപ്രകാരം പറഞ്ഞു: "കൊള്ളാം. എന്താ നമുക്ക നിങ്ങളുടെ പ്രസ്താവത്തെക്കുറിച്ചുള്ള സംഭാഷണം തുടരാമെന്നോ?

ശ്രീവാ:- "എന്നെപ്പോലെയുള്ള ഒരകത്തോലിക്കനിൽനിന്ന ഗോപനം ചെയ്യേണ്ട സംഗതികളെ അവിടുന്ന മറച്ചുവച്ചിട്ടില്ലെങ്കിൽ, അകത്തോലിക്കാ വിദ്യാൎത്ഥികൾക്ക പ്രവേശനം നല്കുന്ന വിഷയത്തിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നയത്തിൻെറ മുഖ്യകാരണങ്ങളെല്ലാം കഴിഞ്ഞദിവസം അങ്ങു പ്രസ്താവിച്ചുവെന്നാണു ഞാൻ വിചാരിക്കുന്നത്".

ഫാ. ജോ:- "ഞങ്ങൾ മതപഠനം നിർബന്ധപൂൎവ്വം ഏർപ്പെടുത്തുകയും അകത്തോലിക്കാ വിദ്യാൎത്ഥികളായ നിങ്ങൾ ഞങ്ങളോടു നിസ്സഹകരണം അനുഷ്ഠിക്കുകയും ചെയ്യുന്നപക്ഷം നമ്മുടെ കോളേജിൻെറ സ്ഥിതി ഇപ്പോഴത്തെ നിലയിൽനിന്ന് അധഃപതിക്കയില്ലേ? അതു ഞങ്ങളുടെ വിദ്യാഭ്യാസനയത്തിനു യോജിച്ചതായിരിക്കുമോ? ഇങ്ങനെ ഒരപകടമില്ലെന്നുണ്ടോ? ഗൗരവാവഹങ്ങളായ മററനവധി അനാശാസ്യഫലങ്ങളും ഇതുമൂലം ഉൽഭൂതമാകുകയില്ലെന്ന് ആർക്കറിയാം? നിങ്ങൾ എന്തു വിചാരിക്കുന്നു?

ശ്രീവാ:- "നിങ്ങളുടെ ജീവിതംതന്നെ ത്യാഗപൂൎവ്വം

ഏതൽകാൎയ്യത്തിനായി ബലികഴിച്ചിരിക്കുന്ന സ്ഥിതിക്ക്, പരീക്ഷിച്ചുനോക്കുക, എന്നു ഞാൻ ധൈൎയ്യസമേതം പറയുന്നു. വാസ്തവത്തിൽ അവിടുന്നു വിചാരിക്കുന്ന തരത്തിലുള്ള ആശങ്കകൾക്ക് അവകാശമുണ്ടോ? ഇക്കാൎയ്യത്തെ സംബന്ധിച്ചു നിങ്ങളുടെയിടയിൽത്തന്നെ അഭിപ്രായവ്യത്യാസമില്ലേ? ഇൻഡ്യയിൽ നിങ്ങളുടേതുപോലെയുള്ള വേറൊരു കത്തോലിക്കാ കോളേജിന്റെ പ്രവൎത്തകനായ ഒരു വന്ദ്യമിഷ്യനറി ഇപ്രകാരം പ്രസ്താവിക്കുന്നു: 'മറേറതെങ്കിലും കോളേജിൽനിന്നു ലഭിക്കുന്ന ശിക്ഷണത്തോടു കിടപിടിക്കത്തക്ക ഒരഭ്യസനം നമ്മുടെ കോളേജുകളിൽനിന്നു ലഭിക്കുമെന്നു വിശ്വാസമുള്ള പക്ഷം, മതപഠനം ഉണ്ടായിരുന്നാൽത്തന്നേയും വളരെ ഹൈന്ദവവിദ്യാൎത്ഥികൾ നമ്മുടെ വിദ്യാലയങ്ങളിൽ ചേരാതിരിക്കയില്ല. ചിലപ്പോൾ മതപഠനത്തിനുള്ള സൗകൎയ്യംതന്നെ പലരേയും ആകർഷിച്ചേക്കാം.' ഇൻഡ്യയിലെ ഒരു പത്രപ്രവൎത്തകനായ വേറൊരു മിഷ്യനറിയുടെ അഭിപ്രായം ഇപ്രകാരമാണ്: 'കത്തോലിക്കനായ യാതൊരു അദ്ധ്യാപകനും ആധുനികവിദ്യാഭ്യാസപദ്ധതിയിൽ തൃപ്തിപ്പെടുവാൻ നിവൃത്തിയില്ല. ക്രിസ്തു പഠിപ്പിച്ചിട്ടുള്ളവയെല്ലാം പ്രസംഗിക്കുന്നതിനാകുന്നു മിഷ്യനറിമാർ അയക്കപ്പെട്ടിരിക്കുന്നതു്. ഈ ജോലി പൂൎണ്ണമായിച്ചെയ്യാത്തവർ തങ്ങളുടെ നിലയെ താഴ്ത്തുകയാണു ചെയ്യുന്നതു്. നമ്മുടെ കോളേജുകൾ നിഷ്കപടമായും സ്പഷ്ടമായും അവയുടെ നയം പ്രഖ്യാപനം ചെയ്യട്ടെ. പ്രഥമമായി അദ്ധ്യാപകന്മാർ എല്ലാവരും കത്തോലിക്കരായിരിക്കട്ടെ. അദ്ധ്യാപനവും കത്തോലിക്കാ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയതായിരിക്കട്ടെ. അതൊന്നുകൊണ്ടു മാത്രമല്ലാതെ നമ്മുടെ നില താഴ്ത്തിയതുകൊ

ണ്ടോ, ജോലി ലഭ്യകരിച്ചതുകൊണ്ടോ, നമ്മുടെ അക ത്തോലിക്കാസഹോദരന്മാരുടെ ആദരത്തേയും ബഹുമാന ത്തേയും സമ്പാദിക്കുന്നതിനാകട്ടെ, നമുക്കു് ആവശ്യമായ സ്വാധീനശക്തി സമാജ്ജിക്കുന്നതിനാകട്ടെ സാധിക്കു കയില്ല. വൈഷമ്യങ്ങൾ ധാരാളമുണ്ടു്; ശരിതന്നെ. എ ന്നാൽ നാം ത്യാഗങ്ങൾക്കു് ഒരുങ്ങിയിരിക്കുന്നെങ്കിൽ അവ ദുസ്തരങ്ങളല്ലതന്നെ. ശക്തിമത്തായ ഒരഭിപ്രായം ഊർജ്ജസ്വലമായി പ്രസ്താവിച്ചിരിക്കുന്നു. അല്ലേ, ഫാ ദർ?"

ഫാ. ജോ:— "ശ്രീവാസൻ, നിങ്ങൾ ഒരു വാദസമര ത്തിന് ഒരുങ്ങിപ്പുറപ്പെട്ടിരിക്കയാണെന്നു തോന്നുന്നല്ലോ. എന്നാൽ ഇപ്പറഞ്ഞ ആ മിഷ്യനറിമാർ തങ്ങളുടെ അധീ നതയിലുള്ള സ്കൂളുകളിലും കോളേജുകളിലും എന്തുകൊ ണ്ടു് അപ്രകാരം ചെയ്യുന്നില്ല?"

ശ്രീവാ:— "അതിന്നു് അവർക്കുള്ള ന്യായങ്ങൾ എന്തെ ല്ലാമെന്നു് എനിക്കു നല്ല നിശ്ചയമില്ല. ഒരുപക്ഷേ, ഇതര ന്മാരുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നതും, ഇത്ര ഗൗരവാവഹവുമായ ഇക്കാൎയ്യത്തിൽ തങ്ങളുടെ സഹ പ്രവർത്തകന്മാരിൽനിന്നും വ്യത്യസ്തമായ നിലയിൽ വൎത്തിക്കുന്നുവെന്നു ബഹുജനങ്ങളെ ഗ്രഹിപ്പിക്കുന്നതി നുള്ള വൈമനസ്യം കൊണ്ടല്ലയോ അവർ താമസിക്കു ന്നതെന്നു ഞാൻ സംശയിക്കുന്നു. നിങ്ങളെല്ലാവരും ഏക വിശ്വാസം അംഗീകരിച്ചിരിക്കുന്നവരും ഏകോദ്ദേശ്യ ത്തോടുകൂടെ ആത്മത്യാഗം ചെയ്തിരിക്കുന്നവരും ആക യാൽ ഏകമാൎഗ്ഗത്തിലൂടെ അന്ത്യത്തിലേക്കു യാത്രചെയ്യു ന്നതു കുറെക്കൂടെ ഉചിതമായിരിക്കുമെന്നു് അവർ കരുതി യിരിക്കണം. എന്നാൽ നിങ്ങൾ നവീനമായി ആരംഭിച്ച ഏതെങ്കിലും സ്കൂളിലോ കോളേജിലോ പരീക്ഷാൎത്ഥം

ചെറിയ തോതിലെങ്കിലും നിർബന്ധിതമായ മതവിദ്യാഭ്യാസം ഏപ്പെടുത്തിയിട്ടുണ്ടോ? എങ്ങനെ ആയാലും, നിങ്ങളുടെ സ്കൂളുകളും കോളേജുകളുംവഴി നിങ്ങളുടെ ജീവിതോദ്ദേശ്യം സാധിക്കുന്നുണ്ടോ ഇല്ലയോ എന്ന് അന്വേഷിക്കേണ്ടതു നിങ്ങളുടെ ചുമതലയാകുന്നു. പ്രിൻസിപ്പാൾ പരോക്ഷമായ പ്രേഷിതത്വത്തെക്കുറിച്ചു മാത്രമേ സൂചിപ്പിച്ചുള്ളു. ഇക്കാര്യം ഇവിടെ നില്ക്കട്ടെ. ഫാദർ ജോത്തീ, അവിടുന്നു നല്കിയ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വളരെ ഉപകാരപ്രദങ്ങളായിരുന്നു. ഹൃദയംഗമമായി ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. വാസ്തവത്തിൽ അവ എന്റെ ചില പ്രധാനവിഷമതകളെ ദൂരത്താക്കിയിരിക്കുന്നു."

നിർബന്ധിതമായ മതവിദ്യാഭ്യാസത്തെ സംബന്ധിച്ചു തന്റെ ശിഷ്യന്റെ ശക്തിമത്തും ബുദ്ധിപൂർവ്വകവുമായ ആശയങ്ങൾ ശ്രവിച്ചു ഫാദർ ജോത്തി വിസ്മയിച്ചുപോയി. താൻ നല്കിയ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ശ്രീവാസന്റെ ചില പ്രധാന സംശയങ്ങളെ ദൂരത്താക്കിയെന്നറിഞ്ഞതിൽ അദ്ദേഹം അതീവം ആഹ്ളാദിച്ചു.

ഫാ. ജോ:– "ശ്രീവാസൻ, നിങ്ങൾ എന്നെ അത്ഭുതപരതന്ത്രനാക്കിയിരിക്കുന്നു. നിങ്ങളിൽ നിന്നു ഞാൻ കേട്ടതു യഥാർത്ഥമോ? എന്തു പ്രധാനവിഷമതകളാണ് ഇപ്പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളുംകൊണ്ടു നീങ്ങിക്കിട്ടിയെന്നു നിങ്ങൾ പറയുന്നത്?"

ശ്രീവാ:– "പൂർവ്വകത്തോലിക്കാ വിദ്യാർത്ഥികളുടെ സമ്മേളനത്തിനുശേഷം, അവിടുന്ന് എന്നെ കണ്ടുമുട്ടിയ വേളയിൽ, ഈ കോളേജിൽനടത്തപ്പെടുന്ന യോഗങ്ങളിൽ ക്ഷണംക്രൂടാതെതന്നെ ഞാൻ സംബന്ധിക്കുകയും

ഓരോപ്രാവശ്യവും ചിലതൊക്കെ പഠിക്കുകയും ചെയ്യുന്നുണ്ടെന്നു പറഞ്ഞുവല്ലോ. എൻെറ ജിജ്ഞാസ വേഗം അതിൻെറ അത്യുച്ചിയിലെത്തി. മാനസികമായി എനിക്കുണ്ടായ പരിവൎത്തനങ്ങൾ വിവരിച്ച് അങ്ങയെ ക്ലേശിപ്പിക്കണമെന്ന് എനിക്ക് ആഗ്രഹമില്ല. നിങ്ങളുടെ മതത്തെക്കുറിച്ചു പഠിക്കുന്നതിനു ഞാൻ അത്യൽസുകനായി. പക്ഷേ, നിങ്ങളുടെ മതതത്വങ്ങളെ ഞങ്ങളെ ഗ്രഹിപ്പിക്കുന്നതിനു നിങ്ങൾ വൈമുഖ്യം പ്രദർശിപ്പിച്ചതുപോലെ, ഞാനും നിങ്ങളിൽ ആരുടെയെങ്കിലും അടുത്തുവരുന്നതിനു മടി വിചാരിച്ചു. അവിടുന്നു പ്രസ്താവിക്കുന്നപ്രകാരം ദൈവപരിപാലനയുടെ തൃക്കരങ്ങൾ അവിചാരിതസ്ഥലത്തുനിന്നും എൻെറ രക്ഷയ്ക്കായിവന്നു. എൻെറ അച് ഛന് ഒരു കത്തോലിക്കൻ സ്നേഹിതനായുണ്ട്. അദ്ദേഹം വീട്ടിൽ വന്ന് അച് ഛനുമായി മിക്കപ്പോഴും ഹിന്തുമതത്തിൻേറയും കത്തോലിക്കാമതത്തിൻേറയും ശ്രേഷ്ഠതകളെക്കുറിച്ചു താരതമ്യേന പ്രതിപാദിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്.

ആ കത്തോലിക്കാ മാന്യൻ രണ്ടുമതങ്ങളേയും കുറിച്ചു നല്ല ജ്ഞാനമുള്ള ആളാണ്. എൻെറ അച് ഛൻ ശൈശവം തുടങ്ങി സ്വമാതാപിതാക്കന്മാരുടെ മടിയിൽനിന്നും പഠിച്ചിട്ടുള്ള ഹിന്ദുമതതത്വങ്ങളെ അന്ധനായി അനുകരിച്ചിരുന്നു. ഇപ്പോഴാകട്ടെ എല്ലാമതങ്ങളും സ്വീകാര്യങ്ങളും ഏകദൈവത്തിൽ എത്തിച്ചേരുന്നതിനു പൎയ്യാപ്തങ്ങളുമാണെന്നുള്ള ഇൻഡ്യയിലെ ആധുനിക സ്വാതന്ത്ര്യപ്രബോധനത്തെ അനുകൂലിക്കുന്നതിനു സന്നദ്ധനായിരിക്കുന്നു. സ്വമാതാപിതാക്കന്മാരിൽനിന്നു ലഭിച്ചിട്ടുള്ളതും, പരേതനായ ഉപാദ്ധ്യായ ബ്രഹ്മബാന്ധവൻ വ്യക്തമായി വിശദമാക്കിയിട്ടുള്ളതുമായ കർമ്മത്തിൽ—

നിത്യമായ അടിമത്തത്തിലേക്ക നയിക്കുന്നതും നിരാശ ജനകവുമായ ആ തത്വത്തിൽ— അദ്ദേഹം സുസ്ഥിരമായി വിശ്വസിക്കുന്നുണ്ട്. അദ്ധ്യാപകനായ എന്റെ അച്ഛൻ സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം മുതലായവ എങ്ങനെ ഉണ്ടാകുന്നുവെന്നു ശാസ്ത്രീയമായി മററുള്ളവരെ പഠിപ്പിക്കുന്നുണ്ടെങ്കിലും ഗ്രഹണസമയത്തുണ്ടാകുമെന്നു ഹിന്ദുക്കൾ വിശ്വസിക്കുന്ന മാലിന്യത്തെ മാർജ്ജനം ചെയ്യുവാൻ സ്നാനം കഴിക്കുന്നവരുടെ കൂട്ടത്തിൽ അദ്ദേഹത്തേയും കാണാതിരിക്കുകയില്ല. സ്നേഹിതന്റെ വാദങ്ങളെല്ലാം അച്ഛനിൽ നിഷ്ഫലങ്ങളെങ്കിലും എന്നിൽ അപ്രകാരമല്ലായിരുന്നു. 'അവനവന്റെ വിചാരം, വചനം, പ്രവൃത്തി എന്നിതുകൾക്ക് ഓരോ മനുഷ്യനും ഉത്തരവാദിയാണെന്നും, ഓരോരുത്തന്റേയും മനസ്സ് സ്വതന്ത്രമാണെന്നും ലോകത്തിലുള്ള എല്ലാജനങ്ങളും വിശ്വസിക്കുന്നുണ്ടല്ലോ' എന്നു ഞാൻ തന്നെത്താൻ വിചാരിച്ചു. 'എന്തുകൊണ്ടെന്നാൽ, തങ്ങളുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും ഉത്തരവാദിത്വം തങ്ങൾക്കില്ലെന്നു വിചാരിക്കുന്നവർക്കാണല്ലോ ഭ്രാന്താശുപത്രികൾ ഗവർമ്മെൻറിൽനിന്നും സ്ഥാപിച്ചിട്ടുള്ളതു്. കർമ്മത്തിലുള്ള വിശ്വാസം പ്രവൃത്തികൊണ്ടു നാം നിഷേധിക്കുന്നുവെങ്കിൽ എന്തുകൊണ്ട് ഒരു വേദതത്വമായി അതിനെ നാം അംഗീകരിക്കുന്നു?' എന്നു ഞാൻ എന്നോടുതന്നെ ചോദിച്ചു. ഈ വിഷയത്തെക്കുറിച്ചു വ്യക്തമായി ഗ്രഹിക്കുന്നതിനാണ് മനസ്സിന്റെ സ്വാതന്ത്ര്യം, തിന്മയുടെ ഉൽപത്തി മുതലായവയെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ ലഘുലേഖകളും പുസ്തകങ്ങളും ഞാൻ വാങ്ങിച്ചുകൊണ്ടു പോയതു്."

ശ്രീവാസ്സനെ ശ്രവിക്കുന്തോറും ഫാദർ ജോത്തിയുടെ

ഹൃദയം അനിർവാച്യമായ സന്തോഷത്താൽ തരളിതമാ യി സ്പന്ദനംചെയ്തുകൊണ്ടിരുന്നു. എന്നാൽ അതിനെ ഗോപനംചെയ്തുകൊണ്ടു കത്തോലിക്കാമതത്തെക്കുറിച്ചു തൻെറ വിദ്യാർത്ഥി സ്വയം സമ്പാദിച്ച ജ്ഞാനത്തെ ഒന്നു പരീക്ഷിക്കുന്നതിന് അദ്ദേഹം തീരുമാനിച്ചു.

ഫാ. ജോ:– ശ്രീവാസൻ, ലോകത്തിൽ തിന്മയുടെ ഉൽപത്തിയെക്കുറിച്ചു നിങ്ങഠം എന്തു പഠിച്ചുവെന്നു പറയാമോ?''

ശ്രീവാ:– "ഫാദർ, അങ്ങുമായി ഒരു വാദപ്രതിവാദം നടത്തുന്നതിനു ഞാൻ ഒരുങ്ങുന്നില്ല. ഗൗരവമുള്ള സംഗതികളെക്കുറിച്ചു പരമാർത്ഥബുദ്ധ്യാ ചോദിക്കുകയാണ്. എൻെറ പ്രസ്താവനകളിൽ തെററായ ഭാഗങ്ങഠം വല്ലതുമുണ്ടെങ്കിൽ ദയാപൂർവ്വം തിരുത്തിത്തരണം. സ്വതന്ത്ര മനസ്കനായ ആദം അനുസരണക്കേടുനിമിത്തം തൻെറ സ്രഷ്ടാവിനെ അവഗണിച്ച്, മന:പൂർവ്വം പാപം ചെയ്കയാൽ ലോകത്തിൽ തിന്മ ഉൽഭൂതമായി. തന്നിമിത്തം താനും തൻെറ സ്രഷ്ടാവായ ദൈവവും തമ്മിലുണ്ടായിരുന്ന ആനന്ദദായകവും സൗഭാഗ്യപ്രദവുമായ ബന്ധത്തെ, ആദം തനിക്കും തൻെറ സന്തതികഠംക്കും നാശകരമായവിധം ശിഥിലമാക്കിക്കളഞ്ഞു. അയാളുടെ പാപം ദൈവാജ്ഞയുടെ ലംഘനമായിരുന്നതുകൊണ്ട് അതിൻെറ മാലിന്യം അളവില്ലാത്തതായിരുന്നു. അതു് ഒരനന്തശക്തിയാൽത്തന്നെ പരിഹരിക്കപ്പെടേണ്ടതായും വന്നു. പരിമിതശക്തിയുള്ള ഒരു സൃഷ്ടിക്ക് അതു ദുഷ്പ്രാപമായിരുന്നു. ആകയാൽ ദൈവത്രിത്വത്തിലേ രണ്ടാമത്തേ ആഠം നരാവതാരംചെയ്തു് കുരിശുമരണത്താൽ മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്തു. സൃ

ഷ്ടികളുടെ നേരെയുള്ള തന്റെ അനന്ത സ്നേഹത്തെ ഈശ്വരൻ ഇപ്രകാരം വെളിപ്പെടുത്തി. ക്രിസ്തു തന്റെ പരിപാവന ജീവിതത്താൽ മനുഷ്യർക്കു രക്ഷാമാർഗ്ഗം തുറന്നുകൊടുക്കുകയും സ്വമരണാനന്തരം തന്റെ വേലയെത്തുടർന്നുകൊണ്ടുപോകുന്നതിനു ശിഷ്യന്മാരേയും അവരുടെ പിൻഗാമികളേയും ഭരമേല്പിക്കുകയുംചെയ്തു. ക്രിസ്തീയ സഭയെ ലോകാവസാനംവരെ അബദ്ധത്തിൽ നിന്നു താൻ സംരക്ഷിക്കുമെന്നും അവിടുന്നു വാഗ്ദാനം ചെയ്തു. ഇവയെല്ലാം എത്രയും ന്യായയുക്തവും വിശ്വസനീയവും സ്പഷ്ടവുമാണ്''.

ഫാ. ജോ:– "പ്രിയ ശ്രീവാസൻ, ഒരവതാരം മതിയാകുമോ? എന്റെ ഊഹം ശരിയെങ്കിൽ ഹിന്ദുമതത്തിൽ പത്തവതാരമാണല്ലോ ഉള്ളത്?''

ശ്രീവാ:– "അപരിമേയനായ ഒരു ദൈവത്തിന്റെ പരിഹാരപ്രവൃത്തിക്ക് അനന്തമായ യോഗ്യതയുള്ളപ്പോൾ ഒരു അവതാരത്തിൽക്കൂടുതൽ ആവശ്യമില്ലല്ലോ?''

ഫാ. ജോ:– ''അപ്പോൾ, മനുഷ്യരക്ഷാർത്ഥം ദൈവസ്ഥാപിതമായ ഏക സത്യമതം കത്തോലിക്കാസഭയാണെന്നു നിങ്ങൾ വിശ്വസിക്കുന്നു; അല്ലേ?''

ശ്രീവാ:– ''അതേ, ഫാദർ. കത്തോലിക്കാസഭയിൽ യഥാർത്ഥമായി ഞാൻ വിശ്വസിക്കുകയും അതിനെ ആശ്ലേഷിക്കുന്നതിന് അതീവമായി ആഗ്രഹിക്കുകയും ചെയ്യുന്നു.''

ഈ മറുപടി കേട്ടപ്പോൾ ഫാദർ ജോത്തിയുടെ സന്തോഷം സീമാതീതമായിത്തീർന്നു. അദ്ദേഹം ഇപ്രകാരം ചോദിച്ചു: ''ശ്രീവാസൻ, ഈ കോളേജിലുള്ള

അനേകശതം അകത്തോലിക്കാ വിദ്യാൎത്ഥികളുടെയിടയിൽനിന്നു സൎവ്വശക്തനായ ദൈവം നിങ്ങളെ തിരഞ്ഞെടുത്തതിനെക്കുറിച്ചും നിത്യജീവന്റെ പ്രകാശം നിങ്ങളിൽ ഉജ്ജ്വലിപ്പിച്ചതിനെക്കുറിച്ചും, ഇപ്പോൾ ഇവിടെവച്ചുതന്നെ, അത്യന്തം കൃതജ്ഞതാസ്തോത്രംചെയ്യുന്നതിനു ഞാൻ നിങ്ങളെക്കൂടെ ക്ഷണിക്കട്ടെയോ?''

മറുപടി ഒന്നും പറയാതെ ശ്രീവാസൻ ഉടനെ തന്നെ മുട്ടിന്മേൽനിന്നു. അദ്ധ്യാപകനും അദ്ധ്യേതാവും തങ്ങളുടെ കൃതജ്ഞതാൎദ്രമായ ഹൃദയങ്ങളെ ഈശ്വര സന്നിധിയിലേക്കുയൎത്തുകയുംചെയ്തു.

# IV

ശ്രീവാസൻ സ്വഭവനത്തിലേയ്ക്കു മടങ്ങുന്ന അവസരത്തിൽ തന്റെ സഹപാഠികളായ രാമസ്വാമിയും കൃഷ്ണസ്വാമിയും കുറെ ദൂരെ ഒരു തെരുവിലൂടെ പോകുന്നതായിക്കണ്ടു. രാമസ്വാമി തിരഞ്ഞെടുപ്പു പരീക്ഷയിൽ പരാജിതനായെന്നും, കൃഷ്ണസ്വാമി സർവ്വകലാശാലാപരീക്ഷയിൽ ചേരുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്നും ശ്രീവാസൻ അറിഞ്ഞിരുന്നു. രാമസ്വാമിക്കു മദ്രാസിലും ഇവിടെയും അടുത്തടുത്തു പരാജയം നേരിട്ടതുനിമിത്തം അയാളുടെ അച്ഛൻ ഇനി അയാളെ സഹായിക്കയില്ലെന്നുള്ള വാർത്ത കേട്ടതുകൊണ്ടു് അയാളുടെ ഭാവിജീവിതപദ്ധതി എന്താണെന്നും മറ്റും അറിയുന്നതിനു ശ്രീവാസൻ ആഗ്രഹിച്ചിരിക്കയായിരുന്നു. അതിനാൽ, അവരെ സമീപിച്ചു സ്ഥിതിഗതികൾ ഗ്രഹിക്കുന്നതിനായി അയാൾ വേഗം നടന്നു. എന്നാൽ തെരുവിന്റെ തലയ്ക്കലെത്തിയപ്പോഴേക്കും അവർ അദൃശ്യരായിക്കഴിഞ്ഞിരുന്നു.

ശ്രീവാസൻ ബി. എ. പരീക്ഷയ്ക്കു വളരെ തൃപ്തികരമായ വിധം എഴുതി. പരീക്ഷ കഴിഞ്ഞു സ്വദേശത്തേക്കു മടങ്ങുന്നതിനുമുമ്പു് ഫാദർ ജോത്തിയോടു യാത്ര പറയുന്നതിനായി അദ്ദേഹത്തെ സന്ദർശിച്ചു. ഫാദർജോത്തി സ്നേഹപൂർവ്വം അയാളെ തന്റെ മുറിയിലേക്കു ക്ഷണിച്ചു് ഇപ്രകാരം പറഞ്ഞു: "ശ്രീവാസൻ, കൊള്ളാം; നിങ്ങൾ ഒന്നാം ക്ലാസ്സിൽത്തന്നെ ഒരു പ്രശസ്തവിജയം കരസ്ഥമാക്കുമെന്നു് എനിക്കു പൂർണ്ണവിശ്വാസമുണ്ടു്.

ഇനി നിങ്ങളുടെ ഭാവിജീവിതഗതി എന്തായിരിക്കും? സംശയമെന്നിയേ, അതു നിങ്ങളുടെ അച്ഛൻെറ ആലോചനയോടുകൂടെ മാത്രമേ തീരുമാനിക്കയുള്ളല്ലോ. നിങ്ങളുടെ ജീവിതത്തിലേ ഏററം സൗഭാഗ്യസമ്പൂൎണ്ണമായ ആ സംഭവം—അതേ, നിങ്ങളുടെ ജ്ഞാനസ്നാന കൎമ്മം—എന്നാണു നടത്തുന്നതു്. പിതാവിൻെറ ശക്തിമത്തായ പ്രതിഷേധമുണ്ടാകയില്ലേ? നിങ്ങളെ സംബന്ധിച്ചു ഞാൻ പ്രിൻസിപ്പാളിനോടു സംസാരിക്കയുണ്ടായി. ഈ കോളേജിൽത്തന്നെ ഒരുദ്യോഗം നിങ്ങൾക്കു നല്കാമെന്നു് അദ്ദേഹം പൂൎണ്ണമായി സമ്മതിച്ചിട്ടുണ്ടു്. നിങ്ങൾക്കു് ഇഷ്ടമുള്ളപക്ഷം, കത്തോലിക്കാസഭയിലേക്കു മതപരിവൎത്തനം ചെയ്യുവർക്കായിട്ടുള്ള പ്രത്യേക ഗ്രാമത്തിൽ താമസിക്കുകയുംചെയ്യാം. നിങ്ങൾ സ്ഥിരമായി ഞങ്ങളോടുകൂടെ വസിക്കുന്നതു ഞങ്ങൾക്കു വളരെ സന്തോഷകരമാണു്".

ശ്രീവാ:— "വന്ദ്യ ഗുരോ, അവിടുത്തെ കരുണാമസൃണമായ വചനങ്ങൾ എന്നെ അത്യധികമായി ആനന്ദിപ്പിക്കുന്നു. എനിക്കു് ആത്മരക്ഷാകവാടത്തെ തുറന്നു തന്നതിനു പ്രത്യുപകാരം ചെയ്യുവാൻ ഞാൻ ഒരിക്കലും ശക്തനാകുന്നതല്ല. എൻെറ ദ്വിതീയ പിതാവായി അങ്ങയെ ഞാൻ സദാ സ്മരിക്കുന്നതാണു്. എൻെറ ഭാവിയെക്കുറിച്ചു ഞാൻ യാതൊരു നിശ്ചയവും ചെയ്തിട്ടില്ല. ഞാൻ പ്രതീക്ഷിക്കുന്നതുപോലെ വിജയിയാകുന്നപക്ഷം, അനന്തരകരണീയമായി അച്ഛൻ എന്തു നിൎദ്ദേശിക്കുമെന്നു് എനിക്കറിഞ്ഞുകൂടാ. ഫാദർ, ജ്ഞാനസ്നാനസ്വീകരണം വളരെ വൈമനസ്യത്തോടെയെങ്കിലും തൽകാലത്തേക്കു നീട്ടിവെയ്ക്കേണ്ടിയിരിക്കുന്നു. അതിനു് എന്നെ നിൎബന്ധിക്കുന്നതു് ഒരൊററസംഗ

തിയാണ്. അതീവ വാത്സല്യത്തോടെ സ്നേഹിക്കുകയും നിസ്തുലമായ ഔദാൎയ്യത്തോടെ വൎത്തിക്കുകയും ചെയ്യുന്ന ഒരു പിതാവിന്റെ ഏക സുതനാണു ഞാൻ. എന്റെ ജീവിതത്തിലേ ഏററം ഗൗരവാവഹമായ പദവി കൈവരിക്കുന്നതിനു മുമ്പ് വിവരം അദ്ദേഹത്തെ അറിയിക്കാതിരുന്നാൽ, മതപരിവർത്തന ഫലത്തെക്കുറിച്ചുള്ള ഭീതി നിമിത്തമോ, അതിൽ ഉത്തമ വിശ്വാസമില്ലാത്തതുകൊണ്ടോ ആണ് അപ്രകാരം ചെയ്തതെന്ന് അദ്ദേഹം വിചാരിച്ചേക്കും. അങ്ങനെ ഒരു തെററിദ്ധാരണക്ക് ഇടം കൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ ജ്ഞാനസ്നാനത്തിനു മുമ്പായി അദ്ദേഹത്തിന്റെ സമ്മതം വാങ്ങിക്കുന്നതാണ്, പിന്നീട് അദ്ദേഹവുമായി രമ്യപ്പെടുന്നതിനെക്കാൾ സ്വീകാൎയ്യമായിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ, അദ്ദേഹത്തിന്റെ വിസമ്മതം മാത്രമല്ല വിദ്വേഷംപോലും ഞാൻ മുൻകൂട്ടി പ്രതീക്ഷിക്കുന്നുണ്ട്. 'സകല മതങ്ങളും നല്ലതെ'ന്നുള്ള അച്ഛന്റെ അഭിപ്രായത്തെക്കുറിച്ചു വാദിച്ച് അദ്ദേഹത്തെ ജയിക്കുവാൻ ഞാൻ ശ്രമിക്കും. അദ്ദേഹം നിൎദ്ദയമായി വിസമ്മതിക്കുകയും, പൈതൃകാവകാശത്തിൽനിന്നു നീക്കംചെയ്ത് എന്നെ പരിത്യജിക്കുമെന്നു പറഞ്ഞു ഭയപ്പെടുത്തുകയും ചെയ്യുന്നപക്ഷം എന്റെ ആത്മരക്ഷ എന്റെ സ്രഷ്ടാവിനും എനിക്കും തമ്മിലുള്ള സൎവ്വപ്രധാനമായ ഒരു കാൎയ്യമാകകൊണ്ട് അച്ഛന് അതിൽ ഇടപെടുവാൻ യാതൊരാവശ്യവുമില്ലെന്നു സൗമ്യമായി അദ്ദേഹത്തോടു ഞാൻ പറയും. തദനന്തരം അവിടുന്ന് ഔദാൎയ്യപൂൎവ്വം ഈ കോളേജിൽ പ്രദാനം ചെയ്യാമെന്നു പറഞ്ഞ ഉദ്യോഗം സസന്തോഷം ഞാൻ സ്വീകരിച്ചുകൊള്ളാം. എന്നാൽ, മതപരിവൎത്തനം ചെ

യ്യുവർക്കായി ഉദ്ദേശിച്ചിട്ടുള്ള പ്രത്യേകഗ്രാമം തിരഞ്ഞെ ടുക്കുന്നതിൽ എനിക്കു വൈമനസ്യമാണുള്ളതു്. ഇങ്ങ നെ പറയുന്നതു ക്ഷമിക്കണം. ഒരു കത്തോലിക്കനായ തിന്റെ ശേഷം താമസിക്കുന്നതിനു ഞാനന്വേഷിക്കുന്ന അവസാനസ്ഥലം ആയിരിക്കും അതു്. എന്തുകൊണ്ടെ ന്നാൽ, ഒരു ഹിന്ദു, അഥവാ, ഒരു ബ്രാഹ്മണൻതന്നെയും കത്തോലിക്കാമതത്തെ ആശ്ലേഷിക്കുന്നതുനിമിത്തം ഒരു സമുദായഭ്രഷ്ടനും അധഃകൃതനും, മ്ളേഛനുമായിത്തീരുന്നു വെന്നുള്ള എന്റെ ഹൈന്ദവ സഹോദരന്മാരുടെ തെ റ്റിദ്ധാരണയെ ഈ സ്ഥലം മാററം ശക്തിപ്പെടുത്തുകയേ ഉള്ളു. കത്തോലിക്കാമതത്തിന്റെ മാഹാത്മ്യത്തിനും എ ന്റെ ഗുണത്തിനുമായി, അവർ എന്നെ ബഹിഷ്ക രിക്കുന്നതുവരെ—അവർ അതിനു തുനിയുമെന്നു ഞാൻ കരുതുന്നില്ല—ഹൈന്ദവ സഹോദരരുടെ മദ്ധ്യേതന്നെ താമസിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നതു്. വാ സ്തവത്തിൽ സവർണ്ണരിൽനിന്നു മതപരിവർത്തനംചെയ്യു ന്നവർക്കായി ഒരു പ്രത്യേകഗ്രാമം ഉണ്ടാക്കുകയെന്നതു കത്തോലിക്കരുടെ ഐക്യത്തിനു ഭംഗംവരുത്തുകയില്ല യോ എന്നുപോലും എനിക്കു പ്രബലമായ സംശയമുണ്ടു്. ഒരിക്കൽ, താൽകാലികമായിമാത്രം സ്വീകരിച്ച ഈ സ മ്പ്രദായം, കാലാന്തരത്തിൽ, ഇൻഡ്യയിൽ കത്തോലി ക്കാമതപ്രചരണത്തിന്റെ അഭിവൃദ്ധിക്കു വിഘാതമായി ത്തീർന്നിട്ടുള്ള വിവിധപ്രശ്നങ്ങളുടെ കൂട്ടത്തിൽ സ്ഥ ലം പിടിക്കുകയില്ലയോ? ഭാവിയിൽ അവർ സംഖ്യ യിൽ വർദ്ധിക്കുമ്പോൾ ഒരു സ്വന്തം ആരാധനസ്ഥ ലം തങ്ങൾക്കായി ആവശ്യപ്പെടുകയില്ലെങ്കിലും ദൈവാ ലയത്തിൽ ഒരു പ്രത്യേകസ്ഥലം അവകാശപ്പെടാതിരി ക്കുകയില്ല. ഇപ്പോൾ എന്റെ ആത്മീയബോധങ്ങളിൽ

എനിക്കു തീക്ഷ്ണതയും ശുഷ്കാന്തിയും ഉണ്ടെങ്കിലും ഞാൻ ഒരു ദുർബലനായ യുവാവാകുന്നു. അച്ഛനുമായുള്ള പോരാട്ടത്തിൽ ഞാൻ വിജയിയാകുന്നതിന്നു പൂർവ്വോപരി അവിടുത്തെ പ്രാർത്ഥനകളെ അപേക്ഷിക്കുന്നു. നിശ്ചയമായി വിവരങ്ങൾ തുടരെ അങ്ങെ അറിയിച്ചുകൊണ്ടിരിക്കുന്നതാണ്. അങ്ങയുടെ ആശിസ്സ് ഞാൻ അഭ്യർത്ഥിക്കുന്നു."

ശ്രീവാസൻ ജ്ഞാനസ്നാനം സ്വീകരിക്കാതെ പോകുന്നതു ഫാദർ ജോത്തിക്ക് വളരെ മർമ്മഭേദകമായി തോന്നി. എങ്കിലും, തൻെറ വിദ്യാർത്ഥിയുടെ ദൃഢനിശ്ചയത്തിലും മനശ്ശക്തിയിലും നിർവ്വിവാദമായ വിശ്വാസമുണ്ടായിരുന്നതുകൊണ്ട്, അതു് നീട്ടിവയ്ക്കുന്നതിൽ ശ്രീവാസനുണ്ടായിരുന്ന ന്യായങ്ങളെ അഭിനന്ദിക്കാതെയുമിരുന്നില്ല. അദ്ദേഹം തീക്ഷ്ണതാപൂർവ്വം ശ്രീവാസനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി.

ശ്രീവാസൻ സ്വഭവനത്തിലേയ്ക്കു മടങ്ങുന്ന അവസരത്തിൽ, മതപരിവർത്തനംചെയ്തവർ താമസിക്കുന്ന ഗ്രാമത്തിനു സമീപേകൂടെ കടന്നുപോകുന്നതിനിടയായി. അപ്പോൾ അവിടെനിന്നു രാമസ്വാമി ഇറങ്ങിപ്പോകുന്നതു് അയാൾ കണ്ടു. ശ്രീവാസൻ ദ്രുതഗതിയിൽ അയാളെ സമീപിച്ചു് തോളിൽക്കൊട്ടിക്കൊണ്ടു് ഇപ്രകാരം പറഞ്ഞു: "രാമസ്വാമീ, സ്നേഹിതാ, ഈ പ്രാവശ്യം നിങ്ങൾക്ക് എന്നിൽ നിന്നു് ഓടി ഒളിക്കാൻ സാധിക്കുകയില്ല. നിങ്ങൾ എന്നെ തീരെ മറന്നുപോയി അല്ലേ? നിങ്ങൾ പഠനം ഉപേക്ഷിച്ചുവെന്നു കേട്ടു. എന്തെങ്കിലും ജോലി ലഭിക്കുന്നതിനു ശ്രമിക്കുകയാണോ? നിങ്ങളുടെ ആത്മമിത്രമായ കൃഷ്ണസ്വാമി എവിടെ? അയാളെ എനിക്കു കാണുവാൻ സാധിച്ചില്ല. അയാളുടെ പരീക്ഷ എപ്രകാ

രമായിരുന്നുവെന്നറിയുന്നതിന് എനിക്കു വളരെ ആഗ്ര ഹമുണ്ട്. അയാൾ വിജയി ആകുമെന്നാണ് എന്റെ പ്രതീക്ഷ.''

രാമസ്വാമിക്ക് ശ്രീവാസനുമായി അഭിമുഖസംഭാഷണം നടത്തുന്ന കാര്യത്തിൽ അത്ര തൃപ്തിയുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, പഠനവിഷയത്തിൽ അത്ര വലിയ അന്തരമായിരുന്നു അവർ തമ്മിലുണ്ടായിരുന്നത്. ശ്രീവാസൻ ബുദ്ധിസാമർത്ഥ്യത്തിൽ സഹപാഠികളെല്ലാവരേയും സവിശേഷം അതിശയിച്ചിരുന്നു. അവിചാരിതമായ ഈ കൂടിക്കാഴ്ചയിൽ രാമസ്വാമി വല്ലാതൊന്ന് അമ്പരന്നു. അന്യായ്യമായ ഒരു പ്രവൃത്തിയിൽ പിടിക്കപ്പെട്ടാലെന്നപോലെ അയാൾ സ്തംഭിച്ചുനിന്നുപോയി. അനന്തരം, ഇടറിയസ്വരത്തിൽ ഇപ്രകാരം പറഞ്ഞു:

''ശ്രീവാസൻ, ഞാൻ പരിഹാസപാത്രമാകയാൽ ഏകാന്തതയാണാഗ്രഹിക്കുന്നത്. മദ്രാസിലും ഇവിടേയും തിരഞ്ഞെടുപ്പു പരീക്ഷയിൽ ഞാൻ പരാജിതനാകുകനിമിത്തം അച്ഛൻ ഇനിമേലിൽ എന്നെ സഹായിക്കുകയില്ലെന്നു തീരുമാനിച്ചതു നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. കൃഷ്ണസ്വാമിയെസ്സംബന്ധിച്ചാണെങ്കിൽ, കുറെ ദിവസങ്ങൾക്കുമുമ്പ് അയാളെ ഞാൻ കണ്ടു. വിജയത്തിൽ വലിയ ശരണമില്ലെന്നാണു പറഞ്ഞത്. അയാൾ ഒരു ജോലി അന്വേഷിച്ചു മദ്രാസിനു പോകുകയാണ്.''

ശ്രീവാ:– "രാമസ്വാമീ, കഷ്ടം! കഷ്ടം! വാസ്തവത്തിൽ ഞാൻ നിങ്ങളോടു സഹതപിക്കുന്നു. എന്നാൽ, തിരഞ്ഞെടുപ്പിലോ സർവ്വകലാശാലാ പരീക്ഷയിലോ ഉള്ള പരാജയം ഒരു വലിയ കാര്യമായി വിചാരിക്കാനില്ല. ഓ

ർൎക്കൊല്ലവും ജയത്തേക്കാൾ തോല്‌വിയാണല്ലോ കൂടു തൽ. പരീക്ഷയിലുള്ള അപജയം ജീവിതത്തിലുള്ള അപ ജയമായി കണക്കാക്കേണ്ടതുമില്ല. എന്തുകൊണ്ടെന്നാൽ, വിദ്യാലയത്തിൽ പരാജിതരായവരിൽപ്പലരും ജീവിത മത്സരത്തിൽ വിജയികളായിത്തീരുന്നതു് നാം. കാണു ന്നുണ്ട്. സ്നേഹിതാ, ഉന്മേഷരഹിതനാകാതെ, സന്തുഷ്ട ചിത്തനായിരിക്കുക. കാൎയ്യമിങ്ങനെയൊക്കെയാണെങ്കി ലും നിങ്ങൾ ഈ ഗ്രാമത്തിലേയ്ക്കു പോയതെന്തിനാണെ ന്നു പറയാമോ? ഹാ! നിങ്ങളുടെ മുഖഭാവം മാറുന്നല്ലോ. സ്നേഹിതൻ പരിഭ്രമിക്കുന്നു. എന്നാൽ, സംഗതിമറ യ്ക്കാൻ ഭാവിക്കേണ്ടാ. ഇപ്പോൾത്തന്നെ എൻെറ കൂട്ട ത്തിൽ വരുക. ഞാൻ കാൎയ്യം ലാഘവപ്പെടുത്തിത്തരാം. നിങ്ങൾ ഒരു കത്തോലിക്കനാകാൻ വിചാരിക്കുന്നേയു ള്ളോ; അതോ ആയിക്കഴിഞ്ഞോ?''

രാമസ്വാമി:— ''ശ്രീവാസൻ, നിങ്ങൾ എന്നെ സംബന്ധിച്ച് എന്തു വിചാരിക്കുമെന്ന് എനിക്കറിഞ്ഞു കൂടാ. ഞാൻ ഒരു കത്തോലിക്കനായിക്കഴിഞ്ഞു.''

ശ്രീവാ:— ''സ്നേഹിതാ, ഞാൻ എന്തു വിചാരിക്കു മെന്നോ? ഹാ! കൊള്ളാം. നിങ്ങൾ സ്വീകരിച്ചിരിക്കു ന്ന ഈ മഹനീയ പദവിയെക്കുറിച്ച് എനിക്കുള്ള ഹൃദ യംഗമമായ അഭിനന്ദനത്തിൻെറ ചിഹ്നമായി. ഇതാ ഈ തെരുവീഥിയിൽവച്ചുതന്നെ നിങ്ങളെ ഞാൻ ആശ്ലേ ഷിച്ചുകൊള്ളുന്നു. യഥാൎത്ഥത്തിൽ ഞാനും ഒരു കത്തോ ലിക്കനാണെന്നുള്ള പാരമാൎത്ഥ്യം സ്പഷ്ടമായി പ്രസ്താവി ച്ചുകൊള്ളുന്നു. പരീക്ഷാഫലം അറിഞ്ഞതിനുശേഷം

നാട്ടിലെത്തിയാലുടൻ ഞാൻ ജ്ഞാനസ്നാനം സ്വീകരിക്കുന്നതാണ്''.

രാമസ്വാമി കുറച്ചുനേരത്തേയ്ക്കു ഒന്നും പറയുവാൻ ശക്തനാകാതെ നിന്നുപോയി.

ശ്രീവാ:– ''രാമസ്വാമീ, എന്തു്! നിങ്ങൾ അത്ഭുതപരവശനായിക്കാണപ്പെടുന്നല്ലോ. നമ്മുടെ അനശ്വരമായ ആത്മരക്ഷയെ ലോകത്തിലുള്ള സകലത്തേയുംകാൾ വിലമതിക്കേണ്ടതല്ലയോ? നമ്മെ ഈ കോളേജിലേ വൈദികന്മാരുടെ അധീനതയിൽ ആക്കിയതിനും, വിലതീരാത്ത ദാനമായ കത്തോലിക്കാവിശ്വാസത്തെ സ്വീകരിക്കുന്നതിനിടയാക്കിയതിനും, കരുണാനിധിയായ ദൈവത്തോടു നാം എത്രമാത്രം കൃതജ്ഞരായിരുന്നാലും മതിയാകുന്നതല്ല. സ്നേഹിതാ, എൻെറ ഈ പ്രസ്താവം നിമിത്തമുണ്ടായ വിസ്മയം ഇനിയും നിങ്ങളെ വിട്ടുമാറിയില്ലെന്നു തോന്നുന്നല്ലോ. ഇനി നിങ്ങളുടെ അച്ഛൻെറ നയത്തെക്കുറിച്ചു ചിന്തിച്ചിട്ടാവശ്യമില്ല. നിങ്ങൾ ഒരു കത്തോലിക്കനായി എന്നറിയുമ്പോൾ ഒരുപക്ഷേ, നിങ്ങൾക്കുള്ള പൈതൃകാവകാശത്തെപ്പോലും അദ്ദേഹം നിരാകരിച്ചേക്കാം. അതും സഹിക്കുന്നതിന് ഒരുങ്ങിയിരുന്നുകൊള്ളുക. അതിനെ അത്ര വലുതായി ഗണിക്കേണ്ട ആവശ്യമില്ല. ഈ കോളേജിലേ വൈദികന്മാരുടെ സാഹായ്യത്തോടുകൂടെ ഇവിടെനിന്നു പോയി, മാന്യനിലയിലെത്തിയിട്ടുള്ള വല്ല പൂർവ്വവിദ്യാർത്ഥികളുടേയും സഹകരണത്തിൽ ഏതെങ്കിലും ജോലിയിൽ പ്രവേശിച്ചു ജീവിതം കഴിക്കുക. നിങ്ങളുടെ സ്ഥാനത്തു ഞാനായിരുന്നുവെങ്കിൽ ഈ ക്ഷണംതന്നെ ഈ ഗ്രാമം വിട്ടു നമ്മുടെ ആളുകളുടെ ഇടയിൽപോയി ധൈര്യസമേതം താമസിക്കുമായിരുന്നു. കത്തോലിക്കനായിത്തീ

രുകയെന്നുള്ളതു് "കായേൻെറ അടയാള"ത്താൽ മുദ്രിതനാകുകയല്ല. എന്നാൽ, മതപരിവൎത്തനം ചെയ്യുന്ന ആൾ തൻെറ മാനസാന്തരവൃത്താന്തത്തെ അനാവശ്യകമായി പ്രസിദ്ധമാക്കണമെന്നു് എനിക്കഭിപ്രായമില്ല. അങ്ങനെ ചെയ്യുന്നതു വെറും അബദ്ധമാണു്. ഈ ഗ്രാമം ഇവിടെ സംസ്ഥാപിതമായിരിക്കുന്നതു കത്തോലിക്കാമതത്തിലേയ്ക്കു മതപരിവൎത്തനം ചെയ്യുന്നവൎക്കു്, ബാഹ്യമായ മതപീഡനങ്ങളും ഞെരുക്കങ്ങളും ഉണ്ടാകാതെ, ഒരഭയസ്ഥാനം നല്കുന്നതിനുവേണ്ടിമാത്രമാകുന്നുവെന്നു ഞാൻ ന്യായ്യമായിക്കരുതുന്നു. മതപീഡനത്തിൽനിന്നു സംരക്ഷിക്കപ്പെടുന്നതിനു രാത്രിമുഴുവനും തരുശാഖകളിൽ അഭയം തേടേണ്ടകാലം പണ്ടേ കഴിഞ്ഞുപോയി.

ഒരു കത്തോലിക്കനായിത്തീൎന്നതുകൊണ്ടോ, ഹൈന്ദവ വിശ്വാസത്തെ തിരസ്കരിച്ചതുകൊണ്ടോ, എൻെറ സാമുദായികാചാരങ്ങളും വൎഗ്ഗീയമൎയ്യാദകളും സംത്യജിക്കേണ്ട ആവശ്യമില്ലെന്നു് എൻെറ ഹൈന്ദവ സഹോദരന്മാരെ ധരിപ്പിക്കുന്നതിനായി ഞാൻ അവരുടെ ഇടയിൽത്തന്നെ താമസിക്കാനാണു കരുതുന്നതു്. ഇങ്ങനെ ഒരു മാതൃക നമ്മുടെ സഹോദരന്മാൎക്കു നാം കാണിച്ചു കൊടുക്കേണ്ടതാണു്. മതപ്രചാരണവിഷയത്തിൽ ഈ മാതൃക ഊഹാതീതമായവിധം പ്രത്യക്ഷമായഫലം ചെയ്യാതിരിക്കയില്ല. മതപരിവൎത്തനം ചെയ്തവൎക്കായുള്ള ഈ ഗ്രാമത്തിൽ ജീവിക്കുന്നതുകൊണ്ടു് ഇത്ര പ്രയോജനകരമായ വേദപ്രചാരണമാൎഗ്ഗത്തെ നാം നിരുപയോഗമാക്കുകയാണു ചെയ്യുന്നതു്. മാത്രമല്ല, അവരുടെ ആക്ഷേപങ്ങളേയും പരിഹാസങ്ങളേയും ധൈൎയ്യത്തോടും മഹാമനസ്കതയോടുംകൂടെ

സഹിച്ചും, അവരുടെ നിന്ദനങ്ങളേയും ദുർവ്യാഖ്യാനങ്ങളേയും സൗമ്യതയോടെ ക്ഷമിച്ചും, അവരുടെയിടയിൽ പരിശുദ്ധമായി ജീവിക്കുന്നുവെങ്കിൽ നാം നമ്മുടെ നവീനമതത്തിൽ ഉത്തരോത്തരം ദൃഢവിശ്വാസമുള്ളവരാകുന്നതാണ്. ഏവംവിധമാണ് ആരംഭകാലങ്ങളിൽ വേദസാക്ഷികളുടെ രക്തം സഭയുടെ പരിപുഷ്ടിക്ക് ഹേതുവായിത്തീർന്നതും. അപവാദഭയം, കീർത്ത്യഭിലാഷം, വ്യക്ത്യാഭിമാനം, ആഭിജാത്യഗണനം, എന്നിവയാകുന്നു മതപരിവർത്തനംചെയ്തവർക്കു സാധാരണമായി വീണ്ടും വിശ്വാസത്യാഗത്തിന്നു കാരണമായിത്തീർന്നിട്ടുള്ളതു്. അല്ലെങ്കിൽ മതപരിവർത്തനം ചെയ്ത ഒരാൾ, ഒരിക്കൽ ഏതോ നിസ്സാരമായ കാര്യത്തിനുവേണ്ടി ഒരു വൈദികനുമായുണ്ടായ ശണ്ഠനിമിത്തം കുപിതനായി, താൻ ഇരുപത്തഞ്ചിൽപ്പരം കൊല്ലങ്ങൾ ഒരു കത്തോലിക്കനായിരുന്നതിനെക്കുറിച്ച് അതിയായി ഖേദിക്കുന്നുവെന്നു വിളിച്ചു പറഞ്ഞുകൊണ്ടു നടന്നതിന്റെ രഹസ്യമെന്താണ്? താമസംവിനാ അയാൾ തന്റെ വിശ്വാസത്യാഗത്തെക്കുറിച്ചു കൊട്ടിഗ്ഘോഷിച്ചുകൊണ്ടു് അപരിചിതന്മാർക്കു വിനോദത്തിനും, സ്നേഹിതന്മാർക്കു സങ്കടത്തിനും, തനിക്കുതന്നെ പരിഹാസത്തിനും കാരണമുണ്ടാക്കിയതെങ്ങനെ? ആകയാൽ, നിങ്ങൾക്കു് ഒരു ജോലി ലഭിച്ചതിന്റെശേഷം, സ്വതന്ത്രനായി, പൗരുഷത്തോടുകൂടെ കത്തോലിക്കാവിശ്വാസത്തെ സ്വീകരിച്ചതുപോലെതന്നെ ഈ ഗ്രാമത്തെ സംത്യജിച്ച് ഹൈന്ദവസമുദായമദ്ധ്യേ ധൈര്യസമേതം താമസിക്കുക."

രാമസ്വാമി വിസ്മയത്തോടുകൂടെ ശ്രീവാസനെ വീക്ഷിച്ചുകൊണ്ടു നില്ക്കുന്നതിനല്ലാതെ മറുപടിയായി ഒരക്ഷരംപോലും സംസാരിക്കുന്നതിനു ശക്തനായിരുന്നില്ല. ശ്രീവാസൻ തന്റെ സ്നേഹിതനോടു ഹസ്തദാനംകൊണ്ടു യാത്ര പറഞ്ഞതിന്റെശേഷം പോകുകയും ചെയ്തു.

# V

ശ്രീവാസൻ ഫാദർ ജ്യോതിക്ക് കത്തുകൾ മുടങ്ങാതെ അയച്ചുകൊണ്ടിരുന്നു. അച്ഛന്റെ അനുവാദം ലഭിക്കുന്നതിനു ചെയ്ത പരിശ്രമങ്ങളെല്ലാം എപ്രകാരം നിഷ്ഫലങ്ങളായെന്നും അദ്ദേഹത്തെ സമ്മതിപ്പിക്കുന്നകാര്യം എത്രകണ്ടു വൈഷമ്യമേറിയതെന്നും, പുത്രന്റെ മതപരിവർത്തനോദ്ദേശ്യത്തെ അയൽവാസികളിൽനിന്നും മറച്ചുവയ്ക്കുവാൻവേണ്ടിമാത്രമാണ് തന്നെ വീട്ടിൽനിന്ന് ആട്ടിപ്പുറത്താക്കാതെ, തന്റെകൂടെ താമസിച്ചുകൊള്ളുവാൻ അനുവദിക്കുന്നതിന് അദ്ദേഹം നിർബന്ധിതനായിരിക്കുന്നതെന്നും അയാളുടെ അവസാനത്തെ കത്തിൽ വിശദമായി പ്രസ്താവിച്ചിരുന്നു. ആ എഴുത്തിന്റെ അവസാനഭാഗം ഇപ്രകാരമായിരുന്നു: "ഫാദർ, അങ്ങ് എന്നെക്കുറിച്ച് യാതൊന്നും ഭയപ്പെടേണ്ടാ. എനിക്കു പൂർണ്ണസുഖമാണ്. എന്റെ ഭവനത്തിൽത്തന്നെ എന്റെ വിശ്വാസത്തിനുവേണ്ടി ഞാൻ അധിക്ഷേപിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ അവയെ ഞാൻ സസന്തോഷം സ്വീകരിക്കുകയും ക്ഷമാപൂർവ്വം സഹിക്കുകയുമാണു ചെയ്യുന്നതു്. ഈശ്വരപ്രസാദവരത്താൽ ഈ പോരാട്ടത്തിൽ അവസാനംവരെ ധൈര്യസമേതം വർത്തിക്കുന്നതിനും അച്ഛൻ എന്നോടു പ്രദർശിപ്പി

ക്കുന്ന വിരോധഭാവത്തെ ഗണ്യമാക്കാതെ പണ്ടേപ്പോലെ അദ്ദേഹത്തെ ഞാൻ സ്നേഹിക്കുന്നതിനും ശ്രദ്ധിച്ചുകൊള്ളാം."

സർവ്വകലാശാലാപരീക്ഷയുടെഫലം പ്രസിദ്ധീകൃതമായി. രണ്ടു വിഷയത്തിന് ശ്രീവാസൻ പ്രസിഡൻസിയിൽ പ്രഥമസ്ഥാനം കരസ്ഥമാക്കി. ശോഭനമായ ഈ വിജയത്താൽ കോളേജിന് അസാമാന്യമായ പ്രശസ്തി ലഭിച്ചതിനാൽ, തൻെറയും കോളേജ് അധികൃതന്മാരുടേയും നാമത്തിൽ അനുമോദിച്ചുകൊണ്ട് ഫാദർ ജ്യോത്തി ശ്രീവാസന് ഉടനെ തന്നെ ഒരു കത്തയച്ചു. അനന്തരം ശ്രീവാസൻെറ ഭാവി ജീവിതപദ്ധതി എന്താണെന്ന് അയാളിൽനിന്ന് അറിവാൻ അദ്ദേഹം തീക്ഷ്ണതയോടെ പാർത്തിരുന്നു. യാതൊരു വിവരവും ലഭിക്കാതെ ഒരുമാസം കഴിഞ്ഞു. ഫാദർ ജ്യോത്തി ചിന്താകുലനായി. ശ്രീവാസൻെറ പരീക്ഷാവിജയം അയാളുടെ മനോനിശ്ചയത്തെ വ്യതിചലിപ്പിച്ചുവോ എന്നും, പിതാവിൻെറ മുട്ടനങ്ങൾക്കും പ്രേരണകൾക്കും അയാൾ വശംവദനായോ എന്നും അദ്ദേഹം സംശയിക്കുവാൻ തുടങ്ങി. അനേകം കത്തുകൾക്കു ശ്രീവാസൻ മൗനം ദീക്ഷിച്ചതുമൂലം ഫാ. ജ്യോത്തി അസ്വാസ്ഥചിത്തനായിത്തീർന്നു. കോളേജ് വീണ്ടും തുറന്നു. അടുത്തദിവസം ഒരു വിദ്യാർത്ഥി ഫാദർ ജ്യോത്തിയുടെ അടുക്കൽ വന്ന്, താൻ തീവണ്ടിസ്റ്റേഷനിൽവച്ചു കണ്ടുമുട്ടിയ ശ്രീവാസൻ കൊടുത്തയച്ചതാണെന്നു പറഞ്ഞു് ഒരു കത്തു് അദ്ദേഹത്തെ ഏല്പിച്ചു. ഉപകാരം പറഞ്ഞു വിദ്യാർത്ഥിയെ അയച്ചശേഷം അദ്ദേഹം എഴുത്തു തുറന്നു താഴെ വരുന്നപ്രകാരം വായിച്ചു.

"ഏ. പ്രി. ബ. ഫാദർ ജ്യോത്തി,

അങ്ങ് ഇക്കഴിഞ്ഞ ആഴ്ചകളെല്ലാം എ ൻെറ വിവരങ്ങൾ ഗ്രഹിക്കുന്നതിന് അതീവമായി ആഗ്രഹിച്ചുകൊണ്ടാണിരുന്നതെന്ന് എനിക്കറിയാം. എൻെറ മൗനത്തിൻെറ ഹേതു പിന്നാലെ ഞാൻ വിശദമാക്കാം. അധികം താമസിയാതെ അലഹബാദിൽ നടത്തുന്ന ഐ. സി. എസ്. പരീക്ഷയ്ക്കു ചേരുവാൻ അച്ഛൻ എന്നെ നിർബന്ധിക്കുന്നു. ഇന്നു രാത്രി ഞാൻ പുറപ്പെടുന്നതാണ്. 'കത്തോലിക്കാസഭയ്ക്കു പുറമെ നിത്യരക്ഷ അസാദ്ധ്യമോ' എന്നതിനെ സംബന്ധിച്ചു താഴെ ചേർത്തിരിക്കുന്ന എൻെറ മേൽവിലാസത്തിൽ 'അലഹബാദിലേയ്ക്കു' സദയം എഴുതി അയക്കണമേ.

അങ്ങയുടെ പ്രിയ ശിഷ്യൻ,
ശ്രീവാസൻ."

ഒടുവിലത്തെ ചോദ്യം ഫാദർ ജ്യോത്തിയെ അല്പം വിഷമിപ്പിക്കാതിരുന്നില്ല. അദ്ദേഹം ഇപ്രകാരം ആത്മഗതം ചെയ്യുവാൻ തുടങ്ങി:— "ഇതിൻെറ ഉദ്ദേശ്യമെന്തായിരിക്കാം. പ്രസ്തുത ചോദ്യത്തിൻെറ സമാധാനം എന്നോടൊപ്പം ശ്രീവാസനും അറിയാവുന്നതാണല്ലോ. ഇങ്ങനെ ഒരു ചോദ്യം ഈ സന്ദർഭത്തിൽ ചോദിക്കുതിൻെറ കാരണമെന്തു? സുദൃഢമായിരുന്ന തൻെറ അഭിപ്രായങ്ങളെ അയാൾ തിരസ്കരിക്കുവാൻ ഭാവിക്കയാണോ! അയാളുടെ ഇപ്പോഴത്തെ കത്തിനും മുമ്പിലത്തേതിനും തമ്മിൽ എന്തൊരന്തരം!" ഫാദർ ജ്യോത്തി സമാധാനരഹിതനായി. അദ്ദേഹം താമസംവിനാ മറുപടി എഴുതുന്നതിനാരംഭിച്ചു. തൻെറ ഭീതികളേ,

ൻ്ശേഷവും ഗോപനംചെയ്യാതെ അദ്ദേഹം സകല വും വിശദമായി രേഖപ്പെടുത്തി. അനന്തരം വേറൊരു കടലാസിൽ "കത്തോലിക്കാസഭയ്ക്കു പുറമേ രക്ഷയില്ല" എന്നുള്ള വിശ്വാസസിദ്ധാന്തത്തെ എത്രയും വിശദമായി അദ്ദേഹം പ്രതിപാദിച്ചു. തൻെറ കത്തിലേ മററു സംഗതികൾ ഗ്രഹിക്കുന്നതിനിടയാകാതെ, ഈ ഭാഗം ഇതരന്മാക്കുകൂടെ ഉപയോഗയോഗ്യമായിത്തീരണമെന്നുദ്ദേശിച്ചാണ് അദ്ദേഹം ഇപ്രകാരം ചെയ്തതു്. ശ്രീവാസൻ അലഹബാദിൽ എത്തുന്ന അന്നുതന്നെ അയാൾക്കു ലഭിക്കത്തക്കവണ്ണം കത്തു് അന്നത്തെ തപാലിൽ തന്നെ അയച്ചു. ആഴ്ചകൾ പലതുകഴിഞ്ഞിട്ടും ശ്രീവാസനിൽനിന്നു യാതൊരു വിവരവും ലഭിച്ചില്ല. ശ്രീവാസൻ ഐ. സി. എസ്സ്. പരീക്ഷയിൽ വിജയി ആയതിൻെറശേഷം 'അണ്ടർസെക്രട്ടറി' ഉദ്യോഗത്തിൽ നിയമിതനായിരിക്കുന്നുവെന്നൊരു വാൎത്ത കുറെനാൾ കഴിഞ്ഞു ഫാദർ ജോത്തി ഗസററിൽ നിന്നറിയുകയുണ്ടായി. എന്നാൽ, അയാളിൽനിന്നു യാതൊന്നും അറിവാൻ കഴിഞ്ഞില്ല. ഫാദർ ജോത്തി പരിഭ്രമിക്കുകയും ചിന്താകുലനായിത്തീരുകയുംചെയ്തു.

# VI

ശ്രീവാസൻ അണ്ടർസെക്രട്ടറി ഉദ്യോഗം സ്വീകരിച്ചു ജോലിയിൽ പ്രവേശിച്ചു. അദ്ദേഹത്തിൻെറ താമസം മനോഹരമായ ഒരു ബംഗ്ളാവിൽ ആയിരുന്നു. അഭിഭാഷകപ്രധാനന്മാർ, ഉദ്യോഗസ്ഥപ്രമുഖന്മാർ ആദിയായി സ്വസമുദായത്തിൽപ്പെട്ടവർതന്നെയായിരുന്നു അദ്ദേഹത്തിൻെറ അയൽവാസികൾ. ശോഭനമായിരുന്ന വിദ്യാഭ്യാസം, പ്രഭാവപൂർവ്വകമായ സ്ഥാനം, അചഞ്ചലമായ മതാചാരനിഷ്ഠ, ആകർഷകമായ സ്വഭാവവിശേഷം, സർവ്വോപരി നിഷ്കളങ്കവും നൈസർഗ്ഗികവുമായ ജീവിതരീതി ഇവയെല്ലാം അദ്ദേഹത്തെ താമസംവിനാ സമീപവാസികളുടെ ആപ്തമിത്രമാക്കിത്തീർത്തു. അദ്ദേഹത്തിൻെറ വസതി, ആ സ്ഥലത്തെ ഉൽകൃഷ്ടജനങ്ങളുടെ ഒരു സമ്മേളനരംഗമായിപ്പരിണമിച്ചു. വിശിഷ്യ, അവിവാഹിതകളായ പുത്രിമാരുണ്ടായിരുന്നവർ, മധുവിനു ചുററും മക്ഷികയെന്നപോലെ, അദ്ദേഹത്തെ വലയംചെയ്തു. സൂക്ഷ്മഗ്രാഹിയായിരുന്ന ശ്രീവാസൻ അവരുടെ ഉദ്ദേശ്യങ്ങളെ ഗ്രഹിച്ച് മനസാ മന്ദഹസിക്കുകതന്നെചെയ്തു. സ്ഥിരനിഷ്ഠനായ ഒരു ബ്രാഹ്മണനായിത്തന്നെ ജീവിച്ചുപോന്നിരുന്നതിനാൽ അദ്ദേഹത്തെ സംബന്ധിച്ചു യാതൊരപവാദവും കേൾക്കുവാനിടയായില്ല; പ്രത്യുത, കോലാഹലബഹുലമായ ആ നഗരത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പരിശുദ്ധവും നിഷ്കളങ്കവുമായ

കീൎത്തിയെ എല്ലാവരും ആദരിക്കുകയും വിലമതിക്കു കയും ചെയ്തിരുന്നു.

ഒരു ദിവസം (അന്ന് ഒരു അവധിദിവസമായിരുന്നു) അനേകം സ്നേഹിതന്മാർ ശ്രീവാസൻെറ വസതിയിൽ ഒന്നിച്ചുകൂടി. അവരുടെ സംഭാഷണം ഇൻഡ്യയുടെ താൽകാലികമായ രാഷ്ട്രീയ സ്ഥിതിയിലേക്കു കടന്നു. മിസ്റ്റർ അയ്യർ—പണ്ഡിതനായ ഒരു വക്കീൽ—ഇൻഡ്യയുടെ വിധി, സദാ വൈദേശികമേധാവിത്വത്തിനടിമപ്പെട്ടിരിക്കുക എന്നതാണെന്നും, നാം എന്തെല്ലാം ചെയ്താലും ഇൻഡ്യയ്ക്കു സ്വാതന്ത്ര്യപ്രാപ്തി ഉണ്ടാകുകയില്ലെന്നും അഭിപ്രായപ്പെട്ടു. "വിധിവിഹിതം ലംഘിക്കുവാൻ ആർക്കു കഴിയും? ഇൻഡ്യാക്കാരായ നാം ഒന്നുചേർന്നു നമ്മുടെ കർമ്മഫലം അനുഭവിക്ക തന്നെ വേണം. കർമ്മത്തിൻെറ നിഷ്ഠുരനിയമമായ ചതുരംഗക്കളത്തിൽ യഥേഷ്ടം തള്ളിമാററപ്പെടുന്ന കരുക്കൾ മാത്രമാണു നാം. നമ്മുടെ വിധിയെക്കുറിച്ചു വിലപിച്ചിട്ടു യാതൊരു പ്രയോജനവുമില്ല." അനന്തരം, ഡോക്ടർ സ്റ്റാൻലി ജോൺസ് ക്രിസ്തുമതത്തെ അധികരിച്ചു ചെയ്തിട്ടുള്ള പ്രസംഗങ്ങളായി സംഭാഷണവിഷയം. ഒരു റിട്ടയർഡ് ഡിസ്ട്രിക്റ്റ് ജഡ്ജിയായ മി. ശാസ്ത്രി ഇപ്രകാരം അഭിപ്രായപ്പെട്ടു: "ഇൻഡ്യയെ ലോകത്തിലുള്ള വിവിധ ജാതിമതങ്ങളുടേയും സംഘങ്ങളുടേയും ഒരു വിക്രയരംഗമാക്കിത്തീർക്കുന്നതിൻെറ ഔചിത്യം എനിക്കു മനസ്സിലാകുന്നില്ല. ഈ ക്രിസ്ത്യൻ മിഷ്യനറിമാരും അവരുടെ ഏജൻറന്മാരും നമ്മുടെ ഇടയിൽ തങ്ങളുടെ മതം പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ ഇത്രമാത്രം തീക്ഷ്ണത പ്രദർശിപ്പിക്കുന്നതിൻെറ ഉദ്ദേശ്യമെന്താണ്?

ഹിന്ദുമതം ക്രിസ്തുമതത്തെക്കാൾ പുരാതനമാണെന്നു ള്ളതു സർവ്വസമ്മതമത്രേ. മാത്രമല്ല, എല്ലാമതങ്ങളും ഉത്തമങ്ങളാണെന്നും അവയെല്ലാം നമ്മെ ഏകനായിരിക്കുന്ന ദൈവത്തിങ്കലേയ്ക്കു് ആനയിക്കുന്നുവെന്നും പണ്ഡിതന്മാരെല്ലാവരും വിശ്വസിച്ചുപോരുന്നു. ഓരോരുത്തർക്കും എന്തുകൊണ്ടു് അവനവന്റെ മതവിശ്വാസം സംരക്ഷിച്ചുകൂടാ? സാമുദായികമായും വ്യക്തിപരമായും ഉള്ള അനവധി കലാപങ്ങളുടേയും ഭിന്നതകളുടേയും നിദാനം, മററൊരുത്തന്റെ മതവിശ്വാസത്തിലും ആചാരത്തിലും അനാവശ്യമായി കൈകടത്തുന്നതുതന്നെയാണ്." ഒരു യാഥാസ്ഥിതിക പണ്ഡിതനായ മിസ്റ്റർ ചാരി ഈ അഭിപ്രായം ശ്രവിച്ചതിന്റെ ശേഷം ഇപ്രകാരം പറഞ്ഞു:— "ഈ പ്രപഞ്ചംതന്നെ മായയാണ്. നാമെല്ലാവരും ഒരു വ്യാമോഹത്തിനധീനരാണ്. നാം കാണുകയോ, ചിന്തിക്കുകയോ, പറയുകയോ, പ്രവത്തിക്കുകയോ ചെയ്യുന്നവയിൽ ഒന്നും തന്നെ യഥാത്ഥമല്ല. എല്ലാം വെറും വ്യാമോഹം മാത്രം. നാം ഒരു സ്വപ്നാവസ്ഥയിൽ വത്തിക്കയത്രേ ചെയ്യുന്നതു്." ഇങ്ങനെ ഓരോരുത്തരും അവനവന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയല്ലാതെ ആരെങ്കിലും എതിരു പറയുവാൻ തുനിഞ്ഞില്ല. എല്ലാവരും അവനവന്റെ അഭിപ്രായത്തിലും, അതേസമയം തന്നെ ഇതരന്മാരുടേതിലും വിശ്വാസമുള്ളവരായിട്ടാണു പ്രത്യക്ഷപ്പെട്ടതു്. ആതിഥേയനോടായിട്ടു് മി. ശർമ്മ പറഞ്ഞു: "ഹേ, മി: ശ്രീവാസൻ, നിങ്ങൾ ഞങ്ങളുടെ ഈ സംഭാഷണത്തിൽ ഒട്ടുംതന്നെ പങ്കെടുത്തിട്ടില്ല. തീർച്ചയായി, നിങ്ങൾ ഉദാസീനനായിരിക്കയില്ല. പ്രതിപാദ്യവിഷയങ്ങൾ രസാവഹങ്ങളാണ്. ഞങ്ങൾക്കു നി

ങ്ങളുടെ അഭിപ്രായവും കേട്ടു കഴിയു." എല്ലാവരും ശ്രീവാസന്റെ നേരെ തിരിഞ്ഞു. ഒരു പ്രഭാപൂരം അദ്ദേഹത്തെ വലയം ചെയ്തിരിക്കുന്നതായി അവർക്കു തോന്നി.

ശ്രീവാ:– "മാന്യരേ, ഞാൻ മൗനമവലംബിച്ചു കേൾക്കുകയായിരുന്നുവെങ്കിലും കേവലം ഉദാസീനനായിരുന്നില്ല. നിങ്ങളിൽ ഭൂരിപക്ഷംപേരും എന്നെക്കാൾ പ്രായവും, ലോകപരിചയവും, അറിവും ഉള്ളവരാണ്. അതിനാൽ എന്റെ ആശയങ്ങളും അഭിപ്രായങ്ങളും നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിൽ ഞാൻ ന്യായ്യമായി ശങ്കിക്കേണ്ടതാണ്. എന്നാൽ, ഞാൻ വിമർശിക്കപ്പെടുകയും തിരുത്തപ്പെടുകയും ചെയ്യേണ്ടതും അത്യാവശ്യം തന്നെ. ആകയാൽ, പ്രഥമതഃ മി. ചാരിയുടെ അഭിപ്രായംതന്നെ എടുക്കാം. അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ച് ഈ പ്രപഞ്ചവും അതിലുൾപ്പെട്ട നാമെല്ലാവരും മായയ്ക്കു്, അഥവാ, അവിദ്യയ്ക്കു് അധീനരാണ്. എന്നാൽ അദ്ദേഹവും മായയ്ക്കധീനനാണെന്നു ഞാൻ വിശ്വസിക്കുന്നതിൽ അസാംഗത്യമില്ലല്ലോ. അങ്ങനെയെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായവും അയഥാൎത്ഥംതന്നെ. മായാസ്ഥിതമായ ഒരു മനസ്സിന്റെ അഭിപ്രായങ്ങൾ പരമാൎത്ഥമായി ഗണിക്കപ്പെടേണ്ടതില്ലല്ലോ. 'ക്രീററന്മാരെല്ലാം അസത്യവാദികളാകുന്നു' എന്നു പറഞ്ഞ ആ ക്രീററൻ താത്വികനെപ്പോലെ ഇപ്പോൾ എന്റെ സ്നേഹിതനും അബദ്ധം പിണഞ്ഞിരിക്കയാണ്. അദ്ദേഹം മായയെ ആസകലം പരിത്യജിക്കാത്തിടത്തോളം കാലം, അഥവാ, ശക്തിപ്രയോഗത്താൽ മായ തിരോധാനം ചെയ്യുമെന്നു് അനുഭവവേദ്യമായവിധം അദ്ദേഹത്തെ ഇതരന്മാർ ഗ്രഹിപ്പിക്കാത്തിടത്തോളം കാലം അദ്ദേഹം അതിൽനിന്നു രക്ഷ പ്രാപിക്കുകയില്ല.

എൻെറ മായാസ്നേഹിതന്ന് ഇതെപ്പററി എന്തെങ്കിലും പറയുവാനുണ്ടോ? അദ്ദേഹം നിശ്ശബ്ദനായിരിക്കുന്നു. ഞാൻ തുടർന്നുകൊള്ളട്ടെ. മി. ശാസ്ത്രി വാദിക്കുന്നതു് എല്ലാമതങ്ങളും സ്വാനുയായികളെ ഒരേദൈവത്തിങ്കലേയ്ക്കു നയിക്കുന്നവയാകയാൽ സ്വീകാര്യങ്ങളാണെന്നത്രെ. എല്ലാമതങ്ങളിലും അംഗീകരണാർഹങ്ങളായ ഏതാനും സ്വാഭാവിക തത്വങ്ങൾ അടങ്ങിയിരിക്കുന്നുവെന്നു ഞാനും സമ്മതിക്കുന്നു. അസത്യങ്ങളും അബദ്ധങ്ങളും മാത്രം ഉപദേശിക്കുന്ന ഒരു മതം ആർക്കാണു സ്വീകാര്യമായിരിക്കുക?

ഓരോമതത്തിൻെറയും യഥാൎത്ഥവൈശിഷ്ട്യത്തെക്കുറിച്ചു പ്രത്യേകവാദം നടത്തണമെന്നു ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. അതിനു വേണ്ട സമയമോ, നിങ്ങൾക്ക് അതു ശ്രദ്ധിക്കുവാൻ വേണ്ട ക്ഷമയോ ഉണ്ടായിരുന്നാൽത്തന്നെയും ഇപ്പോൾ അതു് അനാവശ്യകമത്രേ. എന്നാൽ, ഒന്നു ചോദിച്ചുകൊള്ളട്ടെ. എല്ലാമതങ്ങളും യഥാൎത്ഥമാണെങ്കിൽ, മൗലികമായ വിശ്വാസസത്യങ്ങളേയും ആചാരങ്ങളേയും സംബന്ധിച്ച് അവയിൽ പരസ്പരവിരുദ്ധത കാണുന്നതെന്തുകൊണ്ടു? അപ്രധാനതത്വങ്ങളിലുള്ള വൈരുദ്ധ്യത്തെ ഇവിടെ ഞാൻ വിവക്ഷിക്കുന്നില്ല. ഈശ്വരസ്വഭാവം, സൃഷ്ടി, ആത്മാവു്, പാപം, മുക്തി എന്നിവ മനുഷ്യനെ സംബന്ധിച്ചിടത്തോളം മൗലികങ്ങളും പ്രധാനങ്ങളുമായ തത്വങ്ങൾതന്നെ. അവശ്യാവശ്യകങ്ങളായ ഈ തത്വങ്ങളെ സംബന്ധിച്ച യഥേച്ഛം എന്തും വിശ്വസിച്ചുകൊണ്ടു് ഒരു മനുഷ്യന്ന് ഈശ്വരനെ പ്രസാദിപ്പിക്കുവാൻ അസാദ്ധ്യമാണ്. ഒരു ക്രൈസ്തവന്നും, ഒരു ഹിന്ദുവിന്നും, ഒരു മഹമ്മദീയന്നും അവനവൻെറ

വിശ്വാസമനുസരിച്ചുകൊണ്ട് തുല്യനിലയിൽ സർവ്വശക്തനും ഭൂസ്വർഗ്ഗങ്ങളുടെ സ്രഷ്ടാവുമായ ഈശ്വരനെ പ്രാപിക്കുന്നതിനു കഴിയുമെന്ന് എങ്ങനെ സയുക്തികം പറയുവാൻ നമുക്കു സാധിക്കും?"

മി. ശാസ്ത്രി:– "അങ്ങനെയെങ്കിൽ ഹിന്ദുമതം, ബുദ്ധമതം, മഹമ്മദുമതം ആദിയായ മതങ്ങൾ അനേക സംവത്സരങ്ങൾ നിലനിന്നുപോരുന്നതിന്റെ ഹേതുവെന്ത്? എന്തുകൊണ്ടാണ് അവയെല്ലാം തുടർന്നുകൊണ്ടുപോകുന്നതിന് ഈശ്വരൻ അനുവദിക്കുന്നത്?"

ശ്രീവാ:– ഒരു മനുഷ്യന് സ്രഷ്ടാവിന്റെ ഉദ്ദേശ്യങ്ങൾ എല്ലാം ഗ്രഹിക്കുവാൻ കഴിയുകയില്ല. എന്നല്ല, അവന് അതിന്ന് അവകാശവുമില്ല. ഒരു ഭൃത്യന്റെ കർത്തവ്യം, തന്റെ യജമാനന്റെ ആദർശങ്ങളേയും ഉദ്ദേശ്യങ്ങളേയും പററി ഒന്നുംതന്നെ ചോദ്യംചെയ്യാതെ അദ്ദേഹത്തിന്റെ ആജ്ഞയെ അനുവർത്തിക്കുക എന്നതുമാത്രമാണ്. അങ്ങനെയെങ്കിൽ, മനുഷ്യൻ ഈശ്വരന്റെ ഉദ്ദേശ്യങ്ങളേയും ആലോചനകളേയും, രഹസ്യങ്ങളേയും ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നതു കേവലം മൗഢ്യവും ധാർഷ്ട്യവുമല്ലാതെ മററെന്താണ്? നമ്മുടെ പ്രശ്നത്തിന്റെ യാഥാർത്ഥ്യം മറെറാരു പ്രശ്നത്താൽ വിശദമാക്കാം. ലോകത്തിൽ ഉത്തമന്മാരും അധമന്മാരും ഇല്ലയോ? അതിൽ അധമന്മാർ ചിലപ്പോൾ ഉത്തമന്മാരെക്കാൾ ഐശ്വര്യവാന്മാരായിരിക്കുന്നില്ലേ? ദുഷ്ടന്മാരെ എല്ലാം ഉന്മൂലനം ചെയ്വാൻ ഈശ്വരനു സാധിക്കും. എങ്കിലും അവിടുന്ന് അപ്രകാരം ചെയ്യുന്നില്ല. ഒരു പിതാവിനു മൂന്നോ നാലോ പുത്രന്മാരുണ്ടെന്നു വിചാരിക്കുക. എല്ലാവരും

ഒരേ സ്വഭാവത്തോടും മനോഭാവത്തോടും കൂടിയവരായിരിക്കുകയില്ല. ഒരുത്തൻ അത്യുത്തമനും, മററൊരുത്തൻ അതിനീചനും, മൂന്നാമൻ ഈ രണ്ടാളുകളിൽനിന്നു വ്യത്യസ്തനുമായിരിക്കാം. ആ പിതാവു് ഉത്തമനായ പുത്രനെ കൂടുതൽ സ്നേഹിക്കുക എന്നതു സ്വാഭാവികമാണല്ലോ. മററു പുത്രന്മാരുടെ ന്യൂനതകളെ അദ്ദേഹം ക്ഷമിക്കുകയും, നന്നാകുമെന്നുള്ള പ്രതീക്ഷയോടെ അവരെ സംരക്ഷിക്കുകയും ചെയ്യുന്നു. ഇതുപോലെതന്നെയാണു് സത്യവിരുദ്ധങ്ങളായ മതങ്ങളോടും അവയെ അനുസരിക്കുന്ന ജനങ്ങളോടും ഈശ്വരൻ വർത്തിക്കുന്നതും."

മി. ശർമ്മാ:— "എന്നാൽ, നിങ്ങൾ വിവക്ഷിക്കുന്നതുപോലെ ഈശ്വരൻ ഒരു മതം മാത്രം മനുഷ്യനു പ്രദാനംചെയ്കയും, മററു മതങ്ങളുടേയും ആസ്തിക്യത്തെ അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ, എല്ലാ മതങ്ങളിലും സുകൃതവാന്മാരായ ആളുകളെക്കാണുന്നതെങ്ങനെ? അതിനു നിങ്ങൾ എന്തു കാരണം നല്കും?"

ശ്രീവാ:— "എല്ലാമതങ്ങളിലും സത്തുക്കളെ കാണുവാൻ കഴിയുമെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ അതു്, ആ മതങ്ങളിൽ അബദ്ധങ്ങളുടെ കൂട്ടത്തിൽ വാസ്തവങ്ങളായ ചില സ്വാഭാവിക സത്യങ്ങൾകൂടെ ഉണ്ടായിരിക്കുന്നതിന്റെ ഫലമാണു്. കവർച്ചക്കാരുടേയും മോഷ്ടാക്കളുടേയും കൂട്ടത്തിലും നല്ല ആളുകളില്ലേ? ഇതുപോലെ, അബദ്ധങ്ങളുടെ കൂട്ടത്തിൽ യഥാർത്ഥമായ ഏതാനും സ്വാഭാവികതത്ത്വങ്ങളെക്കൂടെ പാലിച്ചു പോരുന്ന മതങ്ങളിലും നല്ല ആളുകളെ കാണ്മാൻ കഴിയുന്നതാണു്."

മി. അയ്യങ്കാർ:– "ഈ ആളുകൾ ഈശ്വരോപദിഷ്ടമായ സത്യമതത്തിന്നു പുറമേ സ്ഥിതിചെയ്യുന്നവരാണെങ്കിലും, അവിടുന്ന് അവരെ സമ്മാനിക്കാതിരിക്കുമോ? അവർ ഇപ്പോൾ ആ മതങ്ങളിൽ തന്നെ വിശ്വസിച്ചുപോരുന്നതിൻെറ കാരണം അവർ അതിൽ ജനിച്ചുവെന്നുള്ള യാദൃച്ഛികസംഭവം മാത്രമാണല്ലോ?

ശ്രീവാ:– "നാം സാധാരണമായി ആരെയാണു സത്തുക്കളെന്നു വിളിക്കാറുള്ളത്? അവർ സത്തുക്കളെന്നു നിശ്ചയിക്കുന്നതു ബാഹ്യതത്വങ്ങളെ ആസ്പദമാക്കിയോ, ധാർമ്മികതത്വങ്ങളെ അടിസ്ഥാനമാക്കിയോ? ധനം, മാനം, അധികാരം, പ്രതാപം, പാണ്ഡിത്യം മുതലായവയുള്ള മനുഷ്യരെ സത്തുക്കളെന്നു ഗണിക്കുവാൻ പാടുണ്ടോ? ഇല്ല. പ്രത്യുത, നാം സത്തുക്കളെന്നു ഗണിക്കുന്നവർ ഈ വക ബാഹ്യഗുണങ്ങൾക്കെല്ലാം ഉപരിസ്ഥിതരും, അവയിൽനിന്നു സ്വതന്ത്രരുമത്രേ. തന്നോടും അന്യരോടും മാന്യമായിപ്പെരുമാറുകയും, സമീപവത്തികളോടു ദയയോടും ഔദാര്യത്തോടും സ്നേഹത്തോടുംകൂടെ വത്തിക്കയും, സ്വന്തം ഐശ്വര്യത്തെ എന്നപോലെതന്നെ അന്യരുടെ ഐശ്വര്യത്തെ കാംക്ഷിക്കുകയും ചെയ്യുന്ന ഒരാളാണ്—സമുദായത്തിൽ അയാൾക്കുള്ള സ്ഥാനം എന്തുമായിക്കൊള്ളട്ടെ—നമ്മുടെ സ്നേഹബഹുമാനാദരങ്ങളെ അർഹിക്കുന്നത്. അല്പമെങ്കിലും പ്രയത്നംകൂടാതെ ലഭിക്കത്തക്കതായി ലോകത്തിൽ ഭൗതികമോ ആദ്ധ്യാത്മികമോ ആയി എന്താണുള്ളത്? ഒരു ദരിദ്രനു ധനവാനാകുന്നതിനോ, ധനവാനു കൂടുതൽ ധനമാർജ്ജിക്കുന്നതിനോ, പ്രയത്നംകൂടാതെ

ഒരിക്കലും സാധിക്കുകയില്ല. അതുപോലെതന്നെ സാമ്രാജ്ഞികമായ അവശതകളുള്ളവനും സുകൃതവാനാകുന്നതിനോ, കൂടുതൽ ഗുണസമ്പന്നനാകുന്നതിനോ, പ്രയത്നംകൂടാതെ കഴികയില്ല. എന്നാൽ പ്രയത്നം ചെയ്യുന്നതിനുള്ള പ്രേരകശക്തി എന്താണ്? അതു നമ്മുടെ അപ്രതിഹതമായ തൃഷ്ണ തന്നെയല്ലേ? എന്നാൽ, സ്വാഭിലാഷങ്ങൾക്കു പരിപൂർണ്ണസംതൃപ്തി പ്രാപിച്ചവനും, ഉപരിതൃഷ്ണ നിശ്ശേഷം നശിച്ചവനുമായ ഒരു മനുഷ്യനെയെങ്കിലും ലോകചരിത്രമോ അനുദിനാനുഭവമോ നമുക്കു കാണിച്ചു തരുന്നുണ്ടോ? ജന്മാവകാശത്താൽ യാദൃച്ഛികമായി നമുക്കു ലഭിക്കുന്ന സ്ഥാനംകൊണ്ടു നാം ഒരിക്കലും സംതൃപ്തിയടയുന്നില്ല. നമ്മുടെ സ്ഥിതി അഭിവൃദ്ധമാക്കുവാൻ നാം അക്ഷീണം പ്രയത്നിക്കുന്നു. പുരോഗമനം ചെയ്യുന്നതിന് ഒരു കോടീശ്വരൻെറ പുത്രനുള്ളിടത്തോളംതന്നെ ആശ ഒരു നിർദ്ധനൻെറ പുത്രനുമുണ്ട്. ഔന്നത്യലാഭത്തിനായി നിരന്തരയത്നം ചെയ്യുവാനുള്ള അത്യാകാംക്ഷ ദരിദ്രനായിപ്പിറന്നവനേയും ധനികനായി ജനിച്ചവനേയും ഒന്നുപോലെ ബാധിക്കുന്നുണ്ട്. സ്വാഭിവാഞ്ഛ സഫലമാക്കുന്നതിനുള്ള തീക്ഷ്ണമായ ആഗ്രഹം എല്ലാവർക്കും ഉപര്യുപരി പ്രവൃദ്ധമായിക്കൊണ്ടേയിരിക്കുന്നു. എന്നാൽ, ഇന്നു നാം കാണുന്ന ഭൂരിപക്ഷം ആളുകളെ സംബന്ധിച്ചിടത്തോളം, സ്വസ്വാഭിലാഷങ്ങളെ സംതൃപ്തമാക്കുന്നതിനായുള്ള ഈ തൃഷ്ണയുടേയും പ്രയത്നത്തിൻേറയും പരമാന്ത്യം എന്താണ്? കേവലം ഭൗതികമായ ഒന്നുതന്നെ. ധാർമ്മികമായ അന്ത്യം പ്രാപിക്കുന്നതിനായി തങ്ങളുടെ പ്രയത്നങ്ങളെ വിനിയോഗിക്കുന്നവർ എത്ര ചുരുക്കം! സ്വസ്രഷ്ടാവിനാൽ അംഗീ

കരിക്കപ്പെട്ട മതത്തിൽത്തന്നെ ജന്മവശാൽ സ്ഥിതിചെയ്യുന്നതിനുള്ള ഭാഗ്യം തങ്ങൾക്കു ലബ്ധമായിട്ടുണ്ടോ എന്നു ചിന്തിക്കുന്നവർ അതിലും തുച്ഛരം. നമ്മുടെ സമീപസ്ഥന്മാരും സ്നേഹിതന്മാരും അനുസരിച്ചുപോരുന്ന വിവിധ മതങ്ങൾ തന്നെ ഏതാദൃശമായ ഒരു പര്യന്വേഷണത്തിന്റെ അപരിത്യാജ്യതയെ നമുക്കു നിശ്ചയമായി നിർദ്ദേശിച്ചു തരേണ്ടതാണ്. വിവേകബുദ്ധിയുടെ ഉദയത്തോടുകൂടെത്തന്നെ ഒരു ദരിദ്രന്റെ പുത്രനു സ്വപിതാവിന്റെ നിർദ്ധനാവസ്ഥയിൽ അതൃപ്തി ജനിക്കുകയും, തന്റെ നിലയെ ഉയർത്തുന്നതിനായി അവൻ അശ്രാന്തം പരിശ്രമിച്ചു തുടങ്ങുകയും ചെയ്യുന്നു. ഇതുപോലെതന്നെ കോടീശ്വരന്റെ പുത്രനും സ്വപിതാവിന്റെ വമ്പിച്ച ധനംകൊണ്ടു തൃപ്തനാകാതെ അതിനെ വർദ്ധിപ്പിക്കുന്നതിനു് അക്ഷീണയത്നം ചെയ്യുന്നു. എന്നാൽ, ഇവർ രണ്ടുപേരും സ്വസ്വപിതാക്കന്മാരുടെ മതവിശ്വാസത്തെ സംബന്ധിച്ചു കേവലം ഉദാസീനന്മാരും, സത്യാന്വേഷണത്തിൽ അത്യധികം വിമുഖന്മാരുമാണ്. എങ്കിലും ഭക്തനും സുകൃതിയുമായ ഒരാളെ പ്രശംസിക്കുന്നതിനു് അവരും സന്നദ്ധരാണുതാനും. ഈശ്വരനോടും സ്വാന്തഃകരണത്തോടും സത്യമായി വർത്തിക്കുന്നുവെന്ന ബോധത്തിൽ നിന്നു് ഒരുവനു് ഉളവാകുന്ന മനസ്സമാധാനത്തോടു തുലനം ചെയ്യുമ്പോൾ, ഏററവും ധനികനും പ്രതാപവാനുമായ ഒരു മനുഷ്യന്റെ ഐഹികൈശ്വര്യം കേവലം ശൂന്യമാണെന്നു നമ്മുടേയും ഇതരന്മാരുടേയും അനുഭവത്തിൽനിന്നു നമുക്കറിവാൻ കഴിയും. നമ്മിലും അന്യന്മാരിലുമുള്ള അപ്രതിഹതമായ ഈ തൃഷ്ണ നമ്മുടെ ആയുഷ്കാലത്തിൽ എപ്പോഴെങ്കിലും ശമിക്കുക

അസാദ്ധ്യമെന്നു നാം ഗ്രഹിക്കുന്നു. ഒരു അനന്തര ജീവിതത്തിൽ മാത്രമേ നമ്മുടെ അഭിലാഷങ്ങൾക്കു പൂർണ്ണസംതൃപ്തിയുണ്ടാകയുള്ളൂ. ആകയാൽ, മാനസികസമാധാനം പ്രാപിക്കുന്നതിൽ ധനമാനാദികൾക്കും പ്രതാപപ്രഭാവങ്ങൾക്കും ഏററവും തുച്ഛമായ ഒരു സ്ഥാനമേയുള്ളൂ എന്നു മാത്രമല്ല, അവ പലപ്പോഴും വിഘ്നങ്ങൾകൂടെയുമാണ്. തൻമൂലം അനേകർ സ്വസമ്പാദ്യങ്ങളെ സ്വമേധയാ സംത്യജിച്ച് ഋഷികളും വൈദികന്മാരുമായിത്തീരുന്നു. ആകയാൽ, മതവും മതത്തിൽ അധിഷ്ഠിതമായ ആചാരങ്ങളും മാത്രമേ നാം വിലമതിക്കേണ്ടതുള്ളൂ. മി. അയ്യങ്കാർ പറഞ്ഞതുപോലെ, "ജന്മവശാൽ യാദൃച്ഛികമായി നമുക്കു ലഭിച്ചിട്ടുള്ള നമ്മുടെ മതവിശ്വാസത്തെ ഗാഢമായി ഒന്നു പരിശോധിക്കുക എന്നതിനെക്കാൾ ഉൽകൃഷ്ടതരമായ ഒരു കൃത്യത്തിന്നായി ഈശ്വരദത്തമായ നമ്മുടെ ബുദ്ധിയേയും വിവേചനാശക്തിയേയും വിനിയോഗിക്കുവാൻ നമുക്കു കഴിയുമോ? എങ്കിലും അതിനുള്ള ആഗ്രഹം നമ്മുടെ മനസ്സിൽ ഉദിക്കുന്നേയില്ല. സത്യമതത്തിൽനിന്നും അന്യമായ മതങ്ങളിലുള്ള സുകൃതികളെ ഈശ്വരൻ സമ്മാനിക്കുമോ എന്ന പ്രശ്നത്തിന്ന് ഈശ്വരനിർദ്ദിഷ്ടമായ സത്യപഥത്തെ കണ്ടെത്തുവാൻ അവിടുത്തെ സ്വരമായ അന്ത:കരണത്തെ അവർ എത്രമാത്രം അനുസരിക്കുന്നുവോ അത്രമാത്രം അവർ സമ്മാനാർഹരായിരിക്കുമെന്നു സമാധാനം പറയാം. സത്യാന്വേഷണത്തിനുള്ള പ്രയത്നത്തിന്റെ തോതനുസരിച്ചായിരിക്കും സമ്മാനത്തിന്റെ പരിമിതിയും. എന്റെ അഭിപ്രായം വിശദമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. എനിക്കു പ്രമാദം വന്നുപോയിട്ടുണ്ടെങ്കിൽ തിരുത്തിത്തരണമെന്നു ഞാൻ അപേക്ഷിക്കുന്നു."

ആരുടേയും ഹൃദയത്തെ വ്രണപ്പെടുത്താതെ പ്രസ്തുത പ്രശ്നത്തിനുത്തരം നല്കുവാൻ ശ്രീവാസൻ അവലംബിച്ച മാർഗ്ഗത്തെ സമാദരിച്ചുള്ള അഭിനന്ദനാരവം പെട്ടെന്നു കേൾക്കപ്പെട്ടു.

മി. അയ്യർ:– "മി. ശ്രീവാസൻ, സദയം തുടരുക; നിങ്ങളുടെ സംഭാഷണം രസാവഹവും വിജ്ഞാനപ്രദവുമായിരിക്കുന്നു. വിധി, കർമ്മം ആദിയായവയെപ്പററിയുള്ള എൻെറ വാദത്തിന്നു നിങ്ങൾ മറുപടി നല്കിയില്ലെന്നുള്ളതു വിസ്മരിക്കയില്ലല്ലോ. ഇതുവരെയുള്ള നിങ്ങളുടെ വാദങ്ങളെല്ലാം, വിധി, കർമ്മം എന്നിവയുടെ കൈയിൽപ്പെട്ട സജീവോപകരണങ്ങളാണു നാം, എന്ന എൻെറ വിശ്വാസത്തെ പ്രബലമാക്കുന്നതേയുള്ളു."

ശ്രീവാ:– "പരമാൎത്ഥമോ? കൊള്ളാം. നിങ്ങളുടെ അഭിപ്രായം എത്രമാത്രം സ്വീകാര്യമെന്നു നമുക്കു വിചിന്തനം ചെയ്യാം. ഇവിടെ, അഥവാ, ഈലോകത്തിൽ എവിടെയെങ്കിലും, ഒരു മനുഷ്യൻ—അയാൾ ഒരു വലിയ പണ്ഡിതനോ, അജ്ഞനായ ഒരു കാട്ടാളനോ ആയിരുന്നുകൊള്ളട്ടെ— തൻെറ വിചാരം, വാക്ക്, പ്രവൃത്തി എന്നിവയ്ക്കു് ഉത്തരവാദി ആകാതിരിക്കുന്നുണ്ടോ? മനുഷ്യവർഗ്ഗം മുഴുവൻേറയും വ്യാപാരങ്ങൾ, മനുഷ്യൻ ഉത്തരവാദിത്വമുള്ള ഒരു വ്യക്തിയാണെന്നു സ്പഷ്ടമാക്കുന്നില്ലയോ? ശരിയായിട്ടുപയോഗിക്കുന്നതിനോ, ദുരുപയോഗിക്കുന്നതിനോ കഴിവുള്ള ഒരു സ്വതന്ത്രമനസ്സോടുകൂടിയവനാകുന്നു മനുഷ്യൻ, എന്നു് അവൻെറ എല്ലാപ്രവൃത്തികളും തെളിയിക്കുന്നില്ലയോ? ഈ യാഥാൎത്ഥ്യത്തെ അസ്പദമാക്കിയല്ലയോ മനുഷ്യൻ പ്രശംസി

ക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നത്? ഉത്തരവാദിത്വബോധമില്ലാതെ, യന്ത്രതുല്യം, വാസനാബലത്താൽച്ചെയ്യുന്ന പ്രവൃത്തികൾ സമ്മാനമോ ശിക്ഷയോ അർഹിക്കുന്നില്ല. ശിശുക്കൾക്ക സ്വകൃത്യങ്ങളെപ്പററി ഉത്തരവാദിത്വമുള്ളതായി ആരും കരുതുന്നില്ല; പ്രായപൂർത്തി വന്നതിൻെറശേഷം തങ്ങളുടെ പ്രവൃത്തികളെക്കുറിച്ച് ഉത്തരവാദിത്വമില്ലാത്തവരെയാണു ഭ്രാന്തന്മാർ എന്നു നാം വിളിക്കുന്നത്. അവർ ഭ്രാന്താലയങ്ങളിൽ അടയ്ക്കപ്പെടുന്നു. ദൈവദത്തവും സ്വതന്ത്രവുമായ ഇച്ഛാശക്തിയുടെ ദുരുപയോഗം ഹേതുവായി നാം ദുരാശകളുടേയും മുൻവിധികളുടേയും ദാസന്മാരായിത്തീരുന്നു. സ്വതന്ത്രേച്ഛയുടെ ശരിയായ ഉപയോഗംവഴിയായി മനുഷ്യൻ നീചവാസനകളെ പ്രതിരോധിക്കുകയും ധാർമ്മികമായി ഇതരന്മാരെക്കാൾ ഉൽകൃഷ്ടനായിത്തീരുകയും, അങ്ങനെ ഒരു ഋഷിയോ, ഒരു സിദ്ധനോ ആയി ബ്ഭവിക്കയും, അപ്രകാരം അന്യരാൽ പരിഗണിക്കപ്പെടുകയും ചെയ്യുന്നു. ദുഷ്പ്രവൃത്തികൾ ചെയ്യുന്നതിനു നമുക്കുള്ള വാസനയെ പ്രതിരോധിക്കുമ്പോഴാണ് ഒഴുക്കിനെതിരായി തുഴഞ്ഞുകയറുന്ന ഒരു വഞ്ചിക്കാരനെപ്പോലെ നാം സമ്മാനാർഹന്മാരാകുന്നത്. നാം വിധി, കർമ്മം ആദിയായവയുടെ ശക്തിക്കു വിധേയരാണെന്നുള്ള വിശ്വാസം, മനുഷ്യനു ദൈവം പ്രദാനംചെയ്തിട്ടുള്ള അതി വിശിഷ്ടമായ മനസ്സ്വാതന്ത്ര്യത്തെ അടിസ്ഥാനമാക്കിയുള്ള പ്രവൃത്തികളുടെ യാഥാർത്ഥ്യത്തിനും നിത്യാനുഭവത്തിനും വിരുദ്ധമാണ്. കർമ്മത്തിലോ, ഇച്ഛാസ്വാതന്ത്ര്യത്തിലോ വിശ്വസിക്കുന്നതിനും വിശ്വസിക്കാതിരിക്കുന്നതിനും നമുക്കുള്ള കഴിവുതന്നെ, നാം ഇച്ഛാസ്വാതന്ത്ര്യമുള്ളവരാണെ

ന്നും, മനുഷ്യന്റെ സ്വാതന്ത്ര്യത്തെ നിശ്ശേഷം നിഷേധിക്കുന്ന കർമ്മത്തിനും വിധിക്കും അധീനരല്ലെന്നും തെളിയിക്കുന്നതിനു മതിയായ ന്യായമാകുന്നു. എന്റെ അഭിപ്രായത്തോട് അനുകൂലിക്കാത്തവർ, എവിടെയാണ് എനിക്കു തെററു പിണഞ്ഞിട്ടുള്ളതെന്നു ചൂണ്ടിക്കാണിക്കുമെന്നു വിശ്വസിക്കുന്നു. പക്ഷേ, അങ്ങനെ ചെയ്യാൻ ഉദ്യമിക്കുന്നവർ, ആ പ്രവൃത്തികൊണ്ടുതന്നെ തങ്ങൾക്കും മന:സ്വാതന്ത്ര്യമുണ്ടെന്നു പരോക്ഷമായിട്ടെങ്കിലും സമ്മതിക്കയായിരിക്കും ചെയ്യുന്നതു്"

മി. അയ്യർ:– "ഈശ്വരൻ ഈ പ്രപഞ്ചം മുഴുവന്റേയും പരമാധികാരിയല്ലയോ?"

ശ്രീവാ:– "അതേ, അതുകൊണ്ടെന്താണ്?"

മി, അയ്യർ:– "ലോകത്തിൽ എന്തെങ്കിലും അവിടുത്തെ അറിവും സമ്മതവുംകൂടാതെ സംഭവിപ്പാൻ പാടുണ്ടോ?"

ശ്രീവാ:– "ഇല്ല. ഒന്നുംതന്നെ സംഭവിപ്പാൻ പാടില്ല; വൃക്ഷത്തിൽനിന്നും കാററടിച്ചു പറപ്പിക്കുന്ന ഉണങ്ങിയ ഇലകൾ താഴെപ്പതിക്കുവാൻപോലും പാടില്ല."

മി. അയ്യർ:– "ഈശ്വരന്റെ അത്യുൽകൃഷ്ടസൃഷ്ടിയായ മനുഷ്യന് അവിടുത്തെ അറിവും സമ്മതവും കൂടാതെ എന്തെങ്കിലും ചെയ്യാൻ കഴിയുമോ?"

ശ്രീവാ:– "ലവലേശം സാധിക്കയില്ല. മനുഷ്യന് അവിടുത്തെ അറിവും സമ്മതവുംകൂടാതെ എന്തെങ്കിലും വിചാരിക്കുകയോ, പറയുകയോ, പ്രവർത്തിക്കുകയോ ചെയ്യാൻകഴിയുകയില്ല."

മി. അയ്യർ:– "അങ്ങനെയെങ്കിൽ, മനുഷ്യൻ സ്രഷ്ടാവിന്റെ ഒരു അടിമയും സ്വതന്ത്രമായ ഇച്ഛാശക്തിയില്ലാത്തവനുമാണെന്നു നിങ്ങൾതന്നെ സമ്മതിക്കുന്നല്ലോ. ഈ വസ്തുതതന്നെയാണു കർമ്മം, വിധി ഇവയാൽ ഞാൻ വിവക്ഷിക്കുന്നതും."

ഇതുവരെയും ശ്രീവാസന്റെ യുക്തിയുക്തമായ പ്രത്യുത്തരങ്ങൾ ശ്രവിച്ച് ആശ്ചര്യഭരിതരായി വർത്തിച്ചിരുന്ന ശ്രോതാക്കളിൽപ്പലരും, ഇത്രയും കേട്ടപ്പോൾ, ശ്രീവാസൻ ഈദൃശമായ സമ്മതത്താൽ സ്വന്തം വാദമുഖങ്ങളെത്തന്നെ ദുർബലമാക്കുകയാണല്ലോ ചെയ്തതെന്നു കരുതി, അദ്ദേഹത്തോട് അനുകമ്പ പ്രദർശിപ്പിക്കുന്നതായി പ്രത്യക്ഷപ്പെട്ടു.

ശ്രീവാ:– "മി. അയ്യരുടെ ഈ വൈഷമ്യം സ്വാഭാവികവും യുക്തിയുക്തവുമാണ്. ഞാൻ അതു നേരത്തേതന്നെ പ്രതീക്ഷിച്ചിരുന്നു. മനുഷ്യന്റെ ഇച്ഛാസ്വാതന്ത്ര്യവും, ഈശ്വരന്റെ മുന്നറിവ്, സമ്മതം ഇവയും തമ്മിലുള്ള ബന്ധം ശരിയായി ഗ്രഹിക്കുമ്പോൾ അദ്ദേഹത്തിന്റെ വൈഷമ്യം താനേ മാറിക്കൊള്ളും. ഈ വൈഷമ്യത്തെ ഒരുപമ മാർഗ്ഗേണ വിശദമാക്കാൻ ഞാൻ ശ്രമിക്കാം. സമീപത്തുള്ള ഒരു മാളികയുടെ മട്ടുപ്പാവിൽ ഒരു കുട്ടി സോല്ലാസം കളിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നു. ആ മട്ടുപ്പാവ് ചുററും മതിലുകൾ കെട്ടി സുരക്ഷിതമാക്കിയിട്ടില്ല. ആ കുട്ടി ഒരു തകർപ്പനാകയാൽ കണ്ണുമടച്ച് ഓടുകയും ചാടുകയും ചെയ്യുന്നു. താദൃശന്മാരായ കുട്ടികളെക്കുറിച്ചു നമുക്കുള്ള പൂർവ്വാനുഭവത്തിൽനിന്നും ആ കുട്ടി എപ്പോഴെങ്കിലും വിളുമ്പിൽ വരുമെന്നും നിലംപതിക്കുമെന്നും നാം

തീർച്ചയായിക്കരുതുന്നു. കുട്ടി വീഴുകയും കഠിനമായി പരുക്കുകൾ ഏൽക്കുകയും ചെയ്യുന്നു. നിങ്ങളിൽ ആരെങ്കിലുമോ, ഏതെങ്കിലും നിയമസംഹിതയോ ആ കുട്ടിയുടെ വീഴ്ചയ്ക്കു നാം ഉത്തരവാദികളെന്നു വിധിക്കുമോ? ഇതുപോലെ തന്നെയാണു മനുഷ്യൻെറ ഇച്ഛാസ്വാതന്ത്ര്യവും ഈശ്വരൻെറ മുന്നറിവും തമ്മിലുള്ള ബന്ധം. മനുഷ്യൻെറ മന:സ്വാതന്ത്ര്യത്തിൻെറ ശരിയായ, അഥവാ, തെററായ ഉപയോഗത്തിൻെറ ഫലം എന്തായിരിക്കുമെന്ന് അവിടുന്ന് അറിയുന്നു. നമുക്ക് അജ്ഞേയമായ കാർണങ്ങളാൽ അവിടുന്ന് അതു് അനുവദിക്കുകയും ചെയ്യുന്നു. ഒരിക്കലും അതിന്നായി നിർബന്ധിക്കുന്നില്ല. ശരിയായോ, തെററായോ ഉപയോഗിച്ചുകൊണ്ടു സമ്മാനമോ ശിക്ഷയോ അർഹിക്കുന്നതിനു ശക്തമായ ഒരു സ്വതന്ത്രമനസ്സിനെ സർവ്വശക്തനായ ഈശ്വരൻ മനുഷ്യനു പ്രദാനം ചെയ്തുവെന്നു വിചാരിക്കുന്നതിൽ യാതൊരു അസാംഗത്യവും ഇല്ല. ആവശ്യകമെന്നു കണ്ടാൽ ഇടപെടുന്നതിനുള്ള അവകാശം ഉണ്ടെങ്കിലും, ഈശ്വരൻ സാധാരണമായി മനുഷ്യൻെറ സ്വതന്ത്രേച്ഛയുടെ പ്രവത്തനത്തിൽ ഇടപെടാറില്ല.''

ഇതിനു മറുപടിയായി എന്തെങ്കിലും പറയുന്നതിനു നിവ്വാഹമില്ലാതെ, മി. അയ്യർ, കർമ്മം സുസമ്മതമായ തത്വമാണെന്നു സ്ഥാപിക്കുവാനായി ഹൈന്ദവമതഗ്രന്ഥങ്ങളിൽനിന്നു പലതും ഉദ്ധരിച്ചു.

ശ്രീവാ:– ''ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ; ഹൈന്ദവമതഗ്രന്ഥങ്ങളുടെ വിശ്വാസ്യതയ്ക്കുള്ള അടിസ്ഥാനമെന്താണു്? വിഭിന്ന പണ്ഡിത സമിതികൾ ചെയ്തുവരുന്നതുപോലെ നമ്മിൽ ഓരോരുത്തർക്കും

അവയെ യഥേഷ്ടം വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടോ? നമുക്കുണ്ടാകുന്ന ഭിന്നാഭിപ്രായങ്ങളെക്കുറിച്ച് അവസാനവിധി ചെയ്യുവാനുള്ള അധികാരം ആർക്കാണ്? വാസ്തവത്തിൽ അങ്ങനെ ഒരധികാരകേന്ദ്രം നമുക്കുണ്ടോ? ഒന്നുണ്ടെന്നു സമ്മതിച്ചാൽത്തന്നെയും, ആ അധികാരകേന്ദ്രത്തിൽ നിന്നുണ്ടാകുന്ന അവസാനവിധി പ്രമാദരഹിതമാണെന്നു നാം എങ്ങനെ വിശ്വസിക്കും? ഈശ്വരൻ മനുഷ്യനു വേദങ്ങളെ പ്രദാനം ചെയ്തിട്ട്, ശാശ്വതനും സജീവനും, പ്രമാദരഹിതനും വിശ്വസനീയനുമായ ഒരു വ്യാഖ്യാതാവിനെ നല്കാതെ, അവയെ മനുഷ്യന്റെ ഊഹാപോഹങ്ങളുടെ സ്വതന്ത്ര പ്രവൎത്തനത്തിനായിട്ടു വിട്ടുകളഞ്ഞുവെന്നോ? ഈ ചോദ്യങ്ങൾ ഞാൻ ചോദിച്ചതിന്റെ കാരണം, ഒരു ഗ്രന്ഥം എത്ര പരിശുദ്ധമായിരുന്നാലും അതിന്റെ വിശ്വാസ്യതയ്ക്കു് അതുതന്നെ മതിയായ ആധാരമാകുകയില്ലെന്നു നാമെല്ലാവരും സമ്മതിക്കുന്ന ഒരു വാസ്തവമായതുകൊണ്ടാണ്."

ആരുടേയും അഭിപ്രായങ്ങളെ നേരിട്ടെതിർത്തു് അതൃപ്തിയ്ക്കു കാരണമാകാതെ, അവയുടെ അടിസ്ഥാനത്തെ ഉന്മൂലനം ചെയ്തു ഈ വാദസമരത്തെ അഭിമുഖീകരിക്കുവാൻ വേണ്ട മുൻകരുതൽ ശ്രീവാസന്റെ സ്നേഹിതന്മാരിൽ ആർക്കുമുണ്ടായിരുന്നില്ല. എതിരായി എന്തെങ്കിലും പറയുവാൻ അവർക്കു കഴിഞ്ഞതുമില്ല. പരിപൂൎണ്ണമായ ഒരു നിശ്ശബ്ദത വ്യാപിച്ചുവെങ്കിലും, അവരിൽ ചിലർക്കു ശ്രീവാസന്റെ താത്ത്വിക വിമർശനത്തിലും അദ്ദേഹത്തിന്റെ അവസാനവിജയത്തിലുമുള്ള അഭിനന്ദനം പ്രദർശിപ്പിക്കാതിരിപ്പാൻ കഴിഞ്ഞില്ല. അവർ അഭിനന്ദനഘോഷങ്ങളെ ഉച്ച

ത്തിൽ മുഴക്കി. എല്ലാവരും ഏറെക്കുറെ ഹൃദയപൂൎവ്വം അതിൽ സഹകരിക്കുകയും ചെയ്തു.

മി. ശാസ്ത്രി:- "മി. ശ്രീവാസൻ, നാം ലോകത്തിൽ കാണുന്നതിൽ ഏതു മതമാണു സകല ദോഷങ്ങളിൽ നിന്നു വിമുക്തവും, പൂൎണ്ണവുമായിട്ടുള്ളതു്. ഏതു മതമാണു് ഈശ്വരപ്രാപ്തിക്കു പൎയ്യാപ്തമായി മനുഷ്യനു പ്രദാനം ചെയ്യപ്പെട്ടിട്ടുള്ളതായി നാം കരുതേണ്ടതു്? നിങ്ങൾ ഞങ്ങളുടെ വിശ്വാസങ്ങളുടെ എല്ലാം അടിസ്ഥാനം ഇളക്കിയിരിക്കുന്നു; ഞങ്ങൾക്കൊരു 'നില്ക്കക്കള്ളി' കാണിച്ചു തരേണ്ടതും നിങ്ങളുടെ ചുമതലയാണു്. ക്രിസ്തുമതത്തെയാണോ നിങ്ങൾ ഉദ്ദേശിക്കുന്നതു്?"

ശ്രീവാ:- "ഇപ്പോൾ ഇൻഡ്യയിൽ കാണുന്ന ൩൩൩ വകുപ്പുകളുള്ള ക്രിസ്തുമതമോ! കൊള്ളാം!! ഞാൻ അതിനെ ഉദ്ദേശിക്കുന്നില്ല. ഈയിടെ കഴിഞ്ഞ ലാംബത്തു് കോൺഫ്റൻസിൽവച്ചു്, വിവിധ ക്രിസ്തീയ സഭകളെ എല്ലാം യോജിപ്പിച്ചു് ഒരു ജാതീയ സഭയാക്കിത്തീർക്കുന്നതിനുള്ള പരിശ്രമം നടന്നതായി നാം പത്രങ്ങളിൽനിന്നു് അറിയുകയുണ്ടായല്ലോ. ആ പരിശ്രമം തന്നെ അവ പരസ്പരം വിഭിന്നങ്ങളാണെന്നു തെളിയിക്കുന്നു. അവ പരസ്പരം ഭിന്നിക്കുന്നതിനായി യോജിക്കുകയും അങ്ങനെ സത്യത്തെ കേവലം ഒരു കളിപ്പാട്ടമാക്കിത്തീർക്കുകയും ചെയ്യുന്നു. തങ്ങളുടെ സഭ ഈശ്വരസ്ഥാപിതമാണെന്നു് ഓരോ സഭയുടെയും അംഗങ്ങൾ കരുതുന്നു. എന്നാൽ സൎവ്വശക്തനും പ്രമാദരഹിതനുമായ ഈശ്വരൻ ഈ വിഭിന്ന സഭകളെയെല്ലാം ആദ്യം സ്ഥാപിച്ചുവെന്നും, ഒടുവിൽ അവ പരസ്പരം കലഹിക്കുന്നതായിക്കണ്ടു് ഒന്നിച്ചു ചേർക്കുന്നതിനായി ശ്രമിക്കുന്നുവെന്നും വിചാരിക്കുന്നതിൽപ്പരം ഒരസംബന്ധമെന്താണുള്ളതു്?"

മി. ശർമ്മാ:– "പിന്നെ നാം ഒരു പുതിയ മതം നിർമ്മിക്കുകയാണോ വേണ്ടതു്? മി. ശ്രീവാസൻ, നിങ്ങളുടെ ഉദ്ദേശ്യം തുറന്നു പറയണം. അല്ലെങ്കിൽ നിങ്ങൾ നശിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു; നിർമ്മിക്കുന്നില്ല എന്നു വരും."

ശ്രീവാസൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "മാന്യസ്നേഹിതന്മാരേ, ആ നിർമ്മൂലനാപരാധം ഞാൻ സമ്മതിക്കുകതന്നെ ചെയ്യുന്നു. വിനോദപ്രിയനായ ഒരു യുവബ്രഹ്മചാരിയാണു ഞാൻ. പരസ്പരവിരുദ്ധതകളിൽ അല്പാല്പം ഞാൻ സന്തോഷിക്കാറുണ്ടു്. അരിസ്റ്റോട്ടലിനെപ്പോലെ എന്റെ സ്നേഹിതന്മാരെ 'വിശിഷ്ടന്മാർ' എന്നും (Esoteric) 'സാധാരണന്മാർ' എന്നും (Exoteric), രണ്ടായിത്തിരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. ഇതുവരെയുമുള്ള അഭിപ്രായത്തിൽ എന്നോടു യോജിക്കുന്നവർ വിശിഷ്ടന്മാരുടെ പക്ഷത്തു ചേരുന്നതിൽ വിരോധമില്ല. കൂടുതലായി എനിക്കു പറയുവാനുള്ളതു് അവരോടു പറയുകയും ചെയ്യാം."

ആ ചെറുസ്സദസ്സ് പിരിഞ്ഞു. മി. ശാസ്ത്രിയും ശ്രീവാസന്റെ അഭിപ്രായത്തോടു പൂർണ്ണാനുകൂല്യമുണ്ടായിരുന്ന വേറെ രണ്ടു സ്നേഹിതന്മാരും രഹസ്യമായി അദ്ദേഹത്തെ സന്ദർശിക്കുന്നതിനും അദ്ദേഹത്തിന്റെ ശേഷമുള്ള അഭിപ്രായങ്ങൾകൂടെ ശ്രവിക്കുന്നതിനും തീർച്ചയാക്കി.



# VII

മി. ശാസ്ത്രി ഉദ്യോഗത്തിൽനിന്നു വിരമിച്ചിരിക്കുന്ന ഒരു ഡിസ്ട്രിക്റ്റ് ജഡ്ജിയാണ്. അദ്ദേഹത്തിൻെറ ഭാര്യ നേരത്തേതന്നെ പരലോകപ്രാപ്തയായിരുന്നു. ദാമ്പത്യഫലമായി സൌന്ദര്യലീല എന്നുപേരായി ഒരു പുത്രി മാത്രമേയുള്ളു. അവർ ഇപ്പോൾ ബി. എ. ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. തൻെറ ഏകസന്താനമായിരുന്നതിനാൽ അദ്ദേഹം ലീലയെ ഏതാണ്ട് ആരാധിക്കതന്നെ ചെയ്തുപോന്നു. അവളോ, മാതൃകായോഗ്യയായ ഒരു പുത്രിയുമായിരുന്നു. പിതാവിൻെറ വാത്സല്യത്തിന് അനുരൂപമായിരുന്നു അവൾക്ക് പിതാവിനോടുണ്ടായിരുന്ന സ്നേഹവും. പിതൃസ്നേഹം കഴിഞ്ഞാൽ, അദ്ധ്യയന വിഷയങ്ങളോടുള്ള അത്യധികമായ പ്രതിപത്തിക്കല്ലാതെ അവളുടെ ഹൃദയത്തിൽ വേറൊന്നിനും സ്ഥാനമുണ്ടായിരുന്നില്ല. വിദ്യാഭ്യാസത്തിൽ തനിക്കു ലഭിച്ചുകൊണ്ടിരുന്ന വിജയത്തേയോ, പൈതൃകാവകാശമായി തനിക്കു ലഭിക്കാനിരിക്കുന്ന വമ്പിച്ച സ്വത്തിനേയോ കുറിച്ചുള്ള ചിന്ത അവളെ സ്പർശിക്കപോലും ചെയ്തിരുന്നില്ല. അവളുടെ നിഷ്കാപട്യം, അനാഡംബരത്വം, സ്വഭാവമാധുര്യം, സ്വാശ്രയശീലം ഇവ ഓരോന്നും അവളെ അറിഞ്ഞിരുന്ന സകലരുടേയും പ്രശംസയ്ക്കു വിഷയമായിത്തീർന്നിരുന്നു.

മി. ശാസ്ത്രിക്ക തൻെറ പുത്രിയിൽ അന്യാദൃശമായ വിശ്വാസമാണുണ്ടായിരുന്നതു്. അദ്ദേഹം അവളിൽ നിന്നു യാതൊന്നും മറച്ചുവച്ചിരുന്നുമില്ല. പിതാവും പുത്രിയും എല്ലാക്കാൎയ്യങ്ങളിലും ഒരേ മനഃസ്ഥിതിയോടുകൂടിയവരായിരുന്നു. ശ്രീവാസൻെറ വസതിയിൽ വച്ചുണ്ടായ സംഭാഷണവും, താനും വേറെ രണ്ടുപേരുംകൂടെ അയാളെ ഇനിയും സന്ദൎശിക്കുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്ന വിവരവും അദ്ദേഹം വിശദമായി അവളെ അറിയിച്ചു. പിതാവിനോടൊന്നിച്ചു ശ്രീവാസൻെറ വസതിയിലേക്കു പോകുവാൻ അനുവാദം ചോദിക്കുന്നതിനു പ്രേരിതയാകത്തക്കവണ്ണം ആ വാൎത്ത ലീലയെ അത്യധികം ആകൎഷിച്ചു. എന്നാൽ അവിവാഹിതനായ ഒരു യുവാവിൻെറ വസതിയിലേക്ക് ഒരു യുവതി പോകുകയെന്നതു് ഹൈന്ദവാചാരമൎയ്യാദകൾക്കു വിരുദ്ധമാകയാൽ അവൾ പോകേണ്ടതില്ലെന്നു മി. ശാസ്ത്രി അഭിപ്രായപ്പെട്ടു. അവിടെ നടക്കുന്ന സംഭാഷണം അനുപദം അവളെ വിശദമായി അറിയിക്കാമെന്നു് അദ്ദേഹം ഏറ്റതിനാൽ സന്തോഷസമേതം അവൾ അതിനു സമ്മതിക്കയും ചെയ്തു.

പിറേറന്നു വൈകുന്നേരം മി. ശാസ്ത്രിയും സ്നേഹിതന്മാർ രണ്ടുപേരുംകൂടെ ശ്രീവാസൻെറ വസതിയിലേക്കു പുറപ്പെട്ടു. പ്രതീക്ഷാനുസരണം അവൎക്ക് അദ്ദേഹത്തെ ഏകനായിത്തന്നെ കാണ്മാൻ കഴിഞ്ഞു. അവർ ചിരിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "കൊള്ളാം, മി. ശ്രീവാസൻ, നിങ്ങളുടെ 'വിശിഷ്ടന്മാരു'ടെ ഗണത്തിൽ പ്രവേശം ആഗ്രഹിക്കുന്ന ശിഷ്യന്മാരാണു് ഞങ്ങൾ."

ശ്രീവാ:– "മാന്യരേ, നിങ്ങൾക്ക് ഹൃദയപൂർവ്വകമായ സ്വാഗതം. വാസ്തവത്തിൽ പരസ്യമായി പ്രകടിപ്പിക്കുവാൻ പാടില്ലാത്ത രഹസ്യമൊന്നും എനിക്കില്ല. ഒരാൾക്കു തൻെറ താൽകാലിക മതവിശ്വാസത്തെ സംബന്ധിച്ചു ചുരുങ്ങിയപക്ഷം ചിലസംശയങ്ങളെങ്കിലും ഇല്ലാത്തപക്ഷം ഞാൻ നല്കുന്ന നിർദ്ദേശങ്ങൾ കേവലം ഉപയോഗശൂന്യങ്ങളായിരിക്കാനേ മാർഗ്ഗമുള്ളു. എൻെറ വാക്കുകളും പ്രയത്നങ്ങളും നിഷ്ഫലങ്ങളായിത്തീരുകയും ഒരുപക്ഷേ, ഞാൻ തെററിദ്ധരിക്കപ്പെടുവാൻ ഇടയാവുകയും ചെയ്തേക്കാം. അത് എൻെറ ഉദ്ദേശ്യത്തിന്നു ബാധകമായിത്തീരും. നിങ്ങളുടെ ഹൃദയം ഞാനുദ്ദേശിക്കുന്ന അർത്ഥത്തിൽ അല്പമെങ്കിലും സന്നദ്ധമാണോ എന്നു തീർച്ചയായി അറിവാൻ ഞാൻ അത്യധികം ആഗ്രഹിക്കുന്നു."

അദ്ദേഹം ഇവ്വിധം പ്രസ്താവിച്ചയുടനെ അവർ തങ്ങളുടെ ഉദ്ദേശ്യശുദ്ധിയേയും പാരമാർത്ഥ്യത്തേയും അദ്ദേഹത്തെ അറിയിച്ചു. അനന്തരം അവർ തമ്മിൽ ഒരുമണിക്കൂർ ദീർഘിച്ച ഒരു സംഭാഷണം നടന്നു. അതിൽ അവർ അത്യധികം ആകൃഷ്ടരായിത്തീർന്നു. പിറേറദിവസം ശ്രോതാക്കളുടെ സംഖ്യ വർദ്ധിച്ചു. ഒരാഴ്ചകഴിഞ്ഞപ്പൊഴേക്കും അദ്ദേഹത്തിൻെറ ശ്രോതാക്കളുടെ സംഖ്യ പത്തുപതിനഞ്ചോളമായി. ദിവസം തോറും ഓരോമണിക്കൂർ അദ്ദേഹം അവക്കായി വിനിയോഗിച്ചിരുന്നു. സൌന്ദര്യലീലയും ആ ഗണത്തിൽ പെട്ടിരുന്നു. ഇത്ര സർവ്വപ്രധാനമായ ഒരു സംഗതിയിൽ അവർ നേരിട്ടു സംബന്ധിക്കുകയും സ്വതന്ത്രമായി അഭിപ്രായം രൂപവൽകരിക്കുകയും ചെയ്തുകൊള്ളട്ടെ എന്നാ

യിരുന്നു അവളുടെ പിതാവിന്റെ ഇപ്പോഴത്തെ അ
ഭിപ്രായം. * *

ഫാ. ജോത്തി ശ്രീവാസന്റെ സ്ഥിതിഗതികൾ അറിയുന്നതിന് അത്യാകാംക്ഷയോടെ ഇക്കാലമെല്ലാം കാത്തിരിക്കുകയായിരുന്നു. എങ്കിലും യാതൊരു വിവരവും ലഭിച്ചില്ല. അകത്തോലിക്കരുടെ മാനസാന്തരത്തിനായി സർവ്വവും പരിത്യജിച്ച അദ്ദേഹം ശ്രീവാസന്റെ ഈ ദീർഘമൗനത്തെ ഭഞ്ജിക്കുന്നതിനുള്ള മാർഗ്ഗം ആലോചിച്ചുതുടങ്ങി. മദ്രാസിൽച്ചെന്നു ശ്രീവാസനെ സന്ദർശിക്കുവാൻതന്നെ അദ്ദേഹം തീർച്ചയാക്കി. അധികൃതന്മാരുടെ അനുവാദത്തോടുകൂടെ അദ്ദേഹം മദ്രാസിൽച്ചെന്നുചേരുകയും സ്റ്റേഷനിൽനിന്ന് ഒരു കാർ പിടിച്ച് ശ്രീവാസന്റെ വസതിയിലേക്കു തിരിക്കുകയും ചെയ്തു. ശ്രീവാസന്റെ ഭവനത്തിലേക്കുള്ള പ്രവേശനദ്വാരത്തിങ്കൽ ഒരു കാർ കിടക്കുന്നതും ഏതാനും സന്ദർശകന്മാർ കാത്തുനിൽക്കുന്നതും കാണുകയാൽ തന്റെ പൂർവ്വശിഷ്യൻ അവിടെത്തന്നെ ഉണ്ടായിരിക്കുമെന്ന് അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം ഒരു കാർഡ് ദ്വാരപാലകനെ ഏല്പിച്ചു. അയാൾ 'മുറിയിംഗ്ലീഷി'ൽ തട്ടിവിട്ടു: "സാർ, യജമാനൻ വീട്ടിൽ ഇല്ല." "വീട്ടിൽഇല്ല! നിങ്ങൾ എന്താണ് പറയുന്നത്? അദ്ദേഹം അകത്തുണ്ടെന്ന് എനിക്കു നിശ്ചയമുണ്ടല്ലോ" എന്നുപറഞ്ഞു, ഫാ. ജോത്തി അയാളുടെ കൈയിലേക്ക് ഒരു നാണയമിട്ടുകൊടുത്തു. അയാൾ വിനയപുരസ്സരം ഇങ്ങനെ പറഞ്ഞു: "യജമാനൻ പടിക്കൽ വച്ചുതന്നെ അങ്ങയെക്കണ്ടു. എന്നെവിളിച്ച് 'ഞാൻ ഇവിടെ ഇല്ലെന്നു പറഞ്ഞേക്കൂ' എന്നാജ്ഞാപിച്ചു."

അദ്ദേഹം അത്ഭുതപരതന്ത്രനായി. താൻ കാറിൽ വരുന്നതു ശ്രീവാസൻ കണ്ടുവെന്നും അവിടെ ഇല്ലെന്നു പറയുവാൻ മനഃപൂർവ്വം ദ്വാരപാലകനോടാജ്ഞാപിച്ചതാണെന്നും അദ്ദേഹത്തിനു മനസ്സിലായി. അല്പനേരം ആലോചിച്ചശേഷം അനുവാദം കൂടാതെതന്നെ അകത്തേക്കു കടക്കുവാൻ അദ്ദേഹം ഭാവിച്ചു. അപ്പോൾ ദ്വാരപാലകൻ "അയ്യോ! യജമാനനേ, ആദ്യം എന്നെക്കൊല്ലുക. എന്നിട്ടു കടന്നുപോകണം. യജമാനൻ എന്നെക്കൊല്ലും. എൻെറ കെട്ടിയവളും കുഞ്ഞുങ്ങളും പഞ്ഞംകൊണ്ടു ചാവും'' എന്നിങ്ങനെ പറഞ്ഞുകൊണ്ടു തടുത്തു. ഫാ. ജ്യോതി മടങ്ങി ശ്രീവാസൻെറ ആഫീസിലേക്കു തിരിച്ചു. അദ്ദേഹം അവിടത്തെ ഗ്രന്ഥശാലയിൽ ഒൻപതു മണിമുതൽ കാത്തിരുപ്പായി. പത്തുമണിക്കു ശിപായിമാർ വന്നുതുടങ്ങി.. അണ്ടർസെക്രട്ടറിയുടെ പ്യൂണിൻെറ കൈയിൽ ഫാ. ജ്യോതി ഒരു കാർഡ് കൊടുത്തയച്ചു. പതിനൊന്നു മണിയായപ്പോഴേക്കും ഉദ്യോഗസ്ഥന്മാരുടെ വരവിൻെറ ബഹളമായി. ശ്രീവാസനും വന്നുകഴിഞ്ഞുവെന്ന് അദ്ദേഹം തീർച്ചയാക്കി. അഞ്ചു മിനിററിനുള്ളിൽ പ്യൂൺ കാർഡ് തിരിച്ചുകൊണ്ടുവന്നു. അതിൻെറ മറുവശത്തു കാണപ്പെട്ട കൈയ്യക്ഷരങ്ങൾ അദ്ദേഹത്തിനു പരിചിതങ്ങളായിരുന്നു. "എന്തെങ്കിലും ഔദ്യോഗികകാര്യം പ്രമാണിച്ചാണെങ്കിൽ വരാം. അനൌദ്യോഗികമായിട്ടാണെങ്കിൽ ക്ഷമിക്കണം. എനിക്കു കാണ്മാൻ നിവൃത്തിയില്ല. ശ്രീവാസൻ''.

ഇതു വായിച്ചപ്പോൾ ഫാ. ജ്യോതിക്കുണ്ടായ മനോവ്യഥ അവർണ്ണനീയം തന്നെയായിരുന്നു. രണ്ടു

മൂന്നു കണ്ണീർത്തുള്ളി അദ്ദേഹത്തിന്റെ കവിൾത്തടങ്ങളിൽക്കൂടെ നിലംപതിച്ചു. അദ്ദേഹം ക്ഷോഭത്തെ അമർത്തി, തന്റെ ആശാഭംഗത്തെ ദൈവത്തിൽ സമർപ്പിച്ചു. ശ്രീവാസനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം തൽക്ഷണം ആപ്പീസിൽനിന്നു തിരിക്കുകയും ചെയ്തു. കത്തോലിക്കനാകുന്നതിനുള്ള ആഗ്രഹത്തെ ശ്രീവാസൻ പാടെ പരിത്യജിച്ചുവെന്ന് അദ്ദേഹം പരിപൂർണ്ണമായി വിശ്വസിച്ചിരിക്കണം.

# VIII

ഒരു സായാഹ്നവേളയിൽ ശ്രീവാസൻ കടല്ക്കാററു് ഏററുകൊണ്ടു മരീനായിൽ (Marina) തൻെറ കാറിൽ ഏകനായി ഇരിക്കുകയായിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ പൂൎവ്വസഹപാഠികളിൽ ഒരാളായ കൃഷ്ണസ്വാമി പ്ലാററുഫോറത്തിലേക്കു് അതിവേഗം നടന്നുവരുന്നതു കണ്ടു. അയാൾ ജോലിസ്ഥലത്തുനിന്നു മടങ്ങുകയായിരുന്നിരിക്കണം. കൃഷ്ണസ്വാമി ദൂരെവച്ചു തന്നേ ശ്രീവാസനെക്കണ്ടു മനസ്സിലാക്കി. ഏതുവിധമെങ്കിലും അദ്ദേഹത്തെ വിട്ടൊഴിഞ്ഞുപോകുവാൻ ഉദ്ദേശിക്കുകയാണോ എന്നു തോന്നുമാറു്, കൃഷ്ണസ്വാമി കാറിനെ സമീപിക്കാറായപ്പോൾ തൻെറ മുഖം കടല്ത്തീരത്തേക്കു തിരിച്ചുകൊണ്ടു നടന്നു തുടങ്ങി. പക്ഷേ, ശ്രീവാസൻെറ ദൃഷ്ടിയിൽനിന്നു് ഒഴിഞ്ഞു മാറുവാൻ അയാൾക്കു കഴിഞ്ഞില്ല. അദ്ദേഹം കാറിൽനിന്നും ചാടി ഇറങ്ങി കൃഷ്ണസ്വാമിയുടെ നേരെ ചെന്നു.

"ഹാ! ഇതാരു്? കൃഷ്ണസ്വാമിയോ? നിങ്ങൾ നിശ്ചയമായി എന്നെ കണ്ടിരിക്കണം. നിങ്ങളുടെ പൂൎവ്വസഹപാഠികളിലൊരാളായ എന്നെ അറിയുകയില്ലേയോ?" എന്നു ചോദിച്ചുകൊണ്ടു ശ്രീവാസൻ തൻെറ സ്നേഹിതൻെറ തോളിൽ പിടിച്ചൊന്നു കുലുക്കി.

കൃഷ്ണസ്വാമി:– "സർ, ഞാൻ നിങ്ങളെക്കണ്ടു; ഉടനെതന്നെ ആളെ മനസ്സിലാക്കുകയുംചെയ്തു. എങ്കിലും നിങ്ങളുടെ ഇപ്പോഴത്തേ ഈ ഉന്നതസ്ഥാന

ത്തെഅനുസ്മരിച്ചതിനാൽ നിങ്ങളെ അസഹ്യപ്പെടുത്തേണ്ടെന്നുവച്ചു; അത്രേ ഉള്ളൂ."

ശ്രീവാ:– "നിങ്ങൾ എന്നെ സർ എന്നും മററും അഭിവാദ്യം ചെയ്യേണ്ട ആവശ്യമില്ല. ഞാൻ ഏതു സ്ഥിതിയിലായിരുന്നാലും നമ്മുടെ പൂർവ്വസ്നേഹബന്ധത്തെ വിസ്മരിച്ചു കളവാൻ പാടുണ്ടോ? നിങ്ങൾ എൻെറ പേരുപയോഗിച്ചുതന്നെ എന്നെ വിളിക്കണം. ഹേ! വരണം. പണ്ടത്തേപ്പോലെ സഹപാഠികൾകണക്കേ നമുക്കു സംഭാഷണം ചെയ്യാം. എന്തൊക്കെയാണു വിശേഷങ്ങൾ? സുഖംതന്നെയല്ലേ? എവിടെയാണു നിങ്ങളുടെ ഉദ്യോഗം?"

കൃഷ്ണസ്വാമി:– "ഞാൻ ഇതാ! ആ കേളേജിൽ ഒരു ഗുമസ്ഥനാണ്. ഞാൻ ചെറുപ്പത്തിലേ—സ്കൂൾ ഫൈനൽ ക്ലാസ്സിൽ വായിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ—വിവാഹിതനായിത്തീർന്ന വസ്തുത നിങ്ങൾ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. ഭാര്യയും രണ്ടു കുട്ടികളുമൊന്നിച്ചു മിഷ്യൻവക ഒരു കെട്ടിടത്തിലാണു ഞാനിപ്പോൾ താമസിക്കുന്നതു്. ഫാദർ ജോത്തി കഴിഞ്ഞ ആഴ്ചയിൽ അവിടെ വന്നിരുന്നു. തദവസരത്തിൽ നിങ്ങളെ സംബന്ധിച്ചു പലതും അദ്ദേഹം ചോദിച്ചു. പക്ഷേ, നിങ്ങളെ യാതൊരവസരത്തിലും കണ്ടുമുട്ടുന്നതിനിടയാകാതിരുന്നതിനാൽ എനിക്കു നിങ്ങളെപ്പററി യാതൊന്നും അദ്ദേഹത്തോടു പറയുവാൻ കഴിഞ്ഞില്ല."

ശ്രീവാ:– "കൊള്ളാം. നിങ്ങൾ ഒരു ഉദ്യോഗത്തിലാണെന്നും ഫാദർ ജോത്തി നിങ്ങളെ സന്ദർശിച്ചുവെന്നും അറിയുന്നതിൽ എനിക്ക് അനല്പമായ

സന്തോഷമുണ്ട്. നിങ്ങൾ ഒരു കത്തോലിക്കനായിത്തീ
ന്ന വിവരം ഞാൻ വളരെ മുമ്പുതന്നെ അറിഞ്ഞി
രുന്നു. എന്നാൽ നിങ്ങളുടെ പ്രിയതമയും സന്താന
ങ്ങളും കത്തോലിക്കർ തന്നെയാണോ?"

കൃഷ്ണസ്വാ:– "എൻെറ സന്താനങ്ങൾ ജ്ഞാനസ്നാ
നം സ്വീകരിച്ചവരാണ്. എന്നാൽ, എൻെറ ഭാര്യ
കത്തോലിക്കാമതത്തിൽ ഇതുവരെയും ചേർന്നിട്ടില്ല.
അവർക്കു മതസംബന്ധമായി നല്ല അറിവുണ്ട്. കുട്ടി
കൾക്ക് ഒരുവിധം പ്രായപൂർത്തിയായശേഷം, ഏതെ
ങ്കിലും ഒരു കന്യകാശ്രമത്തിൽച്ചേർന്ന് ഒരു സന്യാ
സിനി ആയിത്തീരണമെന്നാണ് അവരുടെ ആഗ്രഹം.
കന്യകാമഠത്തിൽ ചേർന്നതിൻെറശേഷം ജ്ഞാനസ്നാ
നം സ്വീകരിച്ചുകൊള്ളാമെന്നാണ് അവർ പറയു
ന്നത്."

ശ്രീവാ:– "ഞാൻ ഒരു കത്തോലിക്കനല്ലെങ്കിലും
കത്തോലിക്കാമതത്തെ സംബന്ധിച്ച് കുറച്ചൊക്കെ എ
നിക്കറിയാം. എന്നാൽ, നിങ്ങൾ പറയുന്നതെന്തെന്ന്
എനിക്കു മനസ്സിലാകുന്നില്ല. നിങ്ങളുടെ ഭാര്യയ്ക്കു ക
ത്തോലിക്കാ സഭയുടെ നേരെ അനുകൂലമായ മനഃസ്ഥി
തിയുള്ളപക്ഷം ഉടനെതന്നെ ജ്ഞാനസ്നാനം സ്വീകരി
ക്കുകയല്ലേ അഭിലഷണീയം? തൻെറ കുടുംബത്തെ
സംബന്ധിച്ചിടത്തോളം ഒരു ഭാര്യ, മാതാവ് എന്നീ
നിലകളിൽ പല ചുമതലകളുമുള്ളപ്പോൾ ഒരു സന്യാ
സിനി ആകുവാൻ അവർ ആഗ്രഹിക്കുന്നതിൻെറ
രഹസ്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ക
ത്തോലിക്കാ സഭാധികാരികൾ ഇതിനു സമ്മതിക്കുമോ?
ഇങ്ങനെ ഒന്നു ഞാൻ ഇതുവരെ കേട്ടിട്ടേയില്ല."

കൃഷ്ണസ്വാ:— "ഹേ! ശ്രീവാസൻ, ഞാൻ പറഞ്ഞതു വിശദമായില്ലെന്നു തോന്നുന്നു. എൻെറ കുട്ടികളുടെ ജീവസന്ധാരണത്തിനും വിദ്യാഭ്യാസത്തിനും ആവശ്യകമായതെല്ലാം തയ്യാറായിക്കഴിഞ്ഞാൽ, അവരെ എൻെറ മാതാവിൻെറ സംരക്ഷണത്തിൽ ഏല്പിച്ചതിനു ശേഷം ഞാനും ഭാൎയ്യയും തമ്മിൽ വേർതിരിഞ്ഞു്, ഭാൎയ്യ ഒരു കന്യകാമഠത്തിലും ഞാൻ ഒരു സന്യാസാശ്രമത്തിലും പ്രവേശിച്ചു്, സന്യസിക്കുവാനാണു് തീർച്ചപ്പെടുത്തിയിരിക്കുന്നതു്. ഞങ്ങൾ ലോകത്തെ അത്യധികം വെറുക്കുന്നു."

ശ്രീവാ:— "കൃഷ്ണസ്വാമീ, നിങ്ങൾ ഒരു അസാധാരണ മനുഷ്യനാണു്. നിങ്ങളുടെ ചരിത്രം വളരെ വിചിത്രമായ ഒന്നാണു്. നിങ്ങളുടെ ഉദ്ദേശ്യം—അതു് ഒരിക്കലും അനുവദനീയമല്ലെന്നാണു് എനിക്കു തോന്നുന്നതു്—എന്നെങ്കിലും സഫലീകൃതമായാൽ അതു നിങ്ങളേയും നിങ്ങളുടെ പ്രേമഭാജനത്തേയും രസകരമായ ഒരു നോവലിൻെറ നായികാനായകന്മാരാക്കിത്തീർക്കാതിരിക്കയില്ല. ലോകത്തോടു നിങ്ങൾക്കു തോന്നിയിരിക്കുന്ന വിരക്തിയും ഏകാന്തജീവിതം അവലംബിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കുന്ന ആഗ്രഹവും പരമാൎത്ഥമായ ക്രിസ്തീയ ചൈതന്യത്തിൽ നിന്നും ഉൽഭൂതമായതാണോ എന്നു ഞാൻ പ്രബലമായി സംശയിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവനവൻെറ ജീവിതസ്ഥിതിക്കു യോഗ്യമായവിധം സ്വസ്വകൃത്യങ്ങൾ നിർവ്വഹിക്കുന്നതിലാണു് ക്രിസ്തീയപരിപൂർണ്ണതയും ആത്മീയവിശുദ്ധിയും അന്തർഭവിച്ചിരിക്കുന്നതെന്നു ഫാദർ ജ്യോതി പറയുന്നതു പലപ്പോഴും ഞാൻ കേട്ടിട്ടുണ്ടു്. അതു പോകട്ടെ; ഏതു ഭാഗത്താണു നിങ്ങളുടെ

ഭവനം? വിരോധമില്ലെങ്കിൽ, ഞാൻ ഒരിക്കൽ നിങ്ങ ളെ അവിടെ വന്നു കണ്ടുകൊള്ളാം.''

കൃഷ്ണസ്വാ:— നിങ്ങൾ എൻെറ വീടു സന്ദർശിക്കാമെന്നോ! ഞാൻ വസിക്കുന്നതു് ആ ഗ്രാമത്തിലാണു്. താമസത്തിനു വളരെ സുഖപ്രദമായ ഒരു ഭവനമാണു് എനിക്കു ലഭിച്ചിട്ടുള്ളതു്. വളരെ തുച്ഛമായ ഒരു തുക മാത്രമേ ആ ഉദാരമതികളായ മിഷ്യനറിമാർ വാടകയായി വാങ്ങിക്കുന്നുള്ളു. എന്നാൽ, ഈയിടെ മറെറാരു ബ്രാഹ്മണകുടുംബംകൂടെ ഞങ്ങളോടൊന്നിച്ചു താമസം തുടങ്ങിയിരിക്കുന്നതിനാൽ വളരെ അസൗകര്യങ്ങളുണ്ടു്. അവർക്കും കത്തോലിക്കരായിത്തീരണമെന്നുള്ള ആഗ്രഹം ഉണ്ടെന്നാണു് അറിയുന്നതു്. അവരുമായി അടുത്തു് ഇടപെട്ടതിൽ അവർ അത്ര പരമാൎത്ഥതയുള്ളവരല്ലെന്നും സംകുചിത മനസ്കരാണെന്നുമത്രേ എനിക്കു തോന്നിയിട്ടുള്ളതു്. നാനാപ്രകാരേണയും അവർ ഞങ്ങൾക്കു ഉപദ്രവകാരികളായിട്ടാണു കണ്ടു തുടങ്ങിയിരിക്കുന്നതു്. എന്നാൽ, ഇപ്പോൾ നവീനമായി പണിതുവരുന്ന മിഷ്യൻകെട്ടിടത്തിലേയ്ക്കു താമസംവിനാ അവരെ മാററാൻ ഉദ്ദേശ്യമുണ്ടെന്നു കേട്ടു.''

ശ്രീവാ:— അവരെ നിങ്ങളുടെകൂടെത്താമസിപ്പിച്ചിരിക്കുന്നതു് അവരുടെ പരീക്ഷണകാലത്തു കത്തോലിക്കാ സാഹചര്യങ്ങളിൽ ജീവിക്കുന്നതിനുള്ള സൗകര്യം നല്കുന്നതിനുവേണ്ടിയായിരിക്കണം, എന്നാണു് എനിക്കു തോന്നുന്നതു്. അവർ വാസ്തവത്തിൽ നിങ്ങൾക്കു ഉപദ്രവകാരണമാണെങ്കിൽത്തന്നെയും നിങ്ങൾ ഒരിക്കലും അപ്രകാരം കരുതരുതു്. അല്ലാത്തപക്ഷം, നിങ്ങളൊന്നിച്ചു വസിക്കുന്ന അവരെ കത്തോലിക്കാ

മതത്തോട്ട കൂടുതൽ പ്രതിപത്തിയുള്ളവരാക്കുന്നതിന്ന കത്തോലിക്കരെന്നുള്ള നിലയിൽ നിങ്ങൾക്കുള്ള കഴിവുകളെ എപ്രകാരമാണു വിനിയോഗിക്കുവാൻ സാധിക്കുക. അപരിത്യാജ്യമായ സാഹചര്യങ്ങളിൽ രണ്ടും മൂന്നും കുടുംബങ്ങൾ ഒന്നിച്ച്, ഏകകുടുംബാംഗങ്ങളെന്നോണം, സമാധാനത്തിലും സന്തോഷത്തിലും വസിക്കുന്നതു നമ്മുടെ പരിസരങ്ങളിൽത്തന്നെ നാം കാണുന്നില്ലേ? നിങ്ങളുടെ സന്താനങ്ങളുടെ ഭാവി സുരക്ഷിതമാക്കിയതിന്റെ ശേഷം നിങ്ങളും ഭാര്യയും സന്യാസവൃത്തി സ്വീകരിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്ന് അല്പം മുമ്പു നിങ്ങൾ പ്രസ്താവിക്കുകയുണ്ടായല്ലോ. ഇക്കാര്യം സാധിക്കുന്നതിനു മിഷ്യനിൽ നിന്നുള്ള സഹായസഹകരണങ്ങളല്ലേ നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നത്? മററു ധനാഗമമാർഗ്ഗങ്ങളൊന്നും നിങ്ങൾക്കുണ്ടായിരിക്കയില്ലല്ലോ."

കൃഷ്ണ സ്വാ:— "മിഷ്യന്റെ ഉദ്ദേശ്യം എന്താണെന്ന് എനിക്കു നിശ്ചയമില്ല. പ്രസ്തുത കാര്യനിവൃത്തിക്കായി ഞാൻ ഇതുവരെ ബിഷോപ്പിനെ നേരിട്ടു കണ്ട് അപേക്ഷിച്ചിട്ടില്ല. എന്നാൽ, മിഷ്യന് പണമുണ്ടെങ്കിൽ നവീനമായി മതപരിവർത്തനം ചെയ്ത ഒരാളെ ഇക്കാര്യത്തിൽ സഹായിക്കുവാൻ പാടില്ലെന്നു വരുമോ?"

ശ്രീവാ:— "കൃഷ്ണസ്വാമീ, ഞാൻ തുറന്നു പറയുന്നതുകൊണ്ടു നീരസം ഭാവിക്കരുത്. ക്രിസ്തുമതത്തെപ്പററി നിങ്ങൾക്കുള്ള ധാരണ എന്താണെന്ന് എനിക്കിതേവരേയും ദുർഗ്രഹമായിട്ടാണിരിക്കുന്നത്: മാതാപിതാക്കന്മാരെന്ന നിലയ്ക്കു് കുടുംബത്തിൽ നിങ്ങളുടെ കുട്ടികളെ സംരക്ഷിക്കുകയെന്ന ഗൗരവാവഹമായ ചു

ഷ്യമതല്ല നിങ്ങൾക്കും നിങ്ങളുടെ ഭാര്യയ്ക്കുമുണ്ടായിരിക്കെ, സന്യാസജീവിതം അനുഷ്ഠിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു! നിങ്ങളുടെ സന്താനങ്ങളെ മിഷ്യനറിമാർ സംരക്ഷിച്ചുകൊള്ളുമെന്ന വിശ്വാസവും ലോകജീവിതത്തോടു നിങ്ങൾക്കുള്ള വിരക്തിയുമാണത്രേ ഇതിനു നിങ്ങളെ പ്രേരിപ്പിക്കുന്നത്! നിങ്ങളുടെ അഭിലാഷം അത്ര ആശാസ്യമായി എനിക്കു തോന്നുന്നില്ല. നിങ്ങളുടെ ഈ നിശ്ചയത്തിൽ നിഷ്കപടത എന്നതിനെക്കാൾ നയജ്ഞതയാണു കൂടുതൽ തെളിഞ്ഞുകാണുന്നത്. ബാഹ്യമായി അതിൽക്കാണാവുന്നതിലധികം, ഉള്ളിൽ മറഞ്ഞു കിടപ്പുണ്ടെന്നു വിശ്വസിപ്പാനാണു ഞാൻ പ്രേരിതനായിരിക്കുന്നത്. ഇത്തരം ഇടപാടുകൾ കത്തോലിക്കേതരന്മാർ ഗ്രഹിക്കുന്നതിനിടവരുന്നപക്ഷം ഉദരപൂരണത്തെ മാത്രം ലാക്കാക്കി കത്തോലിക്കാ വിശ്വാസികളാകുന്നതിനുള്ള സന്നദ്ധത അവരിൽപ്പലരിലും ഉണ്ടായേക്കാം. നിങ്ങളുടെ ആദർശം പ്രവൃത്തിരൂപത്തിൽ വന്നാൽ ഈദൃശഫലങ്ങളായിരിക്കും ഉളവാകുന്നത്. ഹാസ്യജനകങ്ങളായ ഇമ്മാതിരി അഭിവാഞ്ഛകൾ കൃത്രിമമായ പ്രോത്സാഹനങ്ങളിൽ നിന്നാണ് ഉൽഭൂതമാകുന്നത്. മതപരിവർത്തനം വഴിയായി തങ്ങൾ ക്രിസ്തുമതത്തിന് എന്തോ ഒരു വലിയ ഉപകാരം ചെയ്തുകൊടുക്കുന്നു എന്നു കരുതുന്ന ചില സവർണ്ണർ, മിഷ്യനറിമാരുടെ വേദപ്രചാര തീക്ഷ്ണതയെ സ്വാർത്ഥലാഭസിദ്ധിക്കായി ഉപയോഗപ്പെടുത്തുകയാണു ചെയ്യുന്നത്. മതപരിവർത്തനം സുഖജീവിതത്തിനുള്ള മാർഗ്ഗമെന്നു ചിന്തിക്കാതെ, ഒരു നവീനപരിവൃത്തൻ അകത്തോലിക്കർക്കു മാർഗ്ഗദർശകനായി

ത്തീരുന്നതിനും പ്രതിദിനം സ്വവിശ്വാസത്തിൽ ഉപര്യുപരി സ്ഥിരീകൃതനാകുന്നതിനുംവേണ്ടി സ്വമനസാ ഹൈന്ദവരുടെ മദ്ധ്യേതന്നേ വസിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. മതപരിവൎത്തനം ചെയ്യുന്ന ഒരാൾ അമിതമായി ഭൗതികങ്ങളായ താൽപര്യങ്ങൾക്കു വിധേയനായിരുന്നുകൂടാ. ഒരു കത്തോലിക്കനായിത്തീൎന്ന നമ്മുടെ സഹപാഠിയായ മി. രാമസ്വാമിയോടും ഞാൻ ഇതുതന്നെ പറയുകയുണ്ടായി. അല്ല, അദ്ദേഹം ഇപ്പോൾ എവിടെയാണു്?"

കൃഷ്ണസ്വാ:— "രാമസ്വാമി ഏതാനും മാസങ്ങൾക്കുമുമ്പു് ക്രിസ്തുമതം ഉപേക്ഷിച്ചു് എവിടേക്കോ കടന്നുകളഞ്ഞതായിട്ടാണു കേട്ടതു്. തന്നെ സംരക്ഷിക്കുന്നതിനു തന്റെ അച്ഛൻ പ്രദൎശിപ്പിച്ച വൈമനസ്യത്താൽ മാത്രമായിരുന്നു അദ്ദേഹം കത്തോലിക്കാമതം സ്വീകരിച്ചതെന്നു ഞാൻ ന്യായ്യമായി ഊഹിക്കുന്നു."

ശ്രീവാ:— "ഹാ! എത്ര അപമാനകരം! രാമസ്വാമിയുടെ മതംമാററംതന്നെ എന്റെ വാദങ്ങൾക്കു് ഒരു തെളിവാണെന്നു നിങ്ങൾക്കു് ഇപ്പോൾ മനസ്സിലായിരിക്കുമല്ലോ. അതേ, കൃഷ്ണസ്വാമീ, ഇപ്പോൾ നിങ്ങൾക്കു് ഒരു ഉദ്യോഗമുള്ള സ്ഥിതിക്കു നിങ്ങൾ ഈ മിഷ്യൻമന്ദിരത്തെ ഉപേക്ഷിച്ചു് ഹൈന്ദവകേന്ദ്രങ്ങളിൽപ്പോയി നിവസിച്ചുകൊണ്ടു് ഒരു കത്തോലിക്കന്റെ ജീവിതം എപ്രകാരമെന്നു് അവൎക്കു കാണിച്ചുകൊടുക്കുക."

കൃഷ്ണസ്വാ:— "കത്തോലിക്കാമതത്തോടു നിങ്ങൾക്കും ആനുകൂല്യമുണ്ടെന്നു നിങ്ങളുടെ സംഭാഷ

ണത്തിൽനിന്നു ഞാൻ ഊഹിക്കുന്നു. എന്തു്? ശ്രീവാസൻ, എൻെറ സന്ദേഹം അടിസ്ഥാനരഹിതമല്ലല്ലോ!"

ശ്രീവാ:– "എനിക്കുവേണ്ടി നിങ്ങൾ പ്രാൎത്ഥിക്കണം. കൂടുതലായി ഇപ്പോൾ ഒന്നും പറയുവാനില്ല. കാലതാമസമെന്നിയേ നിങ്ങൾക്കു രസാവഹമായ ചിലസംഗതികൾ കേൾക്കുന്നതിനിടയായേക്കും. സ്നേഹിതാ, സമയം അതിക്രമിച്ചുപോയല്ലോ. അടുത്ത അവസരത്തിൽത്തന്നെ നിങ്ങളുടെ വസതിയിൽ വന്നു നിങ്ങളേയും, ഉപദ്രവകാരികളെന്നു നിങ്ങൾക്കു തോന്നിയ നിങ്ങളുടെ സഹവാസികളേയും ഞാൻ കണ്ടുകൊള്ളാം. നമസ്കാരം. നിങ്ങളെ കണ്ടുമുട്ടിയതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. ഇപ്പോൾ പോകട്ടെ."

# IX

ശ്രീവാസൻ പ്രത്യേകപരിശീലനാൎത്ഥം ഗഞ്ചാമിലേയ്ക്കു് പോയതായി ഗസററിൽനിന്നും ഫാദർ ജ്യോതിക്കു മനസ്സിലായി. ഒരാഴ്ചയ്ക്കുശേഷം ഗവൎണ്ണരുടെ ആദ്ധ്യക്ഷ്യത്തിൽ നടത്തപ്പെടുവാനിരുന്ന ഒരു യോഗത്തിൽ പ്രസംഗിക്കുന്നതിനു ക്ഷണിച്ചുകൊണ്ടു് സൎവ്വകലാലയത്തിൽ നിന്നയച്ചിരുന്ന ഒരു കത്തു് ആശ്രമശ്രേഷ്ഠൻ ഫാദർ ജ്യോതിയെ ഏല്പിക്കുകയുണ്ടായി. പ്രസ്തുതസമ്മേളനത്തിൽ സംബന്ധിക്കുന്നതിനു ഫാദർ ജ്യോതിക്കു് വലിയ ആഗ്രഹമില്ലായിരുന്നു. ശ്രീവാസൻ മദ്രാസിൽ ഇല്ലായിരുന്നു. എന്നുതന്നേയല്ല, അയാളെക്കാണുന്നതിനു് ഒരു പരിശ്രമം കൂടെ ചെയ്വാൻ സാഹചര്യങ്ങൾ അനുവദിച്ചിരുന്നുമില്ല. എങ്കിലും മേലധികാരിയുടെ കല്പന അനുസരിച്ചു് അദ്ദേഹം മദ്രാസിലേയ്ക്കു് പോകുകതന്നെ ചെയ്തു.

ഫാദർ ജ്യോതിയുടെ പ്രസംഗത്തെ എല്ലാവരും അതീവമായി പ്രശംസിച്ചു. എത്രയും സൂക്ഷ്മമായ ഒരു വിഷയത്തെപ്പുരസ്കരിച്ചു് ഏററം വിജ്ഞാനപ്രദവും അത്യന്തം രസകരവുമായ ഒരു പ്രസംഗംചെയ്തതിൽ ഗവൎണ്ണർ അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്തു. യോഗാനന്തരം മടങ്ങിപ്പോകുന്നതിനായി ഫാദർ ജ്യോതി തന്റെ വണ്ടിയിൽ കയറുന്നതിനു് ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ സമീപത്തേയ്ക്കു രൂപവതിയായ ഒരു യുവതി ദ്രുതഗതിയിൽ വന്നു് ഇപ്രകാരം

പറഞ്ഞു: "അല്ലയോ, ഫാദർ ജോത്തി, അങ്ങെ ഇ പ്പോഴെങ്കിലും കണ്ടില്ലായിരുന്നെങ്കിൽ അതു് അക്ഷന്തവ്യമായ ഒരപരാധമാകുമായിരുന്നു. പ്രസംഗവും ഇതരചടങ്ങുകളും എപ്പോൾ അവസാനിക്കുമെന്നു ഞാൻ അക്ഷമയോടെ പാർത്തിരിക്കയായിരുന്നു....."

ഫാ: ജോ:– "അതേ, ഞാൻ ഒരു നല്ല പ്രസംഗകനല്ലെന്നു് എനിക്കുതന്നെ അറിയാം. എന്നിട്ടും അവർ ഈ ഭാരം എൻെറ തലയിൽ വലിച്ചു വയ്ക്കുകയാണു ചെയ്തതു്. എൻെറ പ്രസംഗം നിങ്ങളെ മുഷിപ്പിച്ചതിൽ എനിക്കു് സങ്കടമുണ്ടു്."

യുവതി:– "ഓ, ഒരിക്കലുമില്ല, ഫാദർ, ഒരിക്കലുമില്ല. അതല്ല ഞാൻ പറയുവാനുദ്ദേശിച്ചതു്. ഞാൻ എത്ര മൂഢയാണു്. ഗവണ്ണർ പ്രസ്താവിച്ചതുപോലെ തന്നെ അങ്ങയുടെ പ്രസംഗം എത്രയും വിജ്ഞാനപ്രദവും രസാവഹവുമായിരുന്നു. അങ്ങയുടെ ചേതസ്സമാകർഷകമായ പ്രസംഗചാതുര്യം ഒന്നുമാത്രമാണു്, മി. ശ്രീവാസനെ സംബന്ധിച്ചുള്ള വിവരങ്ങൾ അവിടുത്തെപ്പക്കൽ നിന്നു ഗ്രഹിക്കുന്നതിനു് എനിക്കുണ്ടായിരുന്ന അതീവമായ ആഗ്രഹത്തെ നിയന്ത്രിച്ചുകൊണ്ടിരുന്നതു്. ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. മി. ശ്രീവാസനെപ്പററി അവിടേയ്ക്കു് എന്തെങ്കിലും അറിയാമോ? അദ്ദേഹം ഗഞ്ചാമിലേയ്ക്കു പോയ അവസരത്തിൽ ഒരു അനാഥയായിത്തീർന്നിരുന്ന എനിക്കു മുറയ്ക്കു് എഴുത്തുകൾ അയച്ചുകൊണ്ടിരിക്കാമെന്നു വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ, ഇതുവരേ ഒരൊററ അക്ഷരം പോലും എഴുതിയിട്ടില്ല. മി. ശ്രീവാസൻ ഇവിടെനിന്നും പോകുന്നതിനു് ഒരാഴ്ചമുമ്പു് എൻെറ പ്രിയപിതാവു് സഭയുടെ അന്ത്യശുശ്രൂഷകളെല്ലാം സ്വീകരിച്ചതിൻെറ ശേഷം, എന്നെ

ഏകാകിനിയായിപ്പരിത്യജിച്ച്  പരലോകപ്രാപ്തനായ വാൎത്ത മി. ശ്രീവാസനിൽ നിന്ന് അവിടുന്ന് അറിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു." ഇത്രയും പറഞ്ഞു തീരുന്നതിനു മുമ്പ് യുവതി പൊട്ടിക്കരഞ്ഞു പോയി.

ഫാദർ ജോത്തി ആരംഭത്തിൽ പ്രസ്തുത യുവതിയുടെ വാക്കുകൾ അത്ര ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ "സഭയുടെ" എന്ന വാക്ക് അദ്ദേഹത്തെ ആകർഷിച്ചു. അതെപ്പററി അദ്ദേഹം ചിന്തിച്ചു. "ഇവൾ പ്രസ്താവിക്കുന്നതെന്തായിരിക്കാം. ഇവളുടെ അച്ഛനും ശ്രീവാസനും തമ്മിലുള്ള ബന്ധമെന്തായിരിക്കാം. എനിക്ക് ആ ബന്ധത്തെപ്പററി അറിയാമെന്ന് ഇവൾ ഊഹിക്കുന്നു."

ഫാ: ജോ:— "ശ്രീവാസനിൽ നിന്ന് എനിക്ക് ഒരു കത്തു ലഭിച്ചിട്ട് ഇപ്പോൾ ഒരുകൊല്ലത്തോളമായിരിക്കുന്നു. അതും അയാൾ ഐ. സി. എസ്സ്. പരീക്ഷയ്ക്കു അലഹബാദിലേയ്ക്കു പോകുന്നതിനു മുമ്പായിരുന്നു."

യുവതി:— "അല്ലയോ ഫാദർ, അവിടുത്തേയ്ക്കു ഇപ്രകാരം പറയുന്നതിന് എങ്ങനെ സാധിക്കും? അവിടുന്ന് ദയാപൂൎവ്വം എന്നെ വിശ്വസിക്കണമെന്നും, മി. ശ്രീവാസനെക്കുറിച്ച് അവിടുത്തേക്ക് ഒടുവിൽ കിട്ടിയ വാൎത്തകൾ എന്നോടു വ്യക്തമായിപ്പറയണമെന്നും അങ്ങയോടു സവിനയം ഞാൻ അഭ്യൎത്ഥിക്കുന്നു. അല്ല, ഞാൻ വിസ്മരിച്ചുപോയി. ഇനിയും എൻെറ നാമം ഞാൻ അങ്ങയെ അറിയിച്ചില്ലല്ലോ. അതു കേട്ടാൽ നിശ്ചയമായി അങ്ങേയ്ക്കു് എന്നിൽ കൂടുതൽ വിശ്വാസം തോന്നാതിരിക്കുകയില്ല. ഞാൻ മിസ്സ് ജോത്തി ലീലാ ശാസ്ത്രിയാണ്; അതേ, അങ്ങയുടെ നാമം

ധരിക്കുന്നവരം തന്നെ. മി. ശ്രീവാസൻെറ മതപ്രചരണ വേലയുടെ പ്രഥമഫലങ്ങളായ ഞാനും എൻെറ അച്ഛനും ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ അങ്ങയുടെ നാമം ധരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിക്കയുണ്ടായി."

ഫാ. ജോ:– "ഏതു സഭയിലാണു നിങ്ങൾ ജ്ഞാനസ്നാനം സ്വീകരിച്ചതു്?"

യുവതി:– "ഫാദർ, ഇതു് എന്തൊരു ചോദ്യം? സാർവ്വത്രികവും വിശുദ്ധവുമായ ആ കത്തോലിക്കാസഭയിൽത്തന്നെ. അവിടുന്നു് എന്താണു് ഇത്ര വിസ്മയഭരിതനായിത്തീരുന്നതു്? മി. ശ്രീവാസൻ, സംശയം വിനാ, ഈ വാർത്തകളെല്ലാം അവിടുത്തെ ധരിപ്പിച്ചിരിക്കും. ഒരൊററദിവസമെങ്കിലും അദ്ദേഹം അവിടുത്തേപ്പററി കത്തയക്കാതിരിക്കുമെന്നു ഞാൻ സ്വപ്നേപി വിചാരിക്കുന്നില്ല. സദാ അങ്ങയുടെ നാമധേയംതന്നെ ഉച്ചരിച്ചുകൊണ്ടിരിക്കത്തക്കവണ്ണം അത്രയധികം അദ്ദേഹം അങ്ങെ സ്നേഹിക്കുന്നുണ്ടെന്നുള്ളതു നിസ്സന്ദേഹമാണു്. അതേ, ഫാദർ, മി. ശ്രീവാസനോടൊപ്പം ഇത്ര മതതീക്ഷ്ണതയുള്ള ഒരാളെ ഇതുവരെ അവിടുന്നു നമ്മുടെ സത്യവിശ്വാസത്തിലേയ്ക്കു സ്വീകരിച്ചിട്ടില്ലെന്നുള്ളതു സംശയരഹിതമാണു്. കത്തോലിക്കേതരരുടെ മതപരിവർത്തനത്തിനായി പ്രയത്നിക്കുന്നതിനുള്ള തീവ്രമായ ആഗ്രഹം അദ്ദേഹത്തിൽ അത്രയധികം ഉജ്ജ്വലിക്കുന്നുണ്ടു്. മി. ശ്രീവാസൻെറ പരിശ്രമഫലമായി ഈ പട്ടണത്തിൽ ഞങ്ങൾ ആറുപേർ കത്തോലിക്കാമതം സ്വീകരിച്ചിട്ടുണ്ടു്. അങ്ങയുടെ ആത്മീയപുത്രിയായി ഞാൻ മാത്രമേയുള്ളു. മററുള്ളവർ അഞ്ചുപേരും പുരുഷന്മാരാണു്. ഞങ്ങളുടെ മതപരിവർത്തനത്തെപ്പററി

അങ്ങേയ്ക്കു ലഭിച്ച അറിവിനെ ഞങ്ങളിൽ ഒരാളുടെ സാക്ഷ്യംകൊണ്ടുകൂടെ പ്രബലമാക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുണ്ടോ? എന്തിന്? മി. ശ്രീവാസൻതന്നെ അങ്ങേയ്ക്കു തികച്ചും വിശ്വസനീയനാണല്ലോ. ഫാദർ, ഞങ്ങളുടെ മതപരിവത്തനത്തെ സംബന്ധിച്ച് അദ്ദേഹം അറിയിച്ചിട്ടുള്ളതിനെ അവിടുത്തേക്ക് എപ്രകാരം അവിശ്വസിക്കാൻ സാധിക്കും? ഒന്നുകൂടെ ഞാൻ അപേക്ഷിക്കുന്നു. മി. ശ്രീവാസനെപ്പററിയുള്ള സകല വിവരങ്ങളും, അദ്ദേഹം ഇതുവരെ എനിക്കു കത്തയക്കാതിരുന്നതിൻെറ കാരണങ്ങളും എന്നെ അറിയിക്കാൻ ദയയുണ്ടാകണമേ! എന്തുകൊണ്ടെന്നാൽ, താൻ ഹൃദയപൂൎവ്വം സ്നേഹിക്കുന്ന അവിടുത്തെപ്പക്കൽനിന്ന് അദ്ദേഹം യാതൊന്നും മറച്ചുവയ്ക്കുകയില്ലെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.''

സികതാരണ്യത്തിലൂടെ ദാഹത്താൽ വലഞ്ഞ് അലഞ്ഞുനടക്കുന്ന ഒരു യാത്രക്കാരൻ അവിചാരിതമായിക്കണ്ടുമുട്ടുന്ന ഒരു അരിവിയിൽ നിന്നും എന്മാത്രം ഹൃദയാഹ്ളാദത്തോടുകൂടെ ജലം പാനം ചെയ്യുമോ, അതിലുപരിയായ സന്തോഷത്തോടുകൂടെയാണ് സൗന്ദര്യലീലയുടെ വാക്കുകളെ ഫാദർ ജ്യോത്തി ശ്രവിച്ചുകൊണ്ടിരുന്നത്. അദ്ദേഹം സന്തോഷത്താൽ മതിമറന്നുപോയി. അദ്ദേഹം ഇപ്രകാരം ചിന്തിച്ചു:- "എന്തുകൊണ്ടാണ് ശ്രീവാസൻ ഇക്കാൎയ്യത്തിൽ ഇത്ര നിർബന്ധശീലത്തോടെ മൗനം അവലംബിക്കുന്നത്? അങ്ങോട്ട് അന്വേഷിച്ചു ചെന്നിട്ടുപോലും കണ്ടഭാവംകൂടെ നടിക്കാതിരുന്നതിൻെറ കാരണമെന്ത്?'' ഈ സംഗതികൾ അദ്ദേഹത്തിനു ദുർഗ്രഹമായിത്തീർന്നു. ഇപ്പോൾ ശ്രവിച്ച സന്തോഷപ്രദമായ ഈ വാൎത്ത ശ്രീവാസൻെറ

മൌനാവലംബനത്തിൻെറ രഹസ്യം കൂടുതൽ അജ്ഞാതാവഹമാക്കിത്തീർക്കുക തന്നെ ചെയ്തു. ശ്രീവാസൻെറ ദീർഘമൗനത്തെക്കുറിച്ചു തനിക്കുണ്ടായിരുന്ന അഭിപ്രായം, തൽസംബന്ധമായി യാതൊരറിവുമില്ലാതിരുന്ന ലീലയെ അറിയിക്കുന്നതു് അത്ര ഉചിതമായിരിക്കുകയില്ലെന്നു് അദ്ദേഹത്തിനു തോന്നി.

ഫാ. ജോ:— "പ്രിയ കുഞ്ഞേ, ഗഞ്ചാമിൽനിന്നു ശ്രീവാസൻ എനിക്കു യാതൊരെഴുത്തും അയച്ചിട്ടില്ലെന്നു ഞാൻ പറയുന്നതു വിശ്വസിക്കുക. അദ്ദേഹം നിന്നെ പരീക്ഷിക്കുന്നതുപോലെ ഒരുപക്ഷേ, എന്നേയും പരീക്ഷിക്കുകയായിരിക്കും. അത്യധികമായി സ്നേഹിക്കുന്നവരാണു കൂടുതലായി പരീക്ഷിക്കപ്പെടുന്നതു്. നാം ഒട്ടും നിരാശപ്പെടേണ്ടതില്ല. അദ്ദേഹത്തിൻെറ മൗനംകൊണ്ടു് എൻെറ സ്നേഹത്തിനു് അല്പംപോലും ഭംഗം വന്നിട്ടില്ല. നീ ധരിച്ചിരിക്കുന്നപ്രകാരം അദ്ദേഹം ഒരു നിഷ്കളങ്കഹൃദയനത്രേ."

ലീല നമ്രമുഖിയായി ഇപ്രകാരം പറഞ്ഞു:— "അല്ലയോ ഫാദർ, സാന്ത്വനവാക്കുകളാൽ സമാശ്വസിപ്പിക്കുന്നതിനു് അങ്ങു് അതിസമർത്ഥൻതന്നെ. മി. ശ്രീവാസൻ അങ്ങയെ അത്യധികം സ്നേഹിക്കുന്നതിൽ എന്താണാശ്ചര്യം!"

ശ്രീവാസൻ ജ്ഞാനസ്നാനം സ്വീകരിച്ചുവെന്നു ഫാദർ ജോത്തിക്കു മിക്കവാറും ഊഹിക്കാമായിരുന്നുവെങ്കിലും തൽസംബന്ധമായി സൂക്ഷ്മവിവരങ്ങൾ ഗ്രഹിക്കുന്നതിനു് അദ്ദേഹം അതിയായി ആഗ്രഹിച്ചു. പക്ഷേ, അക്കാര്യം എങ്ങനെയാണു് നേരിട്ടു ചോദിക്കുക.

ഫാ. ജോ:– "ലീല, ശ്രീവാസൻ കൂടെക്കൂടെ ദിവ്യ കാരുണ്യം സ്വീകരിക്കാറുണ്ടോ? മതപരിവൎത്തനംചെയ്ത ഒരാളിൻെറ ആത്മാവിനു സ്ഥൈര്യം നല്കുന്നതിന് ഇതിനെക്കാൾ ശക്തമായ വേറൊന്നില്ലല്ലോ."

ലീല:– "കൂടെക്കൂടെ എന്നു തന്നെയല്ല, പ്രതിദിനം ദിവ്യകാരുണ്യം സ്വീകരിക്കുന്നതിന് അദ്ദേഹം എന്നേയും, ജ്ഞാനസ്നാനം കൈക്കൊണ്ട മററു സഹോദരന്മാരേയും സദാ ഉപദേശിക്കാറുണ്ടായിരുന്നു. എന്നാൽ, അങ്ങയുടെ ചോദ്യത്തിനു നിസ്സന്ദേഹമായി മറുപടി പറയുന്നതിന് എനിക്കു സാധിക്കുകയില്ല. അദ്ദേഹം പരിശുദ്ധ കുർബാന കൈക്കൊള്ളുന്നത് ഇതുവരെ ഞാൻ കണ്ടതായി ഓർമ്മിക്കുന്നില്ല. ഒരുപക്ഷേ, അക്കാര്യത്തിൽ ഞാൻ ശ്രദ്ധിക്കാതിരുന്നതുകൊണ്ടോ, അഥവാ, ആ അവസരങ്ങളിൽ ഞാൻ സന്നിഹിതയല്ലാതിരുന്നതുകൊണ്ടോ ആയിരിക്കാം കാണാതിരുന്നിട്ടുള്ളതു്."

ഈ വാൎത്ത ശ്രീവാസനെ സംബന്ധിച്ചുള്ള രഹസ്യത്തെ പൂൎവ്വോപരി ദുർഗ്രഹമാക്കിത്തീർത്തതിനാൽ തൽസംബന്ധമായി ഫാദർ ജോത്തിക്കു യാതൊരു തീരുമാനവും കണ്ടുപിടിക്കുന്നതിനു സാധിച്ചില്ല.

ലീല തുടർന്നു പറഞ്ഞു: "അല്ലയോ ഫാദർ, അങ്ങു് എൻെറ ആത്മീയഗുരുവാകുന്നു. മി. ശ്രീവാസനോടൊപ്പം അവിടത്തെ സ്നേഹിക്കുന്നതിന് അതിവേഗം ഞാൻ പ്രേരിതയായിത്തീരുമെന്ന് എനിക്കു നല്ല നിശ്ചയമുണ്ടു്. എൻെറ ഒരു ഹൃദയാഭിലാഷം ഞാൻ അങ്ങയെ അറിയിച്ചുകൊള്ളട്ടെ. എൻെറ അച്ഛൻ ജീവിച്ചിരുന്നകാലത്തോളം എൻെറ മുഴുവൻ ശ്രദ്ധയും അദ്ദേഹത്തോടുള്ള സ്നേഹത്തിലും അദ്ധ്യയനവിഷയങ്ങ

ളിലുമായി ഞാൻ വിനിയോഗിച്ചിരുന്നു. അദ്ദേഹം മി. ശ്രീവാസനെ സ്വപുത്രനെപ്പോലെയാണു സ്നേഹിച്ചിരുന്നതു്. മി. ശ്രീവാസൻ അദ്ദേഹത്തേയും പിതൃനിർവ്വിശേഷം സമാദരിച്ചിരുന്നു. അച്ഛനു് എന്നെ സംബന്ധിച്ചുണ്ടായിരുന്ന അഭിലാഷങ്ങളെല്ലാം അദ്ദേത്തിൻെറ മരണത്തോടെ നിഷ്ഫലങ്ങളായിപ്പരിണമിച്ചു. ഇപ്പോൾ അവയൊക്കെയും എൻെറ സ്മൃതിപഥത്തിൽ എത്തുന്നു. മരണവേളയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഒരൊററ സങ്കടം, ധനസമ്പന്നയെങ്കിലും ഏകാകിനിയും നിരാധാരയുമായി എന്നെ ഉപേക്ഷിച്ചിട്ടു് ഈലോകവാസം വെടിയേണ്ടതായി വന്നല്ലോ എന്നുള്ളതായിരുന്നു....." തുടരുന്നതിനു ശക്തയാകാതെ അശ്രുകണങ്ങൾ പൊഴിച്ചുകൊണ്ടു് അവൾ മൗനം അവലംബിച്ചു.

ലീലയുടെ അന്തർഗതം ഫാദർ ജ്യോതിസ്സു മനസ്സിലായി. അദ്ദേഹം അനുകമ്പാപൂർവ്വം പറഞ്ഞു: "പ്രിയ കുഞ്ഞേ, കരയാതിരിക്കുക. നമ്മുടെ രക്ഷാനാഥനോടും അവിടുത്തെ പരിശുദ്ധമാതാവിനോടും തീവ്രമായി പ്രാർത്ഥിക്കുക. അവരിൽ നീ ദൃഢമായി വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുക. ഞാനും നിനക്കുവേണ്ടി പ്രാർത്ഥിക്കാം. ഞാൻ കോളേജിലേക്കു തിരിച്ചെത്തിയാലുടൻ തന്നെ, നാം തമ്മിൽ കണ്ടു സംസാരിച്ചവിവരം ശ്രീവാസനു് എഴുതാം. അദ്ദേഹം മറുപടി അയക്കുന്നപക്ഷം അതു നിന്നെ അറിയിക്കുകയുംചെയ്യാം. ധൈര്യം അവലംബിക്കുക. നീ എപ്പോഴും സന്തോഷത്തോടും സമാധാനത്തോടുംകൂടെ വർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നിന്നെക്കണ്ടുമുട്ടിയതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. എനിക്കു പോ

കുന്നതിന്നു സമയമായി. കുഞ്ഞേ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.''

ഫാദർ ജ്യോതി കോളേജിലേക്കു മടങ്ങിയെത്തിയ ഉടൻതന്നെ ഒരു ദീർഘലേഖനം ശ്രീവാസൻെറ പേർക്ക് അയച്ചു. ലീല ഫാദർ ജ്യോതിയിൽനിന്നു വിവരമറിയുന്നതിന് അക്ഷമയോടെ കാത്തിരുന്നതുപോലെ തന്നെ, ഫാദർ ജ്യോതിയും ശ്രീവാസൻെറ മറുപടി പ്രതീക്ഷിച്ചിരിപ്പായി. ദിവസങ്ങളും ആഴ്ചകളും പലതുകഴിഞ്ഞു. എന്നിട്ടും ശ്രീവാസനിൽനിന്നു യാതൊരു വാത്തയും ലഭിച്ചില്ല.

# X

ഏതാനും ദിവസങ്ങൾക്കു ശേഷം, ശ്രീവാസൻ ഗഞ്ചാമിലെ പ്രത്യേകപരിശീലനം കഴിഞ്ഞ്, കോളേജു സ്ഥിതിചെയ്തിരുന്ന പട്ടണത്തിലേ സബ് കലക്റ്ററായി നിയമിതനായ വിവരം ഫാദർ ജ്യോതിക്ക് അറിവാൻ ഇടയായി. ശ്രീവാസൻ പത്തു ദിവസത്തിനകം അവിടെ എത്തുമെന്ന് അന്വേഷണഫലമായി അദ്ദേഹം മനസ്സിലാക്കി. സന്തുഷ്ടചിത്തനായി ഫാദർ ജ്യോതി ഇപ്രകാരം ആത്മഗതം ചെയ്തു: "ശ്രീവാസൻ, നിങ്ങൾ ഇപ്പോൾ എൻെറ കൈയിലകപ്പെട്ടു. നിങ്ങളുടെ ദീർഘമൗനത്തിൻെറ രഹസ്യം നിങ്ങളിൽനിന്നു മനസ്സിലാക്കാതെ. ഞാൻ സ്വസ്ഥനായിരിക്കയില്ല". ഉടൻതന്നെ അദ്ദേഹം തൻെറ മേലധികാരിയെ സമീപിച്ച് ശ്രീവാസൻെറ ആഗമനത്തോടടുത്തു നടത്തുവാൻ നിശ്ചയിച്ചിരുന്ന കോളേജ് വാർഷികദിനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിന് അദ്ദേഹത്തെ ക്ഷണിക്കണമെന്ന് ആവശ്യപ്പെട്ടു. മേലധികാരി ഉടൻതന്നെ അതിനു പരിപൂർണ്ണമായി സമ്മതിക്കുകയും, അദ്ദേഹം തന്നെ ശ്രീവാസനെ ക്ഷണിക്കുന്ന ഒരു കത്ത് ഉടനെ അയക്കുകയും ചെയ്തു. രണ്ടുദിവസങ്ങൾക്കു ശേഷം മറുപടിയായി ഇപ്രകാരം ഒരു കമ്പിസന്ദേശം ലഭിക്കുകയുണ്ടായി.

"അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കുന്നതിനു ഞാൻ സന്തോഷസമന്വിതം സമ്മതിച്ചിരിക്കുന്നു. അതൊരു പ്രശംസയും ബഹുമാനവുമായി ഞാൻ കരുതുന്നു. പ്രിയ

ഫാദർ ജോത്തിക്ക് എൻെറ ഹൃദയംഗമമായ മംഗളങ്ങൾ. ഞാൻ എത്ര ദീർഘകാലത്തേയ്ക്കു മൗനം അവലംബിച്ചോ അത്ര അധികമായി ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു".

ഫാദർ ജോത്തി സന്തോഷത്തിൽ ആറാടി. തൻെറ പ്രിയ ശിഷ്യൻെറ ആഗമനത്തെ പ്രതീക്ഷിച്ചു നാഴികകളും ദിവസങ്ങളും എണ്ണിത്തുടങ്ങി. വിവരം താമസംവിനാ ലീലയെ അദ്ദേഹം അറിയിക്കുകയും, ശ്രീവാസൻെറ ആഗമനത്തിനു ശേഷം സകല വിവരങ്ങളും കാണിച്ചുള്ള ഒരു ദീർഘലേഖനം അവൾക്കു അയക്കുന്നതാണെന്നുള്ള വാഗ്ദാനത്താൽ അവളെ സന്തുഷ്ടയാക്കുകയും ചെയ്തു.

ശ്രീവാസൻെറ ആഗമനത്തിനു രണ്ടുദിവസം മുമ്പു രാവിലേ, ഭക്ഷണാനന്തരം, ആശ്രമശ്രേഷ്ഠൻ ഫാദർ ജോത്തിയുടെ മുറിയിൽ അദ്ദേഹവുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കയായിരുന്നു. മുറിയുടെ വാതിലിൽ ആരോ മുട്ടുകയാൽ ഫാദർ ജോത്തി കതകു തുറന്നു. അപ്രതീക്ഷിതമായി ശ്രീവാസനെ തൻെറ മുമ്പിൽ കണ്ടപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷാത്ഭുതങ്ങൾ അവർണ്ണനീയം തന്നെ ആയിരുന്നു. ഫാദർ ജോത്തി വിവിധ വികാരങ്ങളിൽ നിന്നു വിമുക്തനാകുന്നതിനു മുമ്പ് അദ്ദേഹത്തിൻെറ വത്സലശിഷ്യൻ അദ്ദേഹത്തെ ആലിംഗനം ചെയ്തു കഴിഞ്ഞു. അദ്ദേഹം പ്രത്യാശ്ലേഷം നൽകിയപ്പോൾ ശ്രീവാസൻെറ നയനങ്ങൾ സന്തോഷാശ്രുക്കൾ കൊണ്ടു നിറഞ്ഞിരിക്കുന്നതായിക്കണ്ടു. ശ്രീവാസൻ ആശ്രമശ്രേഷ്ഠനെ അഭിവാദ്യം ചെയ്തശേഷം മൂവരും ആസനസ്ഥരായി. ശ്രീവാസൻെറ വിശേഷ

ങ്ങൾ അറിവാൻ വൈദികന്മാർ രണ്ടുപേരും അക്ഷമരായിത്തീർന്നു.

ശ്രീവാ:— പ്രിയ ബ. അച്ചന്മാരേ, അലഹബാദിൽനിന്നും യാത്ര പറഞ്ഞു പിരിഞ്ഞ ഉടൻതന്നെ നിങ്ങളെക്കാണുന്നതിനുള്ള അതീവാഗ്രഹത്താൽ ദ്രുതഗതിയിൽ ഇങ്ങോട്ടു തിരിച്ചു. അതുകൊണ്ടാണു നിങ്ങൾ പ്രതീക്ഷിച്ചിരുന്നതിനു മുമ്പ് എനിക്ക് ഇവിടെ വന്നു ചേരുവാൻ ഇടയായതു്. ഞാൻ എൻെറ പ്രിയ ഫാദർ ജോത്തിയോടു നിഷ്ഠുരണം വത്തിച്ചുവെന്നു് അദ്ദേഹത്തിനു് തോന്നിയിരിക്കാം. വിശിഷ്യ, എൻെറ ദീർഘമൗനത്തിൻെറ രഹസ്യം മനസ്സിലാക്കുന്നതിനു് അദ്ദേഹം ക്ലേശകരമായ യാത്ര ചെയ്തു മദ്രാസ് വരെ വന്നപ്പോൾ, അദ്ദേഹത്തോടു ഞാൻ അനുവത്തിച്ച നയം ഏററം നിഷ്ഠുരമായിപ്പോയി എന്നു് അദ്ദേഹം വിചാരിച്ചിരിക്കണം. എന്നാൽ, ഫാദർ ജോത്തിയോടു് എന്നതിനെക്കാൾ എന്നോടുതന്നെയാണു് ഞാൻ ക്രൂരതൽ നിഷ്ഠുരനായിരുന്നതെന്നു നിങ്ങളെ അറിയിച്ചുകൊള്ളട്ടെ. എല്ലാം വിശദമായിപ്പറയാം. അലഹബാദിലേക്കു് ഞാൻ യാത്ര പുറപ്പെടുന്ന അവസരത്തിൽ എഴുതിയ കത്തിനു മുമ്പ് അങ്ങേയ്ക്കയച്ച ദീർഘലേഖനത്തിൽ എൻെറ മതപരിവത്തനത്തിനു് അച്ഛൻ ശക്തിമത്തായ വിസമ്മതം പ്രകടിപ്പിച്ചതായും, എൻെറ സ്വന്തം ഭവനത്തിൽത്തന്നെ അദ്ദേഹം എന്നോടു് ഒരു വിദേശിയോടെന്നപോലെ വത്തിച്ചിരുന്നതായും ഞാൻ എഴുതിയിരുന്നുവല്ലോ. നിങ്ങൾ വാഗ്ദാനം ചെയ്തിരുന്ന അദ്ധ്യാപകജോലി സ്വീകരിക്കുന്നതിനു തീരുമാനിച്ചുകൊണ്ടു് ഞാൻ പരീക്ഷാഫലം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അതു പ്രസിദ്ധീകൃത

മായി ഏതാനും ദിവസങ്ങൾക്കു ശേഷം, ഐ. സി. എസ്സിനുള്ള മത്സരപരീക്ഷയെ സംബന്ധിച്ച് ഒരു വിജ്ഞാപനം വൃത്താന്തപത്രങ്ങളിൽ കാണുകയുണ്ടായി. ആ പരീക്ഷയ്ക്കു ചേരുന്നതിന് ഉടനെ അപേക്ഷ അയക്കുവാൻ അപ്പൻ എന്നെ നിർബന്ധിച്ചു. അപ്പനുമായി രമ്യപ്പെടുന്നതിനും അദ്ദേഹത്തെ എന്റെ അഭിവാഞ്ഛയനുസരണം സമ്മതിപ്പിക്കുന്നതിനും ഇതു് ഒരു നല്ല അവസരമാണല്ലോ എന്നു കരുതി, പരീക്ഷയ്ക്കു ചേരുവാൻ എനിക്കു കഴിയുകയില്ലെന്നു പറഞ്ഞു്, അദ്ദേഹത്തിന്റെ ആഗ്രഹത്തെ നിർവ്വിശങ്കം ഞാൻ എതിർത്തു. വിജയം നിശ്ചയമാണെന്നു പറഞ്ഞുകൊണ്ട് വീണ്ടും അദ്ദേഹം എന്നെ നിർബന്ധിച്ചു. പരീക്ഷയിൽ വിജയമോ പരാജയമോ എന്തുതന്നെ സംഭവിച്ചാലും, ഒരു കത്തോലിക്കനാകുന്നതിൽനിന്ന് എന്നെത്തടയുകയില്ലെന്നു സമ്മതിക്കുന്നപക്ഷം അച്ഛന്റെ ഇഷ്ടാനുസരണം പ്രവർത്തിക്കാമെന്നു ഞാൻ വ്യക്തമായി പ്രസ്താവിച്ചു. ഈ വ്യവസ്ഥ ശ്രവിച്ച മാത്രയിൽ അദ്ദേഹം അസ്വസ്ഥനും കോപാക്രാന്തനുമായിത്തീർന്നു. എന്നാൽ, ഞാൻ എന്റെ നിശ്ചയത്തിൽനിന്ന് ഒട്ടും പിൻമാറിയില്ല. ഒടുവിൽ, അദ്ദേഹം എന്റെ അഭീഷ്ടം അനുസരിച്ചു പ്രവർത്തിക്കാമെന്ന് സമ്മതിച്ചെങ്കിലും, കഠിനമായ ഒരു പരീക്ഷണത്തിന് എന്നെ വിധേയനാക്കി. കർക്കശങ്ങളായ ചില നിർദ്ദേശങ്ങൾ ഞാൻ അനുസരിക്കുന്ന പക്ഷം ഒരു കത്തോലിക്കനാകുന്നതിൽനിന്ന് എന്നെത്തടയുകയില്ലെന്ന് അദ്ദേഹം സമ്മതിച്ചു. ആ ദിവസം തുടങ്ങി തികച്ചും ഒരു വർഷം കഴിയാതെ കത്തോലിക്കാമതം സ്വീകരിക്കുകയില്ലെന്നും, ആ കാലത്തിനിടയിൽ

യാതൊരു കത്തോലിക്കാവൈദികനുമായി, വിശിഷ്യ, ഫാദർ ജ്യോത്തി, അവിടുന്നുമായി, സംഭാഷിക്കയോ കത്തിടപാടുകൾ നടത്തുകയോ ചെയ്കയില്ലെന്നും, ഏതെങ്കിലും സ്ഥലത്തോ, സമയത്തോ, സാഹചര്യങ്ങൾ നിമിത്തം നാം തമ്മിൽ കണ്ടുമുട്ടുന്നതിനിടയായാൽ ഒരു വെറും അപരിചിതനെന്നോണം വർത്തിച്ചുകൊള്ളാമെന്നും ഞാൻ വാഗ്ദാനം ചെയ്യേണ്ടിയിരുന്നു. ഈ പരീക്ഷ വളരെ കഠിനമായ ഒന്നുതന്നെയായിരുന്നു. ജ്ഞാനസ്നാനസ്വീകരണത്തിനുള്ള അവസരം മാററിവയ്ക്കണം! മാത്രമോ? എന്റെ മൗനം, ഫാദർ ജ്യോത്തി, അങ്ങയിൽ എമ്മാത്രം മനോവ്യഥ ഉളവാക്കും! എന്നാൽ, ഇത്രയുമോ ഇതിലധികമോ ത്യാഗങ്ങൾ സഹിക്കേണ്ടി വന്നാലും എന്റെ നിത്യരക്ഷയെ അതിലെല്ലാം ഉപരിയായി വിലമതിക്കേണ്ടതാണെന്ന് എനിക്കറിയാമായിരുന്നു. ആകയാൽ, ഈ വ്യവസ്ഥകൾക്കു ഞാൻ സമ്മതിച്ചു. അച്ഛന്റെ നിർബന്ധമനുസരിച്ച് ഏവംവിധം ഒരു വ്യവസ്ഥയ്ക്കു ഞാൻ സമ്മതിച്ചിരിക്കുകയാണ് എന്നുപോലും അങ്ങേ അറിയിക്കുന്നതിന് അദ്ദേഹം എന്നെ അനുവദിച്ചില്ല. ഒരു കൊല്ലംകൊണ്ടു കത്തോലിക്കാമതാവലംബിയാകണമെന്നുള്ള എന്റെ നിശ്ചയത്തിൽനിന്നു ഞാൻ വ്യതിചലിക്കുമെന്നാണ് അദ്ദേഹം വിചാരിച്ചത്. വിജയിയായ ഭാവത്തിൽ അദ്ദേഹം തുടർന്നുപറഞ്ഞു: "അച്ഛനമ്മമാരോടുള്ള പരിപൂർണ്ണമായ അനുസരണത്തെയും, വാഗ്ദാനപരിപാലനത്തെയും പററി നിന്റെ കത്തോലിക്കാമതം എന്താണു നിന്നെ ഇതുവരെ പഠിപ്പിച്ചിട്ടുള്ളതെന്നു ഞാൻ ഒന്നു മനസ്സിലാക്കട്ടെ."

ഐ. സി. എസ്സ്. പരീക്ഷയ്ക്കായി അലഹബാദിലേയ്ക്കു പോ ന്ന വിവരം അറിയിക്കുന്നതിനു മാത്രം അവിടുത്തേക്ക് അവസാനമായി ഒരെഴുത്തെഴുതുന്നതിന് അനുവാദം വിനയപൂർവ്വം ഞാൻ അച്ചനോടപേക്ഷിച്ചു. അച്ചൻ അതിനു സമ്മതിച്ചു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ വച്ചുതന്നെയാണ് ഞാൻ ആ ലേഖനം എഴുതിയതു്.

ഫാ. ജോ:– "ശ്രീവാസൻ, നിങ്ങൾ എത്രയും സ്ഥിരതയോടും വിശ്വസ്തതയോടുംകൂടെ ആ വാഗ്ദാനം പരിപാലിച്ചു. നിങ്ങൾ ഒരു ധീരാത്മാവുതന്നെ. എന്നാൽ, "കത്തോലിക്കാസഭയ്ക്കു പുറമേ രക്ഷയില്ല" എന്ന ഉപദേശത്തെ ആസ്പദമാക്കി എന്തിനാണ് നിങ്ങൾ സംശയരൂപത്തിൽ ചോദിച്ചതു്? നിശ്ചയമായി, എന്നെപ്പോലെതന്നെ നിങ്ങൾക്കും അതിന്റെ മറുപടി അറിയാമായിരുന്നല്ലോ.

ശ്രീവാ:– "അച്ചനുമായുള്ള എന്റെ വാദപ്രതിവാദത്തിൽ ആ ഒരു ഒററ സംഗതി ഒഴിച്ചുള്ളതെല്ലാം അച്ചനെക്കൊണ്ടു സമ്മതിപ്പിക്കുന്നതിന് എനിക്കു സാധിച്ചു. ഈശ്വരസ്ഥാപിതമായ സഭ താദൃശമായ ഒരു സിദ്ധാന്തത്തെ മുറുകെപ്പിടിച്ചിരിക്കുന്നതിന്റെ ന്യായവത്ത്വം അദ്ദേഹത്തിന് സുവിദിതമായിരുന്നെങ്കിലും എല്ലാമതങ്ങളും സത്യമാണെന്നു സുദൃഢമായി വിശ്വസിച്ചിരുന്ന അദ്ദേഹത്തിന് അതു് സ്വീകാര്യമായിത്തോന്നിയില്ല. ഇതിനു ശരിയായ ഒരു സമാധാനം കണ്ടെത്തുവാൻ അദ്ദേഹത്തിനു സാധിച്ചുമില്ല. അതുകൊണ്ടു്, ആ പ്രശ്നം എഴുത്തിന്റെ അവസാനത്തിൽ ചേർക്കുന്നതിന് അച്ചനാണ് എന്നോടാവശ്യപ്പെട്ടതു്. അങ്ങു് എന്തു വിശദീകരണമാണ് അതിനു നല്കുന്നതെന്ന് അറിയുവാൻ അദ്ദേഹം അത്യ

ഹിച്ചിരുന്നു. എന്നാൽ, പിന്നീടുള്ള എന്റെ ദീർഘ മൗനം നിമിത്തം ആ പ്രശ്നം ഒരുപക്ഷേ, എന്നെസംബന്ധിച്ച് അവിടുത്തേക്കു സംശയം ഉളവാക്കിയിരിക്കുമെന്നു ഞാൻ ഊഹിക്കാതിരുന്നില്ല. അങ്ങയുടെ വിശിഷ്ടമായ മറുപടി ഞാൻ അലഹബാദിൽനിന്നും അച്ഛന്റെപേർക്ക് ഉടൻ അയച്ചു കൊടുക്കുകയും ചെയ്തു."

"ശ്രീവാസൻ, ഒരു കൊല്ലത്തെ മൗനത്തിനിടയ്ക്ക്, നിങ്ങൾ വിസ്മയാവഹങ്ങളായ കൃത്യങ്ങൾതന്നെ നിർവഹിച്ചിരിക്കുന്നു. മദ്രാസിൽവച്ചു ലീലയിൽനിന്നു ഗ്രഹിച്ച വാർത്തകൾ ഫാദർ ജോത്തി എന്നെ സവിസ്തരം ധരിപ്പിക്കയുണ്ടായി" എന്നു മേലധികാരി ഇടയ്ക്കു കയറിപ്പറഞ്ഞു.

ശ്രീ.വാ:- "പക്ഷേ, എന്റെ മൗനം കാരണമായി ഫാദർ ജോത്തിക്കുണ്ടായ ആശങ്കയ്ക്കും മനോവ്യഥയ്ക്കും പരിഹാരമെന്നോണം, ഞാൻ മദ്രാസിൽ നടത്തിക്കൊണ്ടിരുന്ന നിസ്സാരമായ പ്രേഷിതജോലിയെപ്പററി അദ്ദേഹത്തോടു നേരിട്ടറിയിക്കണമെന്നാണ് ഞാൻ നിശ്ചയിച്ചിരുന്നത്. എന്നാൽ, നിഷ്കളങ്കയായ ആ സാധു ലീല തന്റെ കാര്യം ഫാദർ ജോത്തിയെക്കൊണ്ടു നിവർത്തിപ്പിക്കുന്നതിനു വേണ്ടി ആ വിവരങ്ങളെല്ലാം അദ്ദേഹത്തോടു പറഞ്ഞു കഴിഞ്ഞു." ഇതു കേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചുപോയി.

ശ്രീവാസൻ തുടർന്നു:- "അച്ഛനോടു ഞാൻ ചെയ്തിരുന്ന പ്രതിജ്ഞയുടെ കാലം രണ്ടു ദിവസങ്ങൾക്കു മുമ്പ് പര്യവസാനിച്ചതോടെ, എന്നെ അതിൽനിന്നും വിമുക്തനാക്കണമെന്നു ഞാൻ അദ്ദേഹത്തിന്റെ പേർക്ക് കമ്പി അടിച്ചു. ഞാൻ ഇന്നു രാവിലെ തീവണ്ടി

യിൽനിന്നും ഇറങ്ങിയ ഉടനെ "നീ ഇപ്പോൾ സ്വതന്ത്രൻ. ഞാൻ നിന്നെത്തടയുന്നില്ല." എന്നുള്ള മറുപടി അദ്ദേഹത്തിൽനിന്നു ലഭിക്കുകയും ചെയ്തു.

ഫാ. ജോ:– "എന്നാൽ, എന്തുകൊണ്ടാണു വാഗ്ദാനം ചെയ്തിരുന്നതനുസരിച്ച് ലീലയ്ക്കു് ഇതുവരെ ഒരെഴുത്തുപോലും അയക്കാതിരുന്നതു്?"

ശ്രീവാ:– "യഥാർത്ഥമായി ഞാൻ അവളെ സ്നേഹിക്കുന്നുണ്ടു്. അവൾക്കു് എന്നോടും സ്നേഹമുണ്ടെന്നു് എനിക്കറിയാം. അവൾ ഭക്തയും സ്നേഹയോഗ്യയുമായ ഒരു സുശീലയാണു്. ഒരു യുവതിയ്ക്കു് അവശ്യം വേണ്ട ഗുണലക്ഷണങ്ങൾ എല്ലാം അവൾക്കു ലബ്ധമായിട്ടുണ്ടെന്നുള്ള വസ്തുത അനിഷേധ്യം തന്നെ. മാത്രമല്ല, പൈതൃകാവകാശമായി ഒരു വലിയ സമ്പാദ്യം അവൾക്കു ലഭിച്ചിട്ടുമുണ്ടു്. എന്നാൽ, അവൾ ലോകപരിചയം സിദ്ധിച്ചിട്ടില്ലാത്തവളും നിഷ്കപടയുമാണു്. മദ്രാസിലായിരിക്കുമ്പോൾ അനേകംപേർ അവളെ വിവാഹം കഴിക്കുന്നതിനു് അവളുടെ അച്ഛനോടു് ആവശ്യപ്പെട്ടതാണു്. ആ കൂട്ടത്തിൽ, എന്റെ പരിശ്രമത്താൽ കത്തോലിക്കനായിത്തീർന്ന ഒരു മാന്യനും ഉൾപ്പെട്ടിരുന്നു. അവളുടെ അച്ഛൻ ഇന്നു ജീവിച്ചിരുന്നെങ്കിൽ നിശ്ചയമായി ഞാനും അവളെ വിവാഹം കഴിക്കുന്നതിനു് അനുവാദം അദ്ദേഹത്തോടപേക്ഷിക്കുമായിരുന്നു. എന്നാൽ, അവളുടെ അച്ഛൻ പരലോകപ്രാപ്തനായതിനാൽ ഞാൻ അവൾക്കു സ്വാതന്ത്ര്യം കൊടുത്തുകൊണ്ടു് അവളെ ഒന്നു പരീക്ഷിക്കണമെന്നു് നിശ്ചയിച്ചു. എന്തുകൊണ്ടെന്നാൽ, അവൾക്കു് എന്നോടുണ്ടായ സ്നേഹം യഥാർത്ഥമോ, അതോ, വെറും മായാമോഹത്തിൽനിന്നു്

ഉൽഭൂതമായതോ എന്നറിയുന്നതിന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. തന്നിമിത്തമാണ് ഞാൻ അവൾക്ക് എഴുത്തുകൾ ഒന്നും അയക്കാതെ അവളുടെ സ്നേഹത്തെ പരീക്ഷിച്ചതു്. അവിടുന്ന് അവളെ മദ്രാസിൽവച്ചു കണ്ടതിൽപ്പിന്നീട് അയച്ച എഴുത്തിൽ നിന്നും അവളുടെ മനഃസ്ഥിതിക്ക് ഒട്ടുംതന്നെ വ്യതിയാനം സംഭവിച്ചിട്ടില്ലെന്നറിയുന്നതിനിടയായതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു."

"അതെ, ശ്രീവാസൻ, നിങ്ങളുടെ അച്ഛൻ നിങ്ങളെ പരീക്ഷിച്ചതുപോലെ നിങ്ങൾ ലീലയേയും പരീക്ഷിക്കുകയായിരുന്നു; അല്ലേ? എനിക്കും ഇതൊരു പരീക്ഷാഘട്ടം തന്നെയായിരുന്നു" എന്നു ഫാദർ ജ്യോതി മന്ദസ്മേരവദനനായിപ്പറഞ്ഞു.

"അതേ, ഇവയെല്ലാംതന്നെ വിലയേറിയ പരീക്ഷകളായിരുന്നു. ഫാദർ ജ്യോതിയും, ശ്രീവാസനും, ലീലയും ഈ വിഷമഘട്ടങ്ങളെ വിജയപൂർവ്വം തരണം ചെയ്യുവെന്നുള്ളതിൽ സന്ദേഹമില്ല." എന്ന് ആശ്രമശ്രേഷ്ഠൻ അഭിപ്രായപ്പെട്ടു.

ഫാ. ജ്യോ:— "പ്രിയ ശ്രീവാസൻ, നിങ്ങൾ ഇത്ര മഹത്തരമായ പ്രേഷിത പരിശ്രമങ്ങൾ എല്ലാം നടത്തിയിട്ടും ജ്ഞാനസ്നാനം സ്വീകരിക്കാതെ ഒരു ഹിന്ദുവായിത്തന്നെയാണ് ഇപ്പോഴും ജീവിക്കുന്നതു്; അല്ലേ?"

"അല്ലയോ ഫാദർ, എന്റെ വിനീതമായ പ്രയത്നങ്ങൾക്കു പ്രതിസമ്മാനമെന്നോണം രണ്ടു കൂദാശകൾ—ജ്ഞാനസ്നാനവും, വിവാഹവും - ഒരേ ദിവസം തന്നെ സ്വീകരിക്കുന്നതിന് അവിടുത്തെ അനുവാദം അപേക്ഷിച്ചുകൊള്ളട്ടെ" എന്നു ശ്രീവാസൻ ആശ്രമശ്രേഷ്ഠനോടായിട്ടു പറഞ്ഞു.

"അഹോ! നിങ്ങളുടെ അഭിലാഷം അസാധാരണമായ ഒന്നുതന്നെയാണ്. പ്രഭാതത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനും പ്രദോഷത്തിൽ വിവാഹിതനായിത്തീരുന്നതിനുമാണ് നിങ്ങൾ ആഗ്രഹിക്കുന്നത്; അല്ലേ? കൊള്ളാം. എന്നാൽ ലീലയെ ഈ വിവരം ധരിപ്പിക്കുന്നതു എങ്ങനെ? അവളെ വിവാഹം കഴിക്കുന്നതിനാഗ്രഹിക്കുന്ന നിങ്ങൾക്കു തന്നെ, അതിനു പര്യാപ്തമായ പോംവഴികൂടെ അറിയാമായിരിക്കുമല്ലോ" എന്ന് ആശ്രമശ്രേഷ്ഠൻ പറഞ്ഞു.

"ഫാദർ ജ്യോതിതന്നെ ലീലയുടെ പേർക്ക്, 'ഉടൻ വരുക, സന്തോഷവാർത്ത,' എന്നൊരു കമ്പിസന്ദേശം എത്രയും വേഗം അയയ്ക്കട്ടെ. ബാക്കി കാര്യങ്ങൾ ഞാൻ ചെയ്തുകൊള്ളാം. ഞാൻ ഇവിടെ വന്നിരിക്കുന്നുവെന്നുള്ളതു് അവൾ അറിഞ്ഞിട്ടില്ല. ഫാദർ ജ്യോതിതന്നെ ലീലയുടെ പിതാവിന്റെ സ്ഥാനം വഹിക്കണം. അവളെ വരിക്കുന്നതിനുള്ള അനുവാദം അദ്ദേഹത്തോടു ഞാൻ ചോദിച്ചുകൊള്ളാം" എന്ന് ശ്രീവാസൻ അഭിപ്രായപ്പെട്ടു.

എല്ലാവരും ഇതു സമ്മതിക്കുകയും ലീലയ്ക്കു് ഉടൻ തന്നെ കമ്പിസന്ദേശം അയക്കുകയും ചെയ്തു.

# XI

പിറേറദിവസം പ്രഭാതത്തിൽത്തന്നെ ശ്രീവാസ നമൊന്നിച്ചു ഫാദർ ജോത്തി ലീലയെ സ്വീകരിക്കുന്നതിനു തീവണ്ടിസ്റ്റേഷനിലേക്കു യാത്രയായി. ശ്രീവാസൻ യാത്രക്കാരുടെ മുറിയിൽ കാത്തിരിക്കയും, തീവണ്ടി വന്നെത്തിയാലുടൻ ലീലയെ സ്വീകരിക്കുന്നതിന് ഫാദർ ജോത്തി പ്ലാറവുഫോറത്തിൽ നിലകൊള്ളുകയും ചെയ്തു. സന്തോഷഭരിതയായി വണ്ടിയിൽനിന്നിറങ്ങിയ ലീലയെ ഫാദർ ജോത്തി യഥോചിതം സ്വീകരിച്ചു. കുശലപ്രശ്നങ്ങൾക്കുശേഷം അദ്ദേഹം ലീലയെ ശ്രീവാസൻ ഇരുന്ന സ്ഥലത്തേക്കു് ആനയിച്ചു. മാർഗ്ഗമദ്ധ്യേ അദ്ദേഹം പ്രസന്നവദനായി ഇപ്രകാരം പറഞ്ഞു: "ലീലേ, എന്നെക്കാൾ ഉൽക്കണ്ഠയോടുകൂടെ നിന്നെ പ്രതീക്ഷിച്ചിരിക്കുന്ന മറെറാരാൾകൂടെ ഇവിടെയുണ്ടു്"

"ഫാദർ, എന്തു സന്തോഷവാർത്തയാണു് അങ്ങേക്കു് എന്നെ അറിയിക്കുവാനുള്ളതു്? മി. ശ്രീവാസൻ എന്നെപ്പററി വല്ലതും എഴുതുകയുണ്ടായോ? എന്നെ സ്വീകരിക്കുവാൻ പാർത്തിരിക്കുന്ന ആൾ ആരാണാവോ? ലീല പറഞ്ഞവസാനിപ്പിക്കുന്നതിനു മുമ്പായിത്തന്നെ ശ്രീവാസൻ മന്ദസ്മിതത്തോടുകൂടെ അവിടെ പ്ര

ത്യക്ഷപ്പെട്ടുകയും മധുര സ്വരത്തിൽ ഇപ്രകാരം പറയുകയുംചെയ്തു. "പ്രിയ ലീലേ, ഭവതിയെ പ്രതീക്ഷിച്ച് ഇവിടെയിരിക്കുന്ന ആരം ഞാൻതന്നെയാണ്. എന്നെയല്ലാതെ മററാരേയും ഇവിടെ ഭവതി പ്രതീക്ഷിച്ചിരിക്കയില്ലെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്." ലീല സന്തോഷത്താൽ മതിമറന്നു. അവരം സ്തബ്ധചിത്തയായിത്തീർന്നു. ലജ്ജയാൽ നമ്രമുഖിയായി ഫാദർ ജോത്തിയുടെ 'മറവുപററി' നിന്നുകൊണ്ടു മൃദുസ്വരത്തിൽ ഇപ്രകാരം പറഞ്ഞു: അയി!! അദ്ദേഹം കേരംക്കെ എൻെറ അന്തർഗതങ്ങരം ഞാൻ അറിയാതെ പ്രകാശിപ്പിച്ചുപോയല്ലോ. അദ്ദേഹം എന്നെക്കുറിച്ച് എന്തു വിചാരിക്കുമോ?"

"ഭവതിയെക്കുറിച്ചു ഞാൻ എന്തു വിചാരിക്കുമെന്നോ? തമ്മിൽ കാണുന്നതിനിടയായതിനാൽ, കരുണാനിധിയായ ജഗദീശ്വരൻ തൻെറ വിശിഷ്ടാനുഗ്രഹങ്ങരം എൻെറമേൽ ധാരാളമായി വർഷിച്ചുവെന്നു ഞാൻ കരുതുന്നു. ഭവതിയുടെ ഹൃദയം നിഷ്കളങ്കമായും സ്ഥിരമായും സ്ഥിതിചെയ്തിരുന്നുവെന്നു നേരിട്ടു തന്നെ ഗ്രഹിക്കുവാൻ സാധിച്ചതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്. ഭവതിയുടെ അച്ഛൻെറ സ്ഥാനം വഹിക്കുന്നതിനു ഫാദർ ജോത്തിയോടു ഞാൻ അഭ്യർത്ഥിക്കുകയും നമ്മുടെ വിവാഹം സംബന്ധിച്ചുള്ള അനുമതി തരുന്നതിന് അദ്ദേഹത്തോടു ഞാൻ അപേക്ഷിക്കുകയും ചെയ്യുന്നു."

ഫാ. ജോ:– "ലീലേ, എന്തു മറുപടിയാണ് ഞാൻ ശ്രീവാസനു നല്കേണ്ടത്."

ലീല:– "ഫാദർ, അവിടുന്നുതന്നെ അദ്ദേഹത്തോടു മറുപടി പറഞ്ഞാൽമതി."

ഫാ. ജോ:– "സമ്മതമാണെന്നോ അല്ലെന്നോ?"

നീരസഭാവത്തിൽ ലീല ഇങ്ങനെ പറഞ്ഞു: "ഇപ്പോഠം എന്താ ഇത്ര തിടുക്കം. എഴുത്തുകഠം കൂടെക്കൂടെ അയയ്ക്കാമെന്നു വാഗ്ദാനം ചെയ്തതിന്റെ ശേഷം ഒരു വാചകംപോലും, അനാഥയായ എന്റെ പേർക്ക് എഴുതി അയയ്ക്കുവാൻ തുനിയാതിരിക്കത്തക്കവണ്ണം അത്ര നിഷ്കരുണമായിട്ടാണ് ഈ മാന്യൻ വർത്തിച്ചിട്ടുള്ളതു്."

ഫാ. ജോ:– "ലീലേ, നിന്റെ കാര്യത്തെ സംബന്ധിച്ച് ഞാൻ അദ്ദേഹത്തോടു പ്രത്യേകം ചോദിച്ചു. നിന്റെ നേരെ അദ്ദേഹം അവലംബിച്ച മൗനത്തിന്റെ കാരണം പ്രശംസാർഹം തന്നെയാണ്. തന്റെ അസാന്നിദ്ധ്യവും മൗനവും വഴിയായി, തന്നെയോ മററാരെയെങ്കിലുമോ നിന്റെ വരനായി തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നിനക്കു് അനുവദിക്കുകയാണ് അദ്ദേഹം ചെയ്തതു്. അതേ, നിന്നെ ഒന്നു പരീക്ഷിക്കുകയും, അദ്ദേഹത്തെക്കുറിച്ച് അനുകൂലമായോ പ്രതികൂലമായോ ഉള്ള ഒരു മന:സ്ഥിതി നിന്നിൽ ഉൽഭൂതമാക്കുന്നതിനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം നിനക്കു നല്കുകയും ചെയ്തു."

ലീല:– "എന്നെ ഇതിൽ കൂടുതലായി ഇദ്ദേഹം അറിയേണ്ടതായിരുന്നു എന്നു മാത്രമേ എനിക്കു് ഇപ്പോഠം പറയുവാനുള്ളു."

ഫാ. ജോ:– "ആകയാൽ, ഈ വാക്കുകഠം സമ്മതലക്ഷ്യങ്ങളായി ഞാൻ വിശ്വസിക്കട്ടെയോ?"

ലീല:– "ഇതുവരെ അദ്ദേഹം കത്തോലിക്കാമതം സ്വീകരിച്ചിട്ടില്ലാത്ത സ്ഥിതിക്ക് എങ്ങനെയാണു ഞാൻ സമ്മതം നല്കുക?" ഇതു കേട്ട് ഫാദർ ജ്യോത്തിയും ശ്രീവാസനും ചിരിച്ചുപോയി.

ഫാ. ജ്യോ:– "എന്റെ സ്നേഹഭാജനങ്ങളേ, വരുവിൻ. നമുക്കു പോകാം. വഴിക്കു നമുക്ക് ലീലയെ കന്യകാശ്രമത്തിലെ ശ്രേഷ്ഠയുടെ സംരക്ഷണത്തിൽ ഏല്പിക്കണം, മററു കാര്യങ്ങൾ പിന്നീടു നിർവ്വഹിക്കാം." തദനന്തരം എല്ലാവരുംകൂടെ സ്റ്റേഷനിൽനിന്നു യാത്രയായി.

അടുത്ത ദിവസം പ്രഭാതത്തിൽ ഫാദർ ജ്യോത്തി ശ്രീവാസനു ജ്ഞാനസ്നാനം നല്കി. അന്നുതന്നെ സായാഹ്നത്തിൽ സൗന്ദര്യലീലയും ശ്രീവാസനും തമ്മിലുള്ള വിവാഹവും നടന്നു.

# XII

"ശ്രീവാസൻ, ഇന്നു നടത്തുവാനിരിക്കുന്ന സമ്മാനദാനയോഗത്തിൽ നിങ്ങളാണല്ലോ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതു്. തദവസരത്തിൽ വിശേഷാൽ എന്തെങ്കിലും പറയുന്നതിനു നിങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ?" എന്നുള്ള ഫാദർ ജോത്തിയുടെ ചോദ്യത്തിനു് ശ്രീവാസൻ ഇപ്രകാരം മറുപടി പറഞ്ഞു: "അകത്തോലിക്കാവിദ്യാർത്ഥികൾക്കു നിർബന്ധപൂർവ്വകമായ മതപഠനം നല്കേണ്ടതിനെപ്പററി ഞാൻ വല്ലതും പ്രസ്താവിച്ചേക്കുമെന്നു് അങ്ങേയ്ക്കു ഭയമുണ്ടു്; അല്ലേ? അങ്ങയുടേയും അങ്ങയുടെ മേലധികാരികളുടേയും ശ്രദ്ധയ്ക്കു മറെറാരു കാര്യം കൂടെ വിഷയീഭവിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നുണ്ടു്. എല്ലാ കത്തോലിക്കാവിദ്യാലയങ്ങളിലും, അകത്തോലിക്കാ വിദ്യാർത്ഥികൾക്കു മതപഠനം നിർബന്ധവിഷയമാക്കുകയെന്നുള്ളതു് എത്രയും പ്രാധാന്യമേറിയതും അത്യന്താപേക്ഷിതവുമാകയാൽ, ഭാരതത്തിലെ മററു കത്തോലിക്കാ സ്കൂളുകളിലും കോളേജുകളിലും ഇപ്രകാരമുള്ള ഒരു പരിഷ്കാരം നടപ്പിൽ വരുത്തുന്നതിനു് നിങ്ങൾ പരിശ്രമിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പ്രസ്തുതാഭിപ്രായത്തോടു ഹൃദയംഗമമായി യോജിക്കുന്നതിനു് ഒരു വലിയഭൂരിപക്ഷം ഉണ്ടാകുമെന്നു് എനിക്കു നല്ല വിശ്വാസമുണ്ടു്."

"എൻെറ ശ്രീവാസാ, നിങ്ങളുടെ അഭിപ്രായത്തെ പ്രതിരോധിക്കുവാൻ ആർക്കും സാധിക്കുകയില്ല. എന്നാൽ, കത്തോലിക്കാ സ്കൂളുകളിലും കോളേജു

കളിലും വരുത്തേണ്ടതായ ഈ പരിഷ്കാരം സംബന്ധിച്ചു നിങ്ങൾക്കുള്ള അഭിപ്രായം അദ്ധ്യക്ഷസ്ഥാനത്തു നിന്നു പ്രസ്താവിക്കേണ്ട ആവശ്യമില്ല. ഞങ്ങളുടെ 'സുപ്പീരിയർ' ഈ വിഷയത്തെക്കുറിച്ചു ആലോചിച്ചു വരുകയാണ്. ഇന്നു വായിക്കുവാനിരിക്കുന്ന റിപ്പോർട്ടിലും ഇതിനെക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ട്. മററു പല വിദ്യാലയങ്ങളും ഈ കോളേജിനെ മാതൃകാപരമായ ഒന്നായി ഗണിച്ചിട്ടുള്ളതായി എനിക്കറിയാം. ചിരപ്രതീക്ഷിതവും മഹത്തരവുമായ ഇക്കാര്യത്തിൽ ഇതരന്മാർക്ക് അനുകരണയോഗ്യമാംവണ്ണം മാർഗ്ഗനിർദ്ദേശം നല്കുന്നതിനു നമുക്ക് ഉത്സാഹിക്കാം." ഇപ്രകാരം ഫാദർ ജോത്തി പറഞ്ഞവസാനിപ്പിച്ചതോടെ ശ്രീവാസൻ തീക്ഷ്ണതാപൂർവ്വം തുടർന്നു പറഞ്ഞു: "ഏവംവിധം നമുക്ക് ഈ വിദ്യാലയത്തെ പൂർണ്ണമായി—ആഭ്യന്തരമായും ബാഹ്യമായും—ഒരു കത്തോലിക്കാ സ്ഥാപനമാക്കിത്തീർക്കാം. താമസിച്ചായിരുന്നാലും ഒരു കാര്യം പ്രവൃത്തിരൂപത്തിൽ വരുത്തുന്നതു്, ഒരിക്കലും ചെയ്യാതെ ഉപേക്ഷിക്കുന്നതിനെക്കാൾ നല്ലതാണല്ലോ".

ശുഭമസ്തു.

DC Library
*00070759*
T62 K96

"Sacred Heart's League"
Mangalapuzha Seminary Alwaye

T62
K96

ശ്രീവാസൻെറ

# വേദാന്തവിഹാരം

T 62
K. 96

ഫാദർ ല്യൂക്ക് കുന്നത്ത്.

Indic Digital Archive Foundation
gpura.org